# അവർക്ക്
# ഭക്ഷിപ്പാൻ കൊടുപ്പിൻ

പ്രൊഫ. എം. വൈ. യോഹന്നാൻ

Publisher :

ഫീലിയോ ബുക്ക്സ്, കോലഞ്ചേരി - 682 311

# അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ

**പ്രൊഫ. എം. വൈ. യോഹന്നാൻ**
*മുൻ പ്രിൻസിപ്പൽ,*
**സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

❖

മേച്ചങ്കര, കടയിരുപ്പ് പി.ഒ.
കോലഞ്ചേരി –682 311, കേരളം
ഫോൺ (0484) 2689489, 2689889
**E-mail: prof_yohannan@hotmail.com**
**Website: www.crfgospel.org**

❖

**Publisher :**
**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 682 311.**

❖

COVER DESIGN
SWAMINATHAN, COMPUTER PARK

❖

LAYOUT & PRINTING
MERIN GRAPHICS
EDAPPALLY, KOCHI.

# അവതാരിക

അന്ധകാരത്തിന്റെ ശക്തികൾ ആധിപത്യം സ്ഥാപിക്കുവാൻ വെമ്പൽ കൊണ്ട്, അലറിപ്പാഞ്ഞു നടക്കുമ്പോൾ, ഈ അന്ത്യകാല ശുശ്രൂഷയുടെ നാളുകളിൽ (Anti Christ) അന്തി ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കു മുമ്പായി കൃപയുടെ വാതിൽ അടയും മുമ്പ് ജാതി മത ഭേദമെന്യെ സകലരുടേയും മനസ്സും ഹൃദയവും കാൽവറിത്ത റവാട്ടിലേക്കു അടുപ്പിക്കുവാൻ എത്രയും ബഹുമാനപ്പെട്ട യോഹന്നാൻ സാർ അഹോരാത്രം ചെയ്യുന്ന പരിശ്രമങ്ങളിൽ ഒന്നു മാത്രമാണ് അദ്ദേഹം രചിച്ച പുസ്തകങ്ങൾ.

അവയിൽ മുപ്പത്തി ആറാമത്തെ ഗ്രന്ഥമാണ് "അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ". ഇതിൽ അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ച സംഭവത്തിന്റെ ധ്യാനാത്മകപഠനമാണ് ഒന്നാം ഭാഗം. രണ്ടാം ഭാഗം, ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്തിനു ശേഷം പരിശുദ്ധാത്മാവ് നിബിയന്മാരിൽ കൂടെയും ശ്ലീഹന്മാരിൽ കൂടെയും സംസാരിച്ച് ജനലക്ഷങ്ങൾക്ക് ഭക്ഷിപ്പാൻ കൊടുക്കുന്ന ആത്മാവിന്റെ ഭക്ഷണമാകുന്ന പരിശുദ്ധപിതാക്കന്മാരുടെ വിശ്വാസമാണ് വിഷയമാക്കിയിരിക്കുന്നത്.

താൻ പ്രസംഗിക്കുന്ന കാര്യങ്ങൾ തന്റെ ജീവിതത്തിൽ തന്നെ പ്രാവർത്തികമാക്കി ആത്യന്തികമായ വിശുദ്ധിയും ക്രൈസ്തവ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ബഹുമാനപ്പെട്ട സാറിന്റെ പ്രസംഗങ്ങളും പുസ്തകങ്ങളും എത്രയോ നിരാശയിലാണ്ട മനസ്സുകൾക്കു പുതുജീവൻ നൽകി!

സഭ മാറാതെ, സഭ മാറ്റാതെ ക്രിസ്തു കേന്ദ്രമായുള്ള, അദ്ദേഹത്തിന്റെ ദൂതുകൾ നമ്മുടെ വിശ്വാസത്തെ പുതിയ ഒരു കാഴ്ചപ്പാടിലൂടെ ഊട്ടി ഉറപ്പിക്കുവാൻ സഹായിക്കുന്നു.

ഓർത്തഡോക്സ് സഭയിലെ ഒരംഗമായ ഞാൻ ബഹു: സാറിന്റെ നേതൃത്വത്തിലുള്ള കൂട്ടായ്മയുമായി ബന്ധത്തിൽ വന്നതുമുതൽ എന്റെ സഭയുടെ സ്വർഗ്ഗീയ ആരാധനയുടെ മഹത്വം ശരിയായി മനസ്സിലാക്കി. നാം ശ്രദ്ധിക്കാതെ ഉരുവിടുന്ന കീർത്തനങ്ങൾ നമ്മുടെ പിതാക്കന്മാർ എത്ര തീക്ഷ്ണതയോടെ പരിശുദ്ധാത്മനിറവിൽ കുറിച്ചിട്ടതാണെന്ന് സാറിന്റെ പ്രസംഗങ്ങളാണ് മനസ്സിലാക്കിത്തന്നത്. അങ്ങനെ സഭയോടുള്ള സ്നേഹം ഉറപ്പിക്കുവാനും, ശരിയായ വിധത്തിൽ ആരാധനയിലും കൂദാശകളിലും പങ്കെടുക്കുവാനും എനിക്കു കഴിയുന്നു.

എന്റെ ജോലി എനിക്കായി ദൈവം തന്നതാണെന്നും അത് എന്റെ കഴിവല്ല എന്നും ദൈവത്തിന്റെ കൃപയാണെന്നും എനിക്ക് മനസ്സിലായതും സാറിന്റെ പ്രസംഗത്തിലൂടെയാണ്. ഡോക്ടറെപ്പോലെ തന്നെ മറ്റെല്ലാ ജോലികളും ദൈവം തമ്പുരാൻ കൊടുക്കുന്നതാണെന്നും ആരും ആരെക്കാളും വലിയവനോ ചെറിയവനോ അല്ലെന്നും മറ്റുള്ളവരെയെല്ലാം തന്നേക്കാൾ ശ്രേഷ്ഠരായി കണക്കാക്കണമെന്നും എനിക്ക് ബോദ്ധ്യമായി.

ഏതു സ്ഥലത്തായാലും യേശുക്രിസ്തുവിന്റെ അംബാസഡർമാരായി ജീവിക്കണമെന്ന ഉപദേശം സാറിന്റെ മുഖത്തു നിന്ന് കേട്ടത് എപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട സാറിന്റെ വീട്ടിൽ നടക്കുന്ന മീറ്റിംഗുകളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകുന്ന സംതൃപ്തിയും സമാധാനവും അവാച്യമായ ഒരനുഭൂതി തന്നെയാണ്.

"ഞങ്ങളോ കൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്ന ഏറ്റവും ലളിതവും ഗാഢവുമായ മന്ത്രം ആലേഖനം ചെയ്ത ഹാളിൽ പരിപൂർണ്ണ നിശ്ശബ്ദതയിൽ, പരിശുദ്ധാത്മ നിറവിൽ ദൈവ

ദാസന്മാർ തരുന്ന വചനശുശ്രൂഷകൾ, ഹൃദയത്തിന്റെ ഉള്ളിലേക്കു ചൂഴ്ന്നിറങ്ങി നമ്മുടെ സ്ഥാനം എത്ര അഗാധമായ പാപച്ചെളിയിൽ ആണെന്ന ബോധം തരുന്നു എന്നു മാത്രമല്ല, ഉയർന്ന ആത്മീയ നിലവാരം പുലർത്തണമല്ലൊ എന്ന ആശയും തരുന്നു.

രക്ഷകനായ യേശുവിന്റെ തിരുവിലാവിലെ തങ്കച്ചോരയുടെ രക്ഷാകരമായ വീണ്ടെടുപ്പിന്റെ മാസ്മരശക്തിയെ നമുക്കു മനസ്സിലാകുന്ന ഭാഷയിൽ അവിടെ വിളമ്പിക്കിട്ടുന്നു. വളരെ ലളിതവും സുന്ദരവുമായ ഭാഷയിൽ ആർക്കും മനസ്സിലാകുന്ന വിധത്തിലുള്ള പ്രസംഗങ്ങളുടെ സവിശേഷതകളെല്ലാം സാറിന്റെ എല്ലാ പുസ്തകങ്ങളിലും തെളിഞ്ഞു കാണാം.

“ഞങ്ങളുടെ ഏക ഉദ്ദേശം എല്ലാവരെയും യേശുവിങ്കലേക്ക് ആനയിക്കുക, എല്ലാവരും ക്രിസ്തു തരുന്ന രക്ഷ അനുഭവിക്കുക, നാഥന്റെ രണ്ടാമത്തെ വരവിൽ കാഹളനാദം കേൾക്കുമ്പോൾ പറന്നുയരാൻ ഒരുക്കുക” എന്നെല്ലാം ബഹു: സാർ പറയുമ്പോൾ അത് കേൾക്കുന്നവർക്കും വായിക്കുന്നവർക്കും വലിയ അനുഭവങ്ങൾ ലഭിക്കുന്നു.

സ്കൂൾ , കോളേജ്, സ്ഥാപനങ്ങൾ, മതപരിവർത്തനം, സഭാമാറ്റം, പണസമാഹരണം ഇവയൊന്നും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ അജണ്ടയിൽ ഇല്ല എന്നു പറയുന്നത് പ്രവൃത്തിയിൽ കാണുമ്പോൾ അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടേയും മഹത്തരമായ ജീവിതോദ്ദേശ്യം മനസ്സിലാക്കുന്നു. ആ ശ്രേഷ്ഠമായ ആശയമാണ് സാറിന്റെ ഗ്രന്ഥങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്നത്.

ഓരോ വചനശുശ്രൂഷയും , ഓരോ പുസ്തകങ്ങളും നമ്മുടെ ഹൃദയത്തിൽ ഒരിക്കലും മായാത്ത അടയാളം കോരിയിടും എന്നതു സത്യമാണ്, എന്റെ സജീവാനുഭവമാണ്.

അതുകൊണ്ടാണ് നൂറിൽപ്പരം കിലോമീറ്റർ യാത്ര ചെയ്ത് എന്നെപ്പോലെയുള്ളവർ, അനേകർ എല്ലാ തിരക്കുകൾക്കിടയിലും കോലഞ്ചേരിയിൽ സാറിന്റെ യോഗങ്ങളിലേക്ക് വരുന്നതും സാറിന്റെ പുസ്തകങ്ങൾ ആർത്തിയോടെ വായിക്കുന്നതും വിതരണം ചെയ്യുന്നതും.

എന്റെ കുട്ടികൾക്കു ചെറുപ്പത്തിലെ ഈ കൂട്ടായ്മയുമായി ബന്ധപ്പെട്ടതുമൂലമാണ് അവർ ജോലി ചെയ്യുന്നിടത്തും, പഠിക്കുന്നിടത്തും യേശുവിന്റെ നാമം ഉയർത്തിപ്പിടിക്കാൻ അവരാലാവതു ചെയ്യാൻ സാധിക്കുന്നത്.

അതുപോലെ ഈ വിശുദ്ധകൂട്ടായ്മയിൽ സംബന്ധിക്കുമ്പോൾ നാമൊന്നും വിശുദ്ധിയുടെ അഞ്ച് അയൽപക്കത്തെത്താൻ യോഗ്യരല്ല എന്നു മനസ്സിലാകും. അതോടൊപ്പം വിശുദ്ധി നമുക്കു അപ്രാപ്യമല്ല എന്നും, നമ്മുടെ രക്ഷകൻ നമുക്കുവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നുണ്ട് എന്നും മനസ്സിലാകുകയും ചെയ്യുന്നു. നാഥന്റെ അടുത്തു എത്തുവാൻ വേണ്ടുന്ന സത്യവചനം, നമ്മെ മാടിവിളിക്കുന്ന സ്നേഹത്തിന്റെ ആഹ്വാനമാണ് ഈ ഗ്രന്ഥത്തിന്റെ ഓരോ താളിലും.

ഒരു യോഗ്യതയും ഇല്ലാത്തവനും ദൈവവേലയുടെ കാര്യത്തിൽ ഒന്നുമില്ലാത്തവനുമായ എന്നെ സാർ ഈ പുസ്തകത്തിന്റെ അവതാരിക എഴുതുവാൻ ആവശ്യപ്പെട്ടതു വഴി എന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്നേ പറയാനുള്ളു. കൂടുതലായി എന്നെ ക്രിസ്തുവിലേക്കു അടുപ്പിക്കുവാൻ ഇതു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ പുസ്തകത്തിൽ രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരത്തിലേറെ ആളുകൾക്ക് സമൃദ്ധിയായ ആഹാരം കൊടുത്ത സംഭവത്തിന്റെ ധ്യാനാത്മക പഠനം. രണ്ട്, പൂർവ്വിക പുണ്യപിതാക്കന്മാരുടെ പാരമ്പര്യവും വിശ്വാസവും എന്തായിരുന്നു എന്നതിനെക്കുറിച്ചുള്ള ആധികാരികപഠനം.

നമ്മുടെ ജീവിതസമർപ്പണം യേശുക്രിസ്തു ഏറ്റുവാങ്ങുന്നതും അത് അനേകർക്ക് പ്രയോജനപ്രദമാക്കുന്നതും വിവരിക്കുന്ന ആദ്യ ഭാഗം നമ്മുടെ ആത്മീയ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാനും പുതിയ പ്രതിഷ്ഠകളും സമർപ്പണങ്ങളും എടുക്കുവാനും നമ്മെ സഹായിക്കുന്നതാണ്. ഫലപ്രദമായ ക്രിസ്തീയ ജീവിതം നയിപ്പാൻ എന്തു ചെയ്യണമെന്ന് ഊന്നിപ്പറയുന്ന ആദ്യഭാഗം വളരെ ഹൃദയ സ്പർശകമായ രീതിയിൽ സാർ വിവരിച്ചിരിക്കുന്നു.

പിതാക്കന്മാരുടെ പാരമ്പര്യത്തിലും പൂർവ്വിക വിശ്വാസത്തിലും അഭിമാനം കൊള്ളുന്ന അനേകരുണ്ട്. എന്നാൽ പിതാക്കന്മാരുടെ വിശ്വാസത്തിന്റെ സത്ത് ജീവിതവിശുദ്ധിയാണെന്നും ആ വിശ്വാ സത്തിന്റെ പാരമ്പര്യമാണ് പൂർവ്വികപിതാക്കന്മാർ തലമുറകൾക്ക് കൈമാറിത്തന്നിരിക്കുന്നതെന്നും അനേകം പരിശുദ്ധ പിതാക്കന്മാ രുടെ ഉദ്ധരണികളുടെ പിൻബലത്തിൽ ആധികാരികമായി സ്ഥാപി ക്കുന്ന രണ്ടാം ഭാഗം നൂതനമായ ഒരു വീക്ഷണഗതി വായനക്കാർക്ക് നൽകുമെന്നുള്ളതിന് സംശയമില്ല. നവീകരണമല്ല, പൂർവ്വീകരണ മാണ് ഇന്നത്തെ ആവശ്യം എന്ന സാറിന്റെ ആശയം ആത്മീയ പ്രവർത്തകരുടെയിടയിൽ ഒരു ചലനം ഉണ്ടാക്കുമെന്നാണ് എന്റെ പ്രതീക്ഷ.

യോഹന്നാൻ സാറിന്റെ തൂലികയിൽ നിന്ന് ഇനിയും അനേക ഗ്രന്ഥങ്ങൾ ക്രൈസ്തവകൈരളിയ്ക്ക് ലഭിക്കട്ടെ എന്ന ആത്മാർത്ഥ മായ ആശംസയോടു കൂടി “അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ” എന്ന ഈ പുസ്തകം ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊ ള്ളുന്നു.

25.04.2006

**ഡോ. എബ്രഹാം പി. സാം**
ഓർത്തോപ്പീഡിക് സർജൻ
പൊയ്യാനിൽ ഹോസ്പിറ്റൽ
കോഴഞ്ചേരി

# ആമുഖം

ആർഷഭാരതത്തിലെ  പുരാതനാചാര്യന്മാർ വേദോപനിഷത്തുക്കളിൽ നൽകിയ മഹത്തായ ആശയമാണ് ആത്മാവിന്റെ അമർത്ത്യത. ശരീരത്തിൽ നിന്ന് ആത്മാവ് തിരോധാനം ചെയ്യുന്നതാണ്  മരണം. മരണത്തിനുശേഷവും ആത്മാവ് ജീവിക്കുന്നു. അതാണ് പാരത്രിക ജീവിതം അഥവാ പരലോകവാസം.  'ജനനവും മരണവും' എന്ന ഗ്രന്ഥത്തിൽ ഡോ. എം.പി. പരമേശ്വരൻ പറയുന്നു: "ആത്മാവാണ് ശരീരത്തിന് ജീവൻ കൊടുക്കുന്നത്; ഇന്ദ്രിയങ്ങൾക്ക് ഗ്രഹണശക്തി, അവയവങ്ങൾക്ക് ചലനാത്മകത, ഹൃദയത്തിനു വികാരം, മസ്തിഷ്ക്കത്തിന് ബുദ്ധിശക്തി. ആത്മാവിന്റെ തിരോധാനത്തോടെ ഇവയുടെ ശക്തിയും നശിക്കുന്നു. മരണം സംഭവിക്കുന്നു."

ആത്മാവ് നിത്യതയിൽ സ്വർഗ്ഗരാജ്യത്തിലെത്തണമോ  നരകദുരിതത്തിലെത്തണമോ എന്ന് നിർണ്ണയിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഓരോരുത്തർക്കുമാണ്. അതിനുള്ള അവസരമോ ശരീരം ജീവിക്കുന്ന കാലം മാത്രം. ജീവൻ നിലനിർത്താൻ ഭക്ഷണം വേണം. ശരീരത്തിന് ഉടുതുണി വേണം, കിടപ്പാടം വേണം. ഊണരിക്കും ഉടുതുണിക്കും കിടപ്പാടത്തിനും മാർഗ്ഗം തേടണം. അതാണ് ജീവിതായോധനം. ശരീരത്തിന്റെ പരിമിതാവശ്യങ്ങൾ നിറവേറ്റാനുള്ള സാദ്ധ്യതകൾ തേടുന്നതാണ് വിദ്യാഭ്യാസം, കൃഷി, ഉദ്യോഗം, ബിസിനസ്, വിവാഹം, കുടുംബജീവിതം, രോഗം വരുമ്പോൾ ചികിത്സ എന്നിവയെല്ലാം. ആത്യന്തികലക്ഷ്യം ഒന്നു മാത്രം. ശരീരം വിട്ട്, മരണം വഴിയായി നിത്യതയിലേക്ക് കടന്നു ചെല്ലുമ്പോൾ നരകയാ

തന ഒഴിവാകണം, സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കണം. അതുകൊണ്ടാണ് "ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിപ്പിൻ" എന്ന് സെന്റ് പോൾ പറഞ്ഞത്. (1 തിമൊഥെയൊസ്. 6:8.)

നമുക്ക് നിത്യസ്വർഗ്ഗം നൽകാനാണ് ഒരിടത്തും ഒതുങ്ങാത്ത നിത്യനായ ദൈവം ബി.സിയ്ക്കും എ.ഡി.യ്ക്കും മദ്ധ്യത്തിൽ ഒതുങ്ങി, കന്യകയുടെ ഗർഭത്തിൽ ഒതുങ്ങി, യഹൂദ്യാനാട്ടിൽ ഒതുങ്ങി തിരുവവതാരം ചെയ്തത്. ഇരുന്നൂറ് നാഴികയ്ക്കുള്ളിലൊതുങ്ങി, മുപ്പത്തിമൂന്നരവർഷത്തിനുള്ളിലൊതുങ്ങി, ഗോഗുൽത്താക്കുരിശിൽ ഒതുങ്ങി, രണ്ടു കൊലയാളികളുടെ നടുവിൽ ഒതുങ്ങി മരിച്ച്, അരിമത്ഥ്യക്കാരൻ യൗസേപ്പിന്റെ കല്ലറയിലൊതുങ്ങിക്കിടന്നത്.

എന്നാൽ ക്രിസ്തു മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റ് തന്നിൽ വിശ്വസിച്ച് ക്രിസ്തു ജീവിച്ചതുപോലെ സ്നേഹത്തിലും വിശുദ്ധിയിലും മാത്രമൂന്നിയ ജീവിതം നയിക്കുന്നയാതൊരാൾക്കും നരകമൊഴിവാക്കി സ്വർഗ്ഗത്തിലെത്താം എന്ന വാഗ്ദത്തം നൽകി സ്വർഗ്ഗാരോഹണം ചെയ്തു.

ഭൂമിയിൽ ജീവിക്കുന്ന കാലത്ത് മനുഷ്യന് ആവശ്യമായതെല്ലാം ക്രിസ്തുവിന്റെ പരിഗണനാവിഷയമായതുകൊണ്ടാണ് അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങൾക്ക് ആഹാരം കൊടുത്ത് ക്രിസ്തു അത്ഭുതം പ്രവർത്തിച്ചത്. രോഗികളെ സൗഖ്യമാക്കിയതും അവശരും അശരണരും ഒറ്റപ്പെട്ടവരുമായവരെ താങ്ങിയതും അതുകൊണ്ടു തന്നെയാണ്.

ആ നിതാന്തമോഹനവും നിത്യപരിശുദ്ധവുമായ ലാക്കിലേക്ക് നടന്നടുക്കാൻ യത്നിച്ച മഹാനുഭവന്മാരാണ് പുരാതന പിതാക്കന്മാർ. നിത്യജീവനെ ലക്ഷ്യമാക്കിയുള്ള അവരുടെ പ്രയാണത്തിന്റെ ശക്തിസ്രോതസ്സാണ് അവരുടെ വിശ്വാസം. അതാണ് പിതാക്കന്മാരുടെ വിശ്വാസത്തിന്റെ സനാതന ലക്ഷ്യം.

ഭൗതികമായ ജീവിതത്തിന്റെ ക്ഷേമൈശ്വര്യങ്ങളും നിത്യജീവനെ ലാക്കാക്കിയുള്ള ജീവിതത്തിന്റെ ധന്യശക്തിയായ പൈതൃകവിശ്വാസവും കൈമുതലാക്കാനുള്ള എളിയ ആഹ്വാനമാണ് ഈ ഗ്രന്ഥ

ത്തിന്റെ ഉള്ളടക്കം.

ഈ യത്നത്തിന് കൈത്താങ്ങൽ തന്ന അനേകം സഹോദരങ്ങ ളുണ്ട്. അവരെയെല്ലാവരേയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കു ന്നു.

വളരെ ശ്രദ്ധേയവും വിജ്ഞേയവുമായ ഒരവതാരിക എഴുതി ത്തന്ന ഡോ. എബ്രഹാം. പി. സാമിനോടുള്ള (ഓർത്തോപീഡിക് സർജൻ, പൊയ്യാനിയിൽ ഹോസ്പിറ്റൽ, കോഴഞ്ചേരി) എന്റെ ആദ രവും കൃതജ്ഞതയും ഞാൻ പ്രത്യേകം പ്രകാശിപ്പിച്ചുകൊള്ളുന്നു. 1982 ൽ ഒരു സ്കൂട്ടർ അപകടത്തിൽ അസ്ഥിക്ക് പരിക്കുപറ്റി ഞാൻ കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഒന്നരമാസം കിട ന്നപ്പോൾ എന്റെ കാലിൽ ഒരു സർജറി നടത്തുകയും എന്നെ ചികി ത്സിക്കുകയും ചെയ്ത പ്രസിദ്ധ ഓർത്തോപീഡിക് സർജനായ ഡോ. സാമിനോടു വർഷങ്ങളായുള്ള കടപ്പാടും ആദരവും എനിക്കുണ്ട്. അദ്ദേഹത്തിന്റെ ഭക്തിസംവർദ്ധകമായ ആസ്വാദനത്തിന്റെ നിദർശ നമായ അവതാരികയുടെ മുന്നിൽ ഞാൻ എളിമയോടെ തലകുനി ക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പാരായണം മൂലം പൗരസ്ത്യ സഭാ പിതാക്ക ന്മാർ ഊട്ടി ഉറപ്പിച്ച വിശ്വാസത്തിന്റെ ആഴവും പരപ്പും ദാർഢ്യവും പുത്തൻ തലമുറയ്ക്ക് പരിചയപ്പെടുകയും തദ്വാരാ ഏവരും ക്രിസ്തു വിന്റെ സുവിശേഷം കൈക്കൊണ്ട് ക്രിസ്തുവിന്റെ നിത്യശോഭന രാജ്യത്തിലെത്തുവാൻ ഇടയാവുകയും ചെയ്യട്ടെ എന്ന് ഞാനാശി ക്കുകയും ആശംസിക്കുകയും ചെയ്യുകയാണ്.

സഭാ സമുദായ ഭേദം കൂടാതെ സാർവ്വപ്രാപഞ്ചികവും ഏകവും വിശുദ്ധവും പൈതൃകപാരമ്പര്യത്തികവാർന്നതുമായ ക്രിസ്ത്വാനു കരണ മഹിമ ഏവർക്കും സംലബ്ധമാകട്ടെ എന്ന പ്രാർത്ഥനയോടെ ഞാനീ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെയെല്ലാം വിനീത വിധേയൻ
**എം.വൈ. യോഹന്നാൻ**

# ഭാഗം : ഒന്ന്

# ഭൗതികാവശ്യങ്ങൾ

## ഒന്ന്

"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു."

യോഹ. 20:31

കർത്താവായ യേശുക്രിസ്തു മനുഷ്യജാതിയുടെ രക്ഷകനാണ്. കർത്താവായ യേശുക്രിസ്തു നിത്യനായ ദൈവപുത്രനാണ്. കർത്താവായ യേശുക്രിസ്തു മനുഷ്യനു വീണ്ടെടുപ്പു നൽകുവാൻ സ്വർഗ്ഗം വിട്ട് ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവത്തിന്റെ അരുമ കുമാരനാണ്! കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങളെ വഹിച്ച് ക്രൂശിൽ മരിച്ച രക്ഷകനാണ്. കർത്താവായ യേശുക്രിസ്തു നമ്മെ പാപത്തിന്റെ ചെളിക്കയത്തിൽ നിന്ന് കോരിയെടുത്ത സ്വർഗ്ഗീയ സ്വരൂപമത്രേ!

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷാവേളയിൽ അനേകമനേകം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. യേശുക്രിസ്തു ചെയ്തതായ ഒരത്ഭുതം നാലു സുവിശേഷങ്ങളിലും ഒരുപോലെ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള ആ അത്ഭുതം, അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തിലേറെ ആളുകൾക്ക് ഭക്ഷണം കൊടുത്തു എന്നുള്ളതാണ്.

അടയാളങ്ങൾ ഓരോന്നും യേശുക്രിസ്തു കാണിക്കുന്നത് താൻ ദൈവപുത്രനാണ് എന്നു മനുഷ്യർക്ക് വിശ്വാസം വരുവാനും, ദൈവപുത്രനിൽ വിശ്വസിച്ച് മനുഷ്യൻ നിത്യജീവൻ പ്രാപിക്കുവാനും ആണ്. ഓരോ അത്ഭുതവും, ഓരോ അടയാളവും യേശുക്രിസ്തു നിർവ്വഹിക്കുന്നതിന്റെ പരമമായ ലക്ഷ്യം, യേശു ദൈവപുത്രനെന്ന് വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നമുക്ക് ജീവൻ ഉണ്ടാകേണ്ടതിനാണ്.

> “ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു.”
>
> യോഹ. 20: 30–31

യേശുക്രിസ്തു ചെയ്തതായ ഈ മഹാത്ഭുതം അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരക്കണക്കിനു ആളുകൾക്ക് നിറയെ ഭക്ഷണം നൽകി എന്നതാണ്.

ഈ അത്ഭുതത്തെപ്പറ്റി മത്തായിയുടെ സുവിശേഷത്തിൽ, പതിനാലാം അദ്ധ്യായം പതിനാറുമുതൽ ഇരുപത്തിഒന്നുവരെ വാക്യങ്ങളിലും, മർക്കോസിന്റെ സുവിശേഷം ആറാം അദ്ധ്യായം മുപ്പത്തിയേഴുമുതൽ നാല്പത്തിനാലുവരെ വാക്യങ്ങളിലും, ലൂക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായം പതിമൂന്നു മുതൽ പതിനെട്ടുവരെ വാക്യങ്ങളിലും, യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിന്റെ ഒന്നുമുതൽ പതിനാലുവരെ വാക്യങ്ങളിലും നമുക്ക് കാണുവാൻ സാധിക്കും.

അന്ന് യേശു ബേത്ത്സയിദായിൽ എത്തിയിരിക്കുകയാണ്. യേശുവിന്റെ ശിഷ്യനായ ഫിലിപ്പൊസിന്റെ ഭവനം അവിടെ ഉണ്ട്.

ഫിലിപ്പൊസ് ജനിച്ചുവളർന്ന പ്രദേശമാണ് ബേത്ത്സയിദ. അവിടെ യേശു ചെന്ന സമയത്ത്, മൂന്നു ദിവസം അനേകം ആളുകൾ തിരു വചനം കേൾക്കാൻ തടിച്ചുകൂടി.

അയ്യായിരക്കണക്കിനു ആളുകൾ അവിടെ യേശുവിന്റെ തിരു വചനം കേൾക്കുകയും അത്ഭുതങ്ങൾ കാണുകയും ചെയ്തുകൊ ണ്ടിരുന്നു. അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ട് ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു എന്നാണ് നാലു സുവിശേഷങ്ങളിലും നാം വായിക്കുന്നത്. യേശു ചെയ്യുന്ന അത്ഭു തങ്ങളിൽ ആകൃഷ്ടരായി അനേകമനേകം ആളുകൾ നാനാദേശ ത്തുനിന്നും യേശുവിന്റെ അരികത്ത് ചെല്ലുകയുണ്ടായി. അവർ അവശരും ആവശ്യക്കാരുമായിരുന്നു.

അവരോട് യേശു തിരുവചനം സംസാരിച്ചുകൊണ്ടിരുന്നു. മൂന്നു ദിവസങ്ങൾ അങ്ങനെ തുടരെ അവരോടു സംസാരിച്ചു.

> "അവൻ പുരുഷാരത്തെ കൈക്കൊണ്ടു ദൈവരാജ്യത്തെ ക്കുറിച്ച് അവരോടു സംസാരിക്കുകയും രോഗശാന്തി വേണ്ടിയവരെ സൗഖ്യമാക്കുകയും ചെയ്തു".

രോഗശാന്തി വേണ്ടവർക്ക് സൗഖ്യം നൽകി, അവരെ ദൈവരാ ജ്യത്തെക്കുറിച്ച് ഉപദേശിച്ചു പ്രബോധിപ്പിച്ചു.

അവർ ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ട് അവ രിൽ യേശു മനസ്സലിഞ്ഞു ഉപദേശിച്ചു തുടങ്ങി.

വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ ഭക്ഷി പ്പാൻ പോലും സമയം ഇല്ലായ്ക കൊണ്ട് യേശു ശിഷ്യന്മാരോട്: നിങ്ങൾ ഒരു ഏകാന്ത സ്ഥലത്തു വേറിട്ടു ചെന്ന് അല്പം ആശ്വസി ച്ചുകൊൾവിൻ എന്ന് പറഞ്ഞു.

തന്റെ അടുക്കൽ വന്ന ജനം, യേശുവിനോട് ചേർന്ന്, ദിവസ ങ്ങൾ ഭക്ഷണമില്ലാതെ വിശന്നു പൊരിഞ്ഞു ഇരിക്കുന്നതുകണ്ടു യേശു അവരിൽ മനസ്സലിഞ്ഞു.

> "പുരുഷാരം പട്ടണങ്ങളിൽ നിന്ന് കാൽനടയായി അവന്റെ പിന്നാലെ ചെന്നു. അവൻ വന്ന് വലിയ പുരുഷാരത്തെ കണ്ടു അവരിൽ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി."
>
> മത്തായി. 14:14

എന്നാൽ ഈ ജനം ഭക്ഷണമില്ലാതെ വിശന്നു കഴിയുന്നതു കണ്ട് യേശു തന്റെ ശിഷ്യന്മാരോട് "നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്നു പറഞ്ഞു.

"നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന് യേശു പറഞ്ഞതായ വാക്കുകൾ കേട്ട ശിഷ്യന്മാർ പരസ്പരം മുഖത്തോടുമുഖം നോക്കി.

യേശു ഫിലിപ്പൊസിനോട് "ഇവർക്ക് തിന്നുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും" എന്നു ചോദിച്ചു. ഫിലിപ്പൊസിന്റെ ദേശത്ത് എത്തിയപ്പോൾ ഫിലിപ്പൊസിന് കൂടുതൽ ഉത്തരവാദിത്വം ഉള്ളതുകൊണ്ട് യേശു അങ്ങിനെ ചോദിച്ചതാണ്.

"നാം എവിടെനിന്ന് അപ്പം വാങ്ങും" എന്ന് യേശു ചോദിച്ചു. വാസ്തവത്തിൽ അപ്പം വാങ്ങുവാൻ ഉദ്ദേശിച്ചല്ല യേശു ചോദിച്ചത്, ഫിലിപ്പൊസിന്റെ വിശ്വാസത്തെ യേശു ഒന്ന് പരീക്ഷിക്കുകയായിരുന്നു. തിരുവചനത്തിൽ ഇങ്ങനെ വായിക്കുന്നു.

> "....ഇവർക്ക് തിന്നുവാൻ നാം എവിടെ നിന്നു അപ്പം വാങ്ങും എന്നു ചോദിച്ചു. അത് അവനെ പരീക്ഷിപ്പാനത്രേ ചോദിച്ചത്. താൻ എന്തു ചെയ്വാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു. ഫിലിപ്പൊസ് അവനോട്: ഓരോരുത്തന്നു അല്പമല്പം ലഭിക്കേണ്ടതിനു ഇരുന്നൂറു പണത്തിനു അപ്പം മതിയാകയില്ല എന്നു ഉത്തരം പറഞ്ഞു."
>
> യോഹ. 6: 4–7

ഇരുന്നൂറ് പണം എന്നുപറയുന്നത് അന്നത്തെ സാമൂഹിക ജീവിതത്തോട് അനുസരിച്ചു നോക്കിയാൽ ഇരുന്നൂറ് ദിവസത്തേക്ക് ഒരാൾക്ക് ഭക്ഷണം കഴിപ്പാനുള്ള വകയുണ്ട്. അങ്ങനെയുള്ള ഇരുന്നൂറു പണം ഉണ്ടെങ്കിൽ പോലും ഈ അയ്യായിരക്കണക്കിന് ആളുകൾക്ക് ഭക്ഷണം കൊടുപ്പാൻ മതിയാകുകയില്ല എന്നത്രേ ഫിലിപ്പൊസ് പറഞ്ഞത്.

എന്നാലോ യേശു ആ ജനത്തെ പരിപോഷിപ്പിക്കുവാൻ ആഗ്രഹിച്ചു. യേശു ആ ജനത്തിന്നു ആഹാരം കൊടുക്കുവാൻ ആഗ്രഹിച്ചു. യേശു അവർ വിശന്നു പൊരിഞ്ഞു ഇരിക്കുന്നതുകണ്ട് അവരിൽ മനസ്സലിഞ്ഞു.

സ്നേഹിതരേ, യേശു ഇന്നും നമ്മെ കണ്ട് മനസ്സലിയുന്നവനാണ്. പട്ടിണിപ്പാവങ്ങൾ, അഗതികൾ, അനാഥർ, ആതുരർ, രോഗികൾ, അവശർ, വിഷമിക്കുന്നവർ, ക്ലേശിക്കുന്നവർ, ദുഖിക്കുന്നവർ, രോഗസൗഖ്യം ആഗ്രഹിക്കുന്നവർ, ഇങ്ങനെ വലഞ്ഞുലഞ്ഞു കഴിയുന്ന ബഹുലക്ഷം ജനങ്ങളെ നോക്കി കർത്താവായ യേശു ക്രിസ്തു മനസ്സലിയുകയാണ്.

ദൈവപൈതലേ, ഈ വാക്കുകളെ നീ വായിച്ചുകൊണ്ടിരിക്കുമ്പോൾ, നിന്നെ നോക്കി മനസ്സലിയുന്ന ക്രിസ്തുവിനെ നീ ഒന്നു ധ്യാനിക്കുമോ? നിന്നെ നോക്കി ആർദ്രതയോടെ, വലിയ ദാഹത്തോടെ, സ്നേഹവായ്പ്പോടെ നിന്നെ സഹായിപ്പാൻ കരം നീട്ടുന്ന, നിന്നെ സഹായിപ്പാൻ ഒരുമ്പെടുന്ന ക്രിസ്തുവിനെ നീ ഒന്നു കാണുമോ? നിത്യനായ ദൈവം സ്നേഹം മാത്രമാകുന്നു.

തന്റെ പ്രിയപ്പെട്ട ജനം വലയുന്നത് അവിടുത്തേക്ക് സഹിക്കാവുന്നതല്ല. പുരുഷാരത്തെ കണ്ട് യേശു മനസ്സലിഞ്ഞു.

സ്നേഹിതാ, ഇന്നു നിന്റെ ദയനീയാവസ്ഥയിൽ യേശു മനസ്സലിയുന്നുണ്ട്, മകനേ നിന്റെ നിരാശ കണ്ട് യേശു മനസ്സലിയുന്നുണ്ട്, നിന്റെ അപകർഷതാബോധം – കിളലൃശീൃശ്യേ ഈീുഹലഃ കണ്ട് യേശു മനസ്സലിയുന്നുണ്ട്.

എനിക്കാരുമില്ല, ഞാൻ ഒറ്റപ്പെട്ടവനായിപ്പോയി, എന്നെ ആരും സ്നേഹിക്കുന്നില്ല, എല്ലാവരും എന്നെ പകയ്ക്കുകയും, വെറുക്കുകയുമാണ് ചെയ്യുന്നത്.

ഞാൻ അനാഥനാണല്ലോ, എന്റെ അപ്പൻ മരിച്ചുപോയല്ലോ, എന്റെ അമ്മ എന്നെ ബാല്യത്തിലേ തന്നെ എന്നെ വിട്ട് നിത്യതയിലേക്ക് മാറിപ്പോയല്ലോ, എന്റെ ഭാര്യ എന്നെ വെറുക്കുന്നല്ലോ, എന്റെ ഭർത്താവിന് എന്നോട് അറപ്പാണല്ലോ, എന്നെ ആർക്കും സ്നേഹമില്ലല്ലോ, എന്റെ മക്കൾക്ക് എന്നെ ആദരവ് ഇല്ലല്ലോ, എന്നിങ്ങനെ ചിന്തിച്ച്, നീ ഇന്ന് നിരാശനായി ആകുലത്തോടെ നിൽക്കുന്നു. നീ ഇന്ന് പല കാര്യങ്ങളെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുന്നു.

എന്നാൽ യേശു നിന്നോട് വ്യക്തമായി സംസാരിക്കുന്നത്, നിന്നെ കണ്ട് യേശു മനസ്സലിയുന്നു എന്നാണ്. യേശു നിന്നിൽ കരുണ കാണിച്ചു നിനക്ക് അനുഗ്രഹം തരുവാൻ, ഇതാ, നിന്റെ അരികത്തേക്ക് വരുന്നു.

മകനേ, ഇത് വ്യർത്ഥവാക്കല്ല, നിന്നെ സ്നേഹിക്കുന്ന ക്രിസ്തു, ഇതാ നിന്റെ അരികത്തേക്ക് വരുന്നു. നിന്റെ രോഗം യേശു കാണുന്നുണ്ട്. നിന്റെ ആകുലം യേശു അറിയുന്നുണ്ട്. നിന്റെ ആവലാതി യേശു അറിയുന്നുണ്ട്, യേശു, ഇതാ, നിന്റെ നേരെ കരം നീട്ടുന്നു. നിന്നെത്തന്നെ താഴ്ത്തിക്കൊടുക്കൂ. യേശുവിനോട് വാക്കുപറയൂ:

നാഥാ, നീ എന്റെ ഉടയവൻ, യേശുവേ, നീ എന്റെ സ്രഷ്ടാവ്. കരുണയുള്ള കർത്താവേ നീ എന്റെ വീണ്ടെടുപ്പുകാരൻ. നീ എന്റെ പാപത്തിനു വേണ്ടി ക്രൂശിൽ മരിച്ച എന്റെ രക്ഷകൻ. ഞാൻ നിന്നിൽ വിശ്വസിക്കുന്നു. നിന്റെ ആണിപ്പാടുള്ള പാദത്തിൽ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

നമുക്ക് ഈ മനസ്സലിവുള്ള ക്രിസ്തുവിനെ കണ്ടുകൊണ്ട്, വാത്സല്യവാനായ ക്രിസ്തുവിനെ കണ്ടുകൊണ്ട്, ആർദ്രവാനായ

ക്രിസ്തുവിനെ കണ്ടുകൊണ്ട്, നമ്മെ സ്നേഹിക്കുന്ന ക്രിസ്തുവിനെ കണ്ടുകൊണ്ട് അവന്റെ പാദത്തിൽ നമ്മെത്തന്നെ അർപ്പണം ചെയ്യാം. അവനോട് വാക്കു പറയാം:

യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ വക, എന്റെ യേശുവേ ഞാൻ ഇന്നു മുതൽ നിനക്കായി ജീവിക്കും.

സ്നേഹവാനേ, അവിടത്തെ വാത്സല്യമാർന്ന സന്ദേശത്തിനായി സ്തോത്രം. ഞങ്ങളെ സ്നേഹിക്കുന്ന സ്നേഹത്തിനായി സ്തോത്രം. ഞങ്ങളെ കരുതുന്ന കരുതലിനായി സ്തോത്രം. ഞങ്ങളെ കണ്ടു മനസ്സലിയുന്ന വാത്സല്യത്തിന്നായി സ്തോത്രം. ഈ വചനം വായിക്കുന്നവർക്ക് ആശ്വാസവും ശാന്തിയും സമാധാനവും നൽകണമേ, നിരാശകൾ മാറ്റണമേ, ആകുലങ്ങൾ നീക്കണമേ, സമാധാനം നൽകണമേ.

ഌഌ

## രണ്ട്

“വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു: ഈ സ്ഥലം മരുഭൂമിയല്ലൊ, നേരവും വൈകി. പുരുഷാരം ഗ്രാമങ്ങളിൽ പോയി ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന്ന് അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു”

മത്തായി. 14:15

പുരുഷാരത്തെക്കണ്ട് യേശു മനസ്സലിഞ്ഞു. ഇവർ ദൂരത്തുനിന്നും വന്നവരല്ലോ. ഇവർ മൂന്നു ദിവസമായി നമ്മോടുകൂടെ പാർക്കുന്നു. ഇവരെ ആഹാരം നൽകാതെ പറഞ്ഞയച്ചാൽ ഇവർ വഴിയിൽവെച്ച് തളർന്നു പോകും, എന്ന് യേശു മനസ്സലിവോടെ ആ ജനത്തെക്കുറിച്ച് പറഞ്ഞു.

എന്നാൽ ശിഷ്യന്മാർ പുരുഷാരത്തെ ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന്നു പറഞ്ഞയക്കുവാനാണ് പറയുന്നത്. പുരുഷാരത്തെ ഒഴിവാക്കുവാനാണ് ശിഷ്യന്മാർ നിർദ്ദേശിക്കുന്നത്. ഈ പുരുഷാരം നമ്മുടെ കൂടെ പാർത്താൽ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പാൻ നമ്മുടെ കയ്യിൽ ഒന്നുമില്ല. ഇത്രയേറെ വലിയ പുരുഷാരത്തിനു കൊടുക്കുവാൻ നാം എവിടെ നിന്നാണ് അപ്പം വാങ്ങുന്നത്. അവർ അമ്പരപ്പിലും അങ്കലാപ്പിലും ആയിരുന്നു.

ശിഷ്യന്മാരുടെ നിർദ്ദേശം പ്രശ്നം ഒഴിവാക്കുക എന്നാണ്, പുരു

ഷാരത്തെ അവരുടെ വഴിക്ക് പറഞ്ഞു വിടുക എന്നാണ്. എന്നാൽ യേശു പറഞ്ഞു.

> "അവർ പോകുവാൻ ആവശ്യമില്ല നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു പറഞ്ഞു"
>
> മത്തായി. 14:16

അവരെ ഒഴിവാക്കാൻ ശിഷ്യന്മാർ ആഗ്രഹിക്കുമ്പോൾ സ്നേഹ വാനായ ക്രിസ്തു അവരെ ഒഴിവാക്കാനല്ല ആഗ്രഹിച്ചത്. അവർക്ക് ഭക്ഷണം കൊടുക്കുവാനാണ് യേശു ആഗ്രഹിച്ചത്.

ശിഷ്യന്മാരോ, ഞശസെ വേണ്ട, എന്തിനീ ഭാരിച്ച ചുമതല നാം ഏറ്റെ ടുക്കണം? എന്നാണ് ആഗ്രഹിച്ചത്. ചുമതലകൾ ഏറ്റെടുക്കുന്നതിൽ നിന്നു നീ പിന്നോക്കം മാറരുത്. നീ ചെയ്യേണ്ട ചുമതല നീ ഏറ്റെ ടുത്തേ പറ്റൂ. അത് അസഹ്യമാണെന്നോ, അത് വലിയ ചുമടാ ണെന്നോ നീ ധരിക്കരുത്. അത് നിന്റെ ഒരു പദവിയായി നീ ഏറ്റെ ടുക്കുക.

യേശുവിന്റെ ഭാരം ഉൾക്കൊണ്ട്, യേശു നിന്നെ ഭരമേല്പിക്കുന്ന ചുമതല ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തോടെ ചെയ്യുവാൻ നീ തയ്യാ റായാൽ നിന്നിൽനിന്നുകൊണ്ട് യേശു ചില അത്ഭുതങ്ങൾ ഈ തലമുറയിൽ നിവർത്തിക്കും.

ഫിലിപ്പോസിനോട് യേശു ചോദിച്ചപ്പോൾ അവൻ ഒന്നും ചെയ്‌വാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ നിൽക്കുകയാണ്. ഇരു ന്നൂറു ദിവസത്തെ കൂലി, അത് ചിലവഴിച്ചാൽ പോലും ഈ ആളു കൾക്ക് ഭക്ഷണം കൊടുപ്പാൻ മതിയാകയില്ല എന്നാണ് ഫിലിപ്പോസ് നിസ്സഹായനായി പറയുന്നത്.

എനിക്ക് കഴിവില്ല എന്ന് ഫിലിപ്പോസ് പറയുമ്പോൾ, അപ്പോ ഴുണ്ട്, അന്ത്രയോസ് മുന്നോട്ടു വരുന്നു! അന്ത്രയോസ് അവിടെ തക്കസമയത്ത് ഉണർന്നു പ്രവർത്തിക്കുവാൻ തയ്യാറായി വരുന്നു.

ദൈവപൈതലേ, ആവശ്യത്തിന്റെ മുഖത്ത് ഉണർന്നു പ്രവർത്തിക്കാൻ നീ തയ്യാറായിക്കൊള്ളുക.

യേശുവിന്റെ ശിഷ്യനായ അന്ത്രയോസിൽ നമുക്ക് ചില പ്രത്യേകതകൾ കാണാം.

അന്ത്രയോസിനെ നാം ആദ്യം കാണുന്നത് യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിലാണ്. അന്ത്രയോസ് ആണ് പത്രോസിനെ ക്രിസ്തുവിന്റെ അരികിലേക്ക് കൂട്ടിക്കൊണ്ടു വരുന്നത്. അന്ത്രയോസിന്റെ സഹോദരനാണ് പത്രോസ്.

യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു അന്ത്രയോസ്. യേശു യോർദ്ദാൻ ആറ്റിന്റെ തീരത്തു കൂടി നടന്നുപോകുമ്പോൾ യോഹന്നാൻ സ്നാപകൻ യേശുവിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു.

> “ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.”
>
> യോഹ. 1:29

> യോഹന്നാനും അന്ത്രയോസും യേശുവിന്റെ പിറകെ യാത്ര പുറപ്പെട്ടു. “ഗുരോ നീ എവിടെ പാർക്കുന്നു?” എന്നു ചോദിച്ചു. യേശു പറഞ്ഞു “വന്നു കാൺമിൻ”
>
> യോഹ. 1:39

അവർ അവന്റെകൂടെപ്പോയി, അവൻ വസിക്കുന്ന ഇടം കണ്ടു, അന്നു അവനോടുകൂടെ പാർത്തു.

അവർ യേശുവിന്റെ തിരുവചനം കേട്ടു. യേശുവിന്റെ മുഖത്തുനിന്നും ലാവണ്യ വാക്കുകൾ അവർ കേട്ടു, യേശുവിന്റെ മുഖത്തുനിന്നും നിത്യജീവന്റെ സന്ദേശം അവർ കേട്ടു, യേശുവിന്റെ മുഖത്തുനിന്നും സ്വർഗ്ഗരാജ്യത്തിന്റെ അത്ഭുതകരമായ അനുഭവം

എന്ത് എന്ന് അവർ ഗ്രഹിച്ചു. യേശുക്രിസ്തുവിന്റെ സന്നിധാനത്തിൽ വന്ന് സാക്ഷാത്തായ ശാന്തി എന്ത് എന്ന് അവർ അറിഞ്ഞു. സമാധാനം എന്ത് എന്ന് അവർ രുചിച്ചു. അവർ ആത്മാവിൽ നിറഞ്ഞവരായി, ആത്മാവിൽ പുളകം കൊള്ളുന്നവരായി അവർ തിരികെ പോയി.

എന്നാൽ അന്ത്രയോസ് എന്താണു ചെയ്തത്? അന്ത്രയോസ് തന്റെ സഹോദരനായ ശീമോനെ യേശുവിന്റെ അരികിലേക്ക് കൂട്ടിക്കൊണ്ടുവന്നു. ഓീല ള്ിമിഴലഹശാ-സ്വന്തം ഭവനത്തിൽ സുവിശേഷവേല. സ്വന്ത ഭവനത്തിൽ, യേശുവിനെ ചൂണ്ടിക്കാണിച്ചുകൊടുത്തു. യേശുവിങ്കലേക്ക് സ്വന്തം സഹോദരനെ കൊണ്ടുവരുന്നു. ആ അന്ത്രയോസിന്റെ രണ്ടാമത്തെ വേലയാണ് ഇവിടെ യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ കാണുന്നത്.

അന്ത്രയോസ് കുഞ്ഞുങ്ങളെ സമീപിക്കുന്നു. ഇവശഹറ ള്ിമിഴലഹശാ- കുഞ്ഞുങ്ങളെ യേശുവിനുവേണ്ടി നേടുന്നു. കുഞ്ഞുങ്ങൾ യേശുവിനുവേണ്ടി സമർപ്പിക്കുന്നവർ ആകാൻ അന്ത്രയോസ് ഉദ്യമിക്കുന്നു. ഫിലിപ്പോസ് നിസ്സഹായനായി കൈമലർത്തിയ സ്ഥാനത്ത് അന്ത്രയോസ് നിറഞ്ഞു നിന്നു പ്രവർത്തിക്കുകയാണ്.

സ്നേഹിതരേ, നമുക്കും ചിലത് പ്രവർത്തിക്കാൻ കഴിയും. നാം തക്കസമയത്ത് ക്രിസ്തുവിനുവേണ്ടി ഉണർന്നു കൊൾക, പ്രവർത്തിച്ചുകൊൾക.

“തക്കസമയത്ത് പറയുന്ന വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങാപോലെ” എന്ന് സദൃശ വാക്യങ്ങളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നുണ്ട്. (25:11)

മൂന്നാമത് അന്ത്രയോസിനെ നാം കാണുന്നത് യോഹന്നാന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായത്തിലാണ്. അന്ന് പള്ളിപ്പെരുന്നാളിൽ യവനന്മാർ യെരൂശലേമിൽ വന്നപ്പോൾ ഫിലിപ്പോസിനെ സമീപിച്ചുകൊണ്ട് പറഞ്ഞു.

"…..യജമാനനേ, ഞങ്ങൾക്ക് യേശുവിനെ കാൺമാൻ താത്പര്യമുണ്ട് എന്നപേക്ഷിച്ചു."

യോഹ. 12:21

ഫിലിപ്പോസ് ചെന്ന് അന്ത്രയോസിനോട് പറഞ്ഞു. അന്ത്രയോസും ഫിലിപ്പോസും കൂടെ ചെന്ന് യേശുവിനോട് പറഞ്ഞു.

യവനന്മാർ ഗ്രീസ് ദേശത്തുള്ളവരാണ്. അവർ ഗ്രീക്കുകാരാണ്. അവർ യൂറോപ്പിൽ നിന്നുള്ളവരാണ്. അവർ വിദേശീയരാണ്. എീ്യ ലശഴി്ള്മിഴലഹശ്ശ, എീ്യലശഴിങ്ങശൈശീ ഏറ്റെുത്ത എീ്യലശഴിങ്ങശൈശീമ്യ്യ യാണ് അന്ത്രയോസ്, ഒീാല ങ്ങശൈശീമ്യ്യ യുമാണ്, ഇവശഹറ ങ്ങശൈശീമ്യ്യ യുമാണ്, എീ്യലശഴി ങ്ങശൈശീമ്യ്യ യുമാണ്.

ഈ വാക്കുകളെ വായിക്കുന്ന സ്നേഹിതാ നിനക്ക് തീരുമാനമെടുക്കാം; യേശുവിനുവേണ്ടി എന്തെങ്കിലും നേടുവാൻ ഞാൻ ഇതാ എന്നെത്തന്നെ സമർപ്പിക്കുന്നു, നാഥാ എന്റെ ഈ നിസ്സാരമായ ആയുഷ്കാലം കൊണ്ട് യേശുവിനുവേണ്ടി അത്ഭുതങ്ങൾ നേടുവാൻ ഞാനിതാ എന്നെ നിന്റെ കരങ്ങളിലേക്ക് എല്പിച്ചു തരുന്നു. നിന്റെ പരിശുദ്ധ പാദത്തിൽ ഞാനിതാ സമർപ്പിക്കുന്നു.

ഇതുവരെ ഞാൻ എനിക്കുവേണ്ടി ജീവിച്ചു. എന്നാൽ ഇന്നുമുതൽ നാഥാ, നിന്റെ ഹിതം അറിഞ്ഞ് നിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായി ജീവിക്കുവാൻ, ആത്മാക്കളെക്കുറിച്ച് ഭാരമുള്ള ഒരു മനുഷ്യനായി ജീവിക്കുവാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും. എന്നെത്തന്നെ അവിടുത്തെ പാവന പാദത്തിലേക്ക് ഞാനിതാ ഏല്പിക്കുന്നു. എന്നെ കൈക്കൊള്ളണമെ, എന്നെ സ്വീകരിക്കണമേ, എന്നെ വീണ്ടെടുക്കണമേ, എന്നെ രക്ഷിക്കണമേ, എന്റെ പാപം പോക്കണമെ, എന്റെ കറകൾ കഴുകണമെ, എന്നെ നിന്റെ രാജ്യത്തിന്നു അവകാശിയാക്കിത്തീർക്കണമെ, നിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കണമെ.

# മൂന്ന്

"അന്ത്രയോസ് അവനോട്: ഇവിടെ ഒരു ബാലകൻ ഉണ്ട്, അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ട്, എങ്കിലും ഇത്ര പേർക്ക് അത് എന്തുള്ളു എന്നു പറഞ്ഞു.''

യോഹ. 6:9

യേശുക്രിസ്തു ബേത്ത്സയിദായിലെ മലഞ്ചെരുവിൽ തടിച്ചു കൂടിയ ജനത്തോട് തിരുവചനം സംസാരിച്ചുകൊണ്ടിരുന്നു. രോഗികളെ സൗഖ്യമാക്കി, യേശുവിന്റെ അത്ഭുത വചനം ജനം ശ്രദ്ധിച്ചു. ആ കൂട്ടത്തിൽ ഒരു ബാലകൻ ഉണ്ടായിരുന്നു. അവന് ഒരു നേരത്തെ ഭക്ഷണത്തിനുപോലും തികയാത്ത അഞ്ച് ചെറിയ യവത്തപ്പവും രണ്ടു ചെറു മീനും ഒരു പൊതിയാക്കികെട്ടി അവന്റെ അമ്മ കൊടുത്തയച്ചിരുന്നു.

അവൻ അവന്റെ ആ പൊതിയിലേക്ക് നോക്കി, യേശുവിന്റെ മുഖത്തേക്കും അവൻ നോക്കി. "നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ, ഈ പുരുഷാരം മൂന്നുനാളായി എന്റെ കൂടെ പാർക്കുന്നു. അവരെ ഭക്ഷണം കൊടുക്കാതെ പറഞ്ഞു വിട്ടാൽ അവർ വഴിയിൽ വച്ച് തളർന്നു പോകും. അവരിൽ ചിലർ ദൂരെ ദിക്കുകളിൽ നിന്ന് വന്നവരല്ലോ" എന്ന് കർത്താവ് പറഞ്ഞതു കേട്ടു,

യേശുവിന്റെ ആർദ്രത കണ്ട് ഈ ബാലകൻ യേശുവിന്റെ സ്നേഹ മൂറുന്ന മുഖത്തേക്ക് നോക്കി നിൽക്കുകയാണ്.

വചനം കേട്ടുകൊണ്ടു നിന്ന സന്ദർഭങ്ങളിൽ എല്ലാം, ഏതോ ഒരു വലിയ ആകർഷണം അവന് വചനത്തോട് ലഭിച്ചു. ക്രിസ്തുനോടു ലഭിച്ചു. വചനം ക്രിസ്തുവാണ്, അവൻ ക്രിസ്തുവിനെത്തന്നെ ഏകാഗ്രതയോടെ നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അപ്പോഴാണ് യേശുവിന്റെ ശബ്ദം അവൻ കേട്ടത്. “നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ.”

ഈ ബാലകൻ അവന്റെ ചെറിയ പൊതിയിലേക്ക് ഒന്നു നോക്കി, അവൻ യേശുവിന്റെ തിരുമുഖത്തേക്കും നോക്കി. ഞാൻ ഇത് കൊടുക്കാമായിരുന്നു, കൊടുത്താൽ യേശു വാങ്ങുമോ? ഈ നിസ്സാര പൊതികൊണ്ട് എന്താകും എന്ന് യേശു പറയുമോ? ഞാൻ ഇതു കൊടുത്താൽ അത് ധിക്കാരമാകുമോ? എന്താണ് വേണ്ടത്? അവൻ പൊതിയിലേക്ക് ഒന്നു നോക്കും, യേശുവിന്റെ മുഖത്തേക്ക് ഒന്നു നോക്കും, അന്ത്രയോസ് ഇത് കണ്ടുകൊണ്ടിരുന്നു.

അന്ത്രയോസ് വേഗം ചെന്ന് ഈ ബാലകന്റെ ചുമലിൽ പിടിച്ചിട്ടുപറഞ്ഞു. വാ, നമുക്ക് യേശുവിന്റെ അരികിലേക്ക് പോകാം. അവനെ അന്ത്രയോസ് യേശുവിന്റെ അരികിലേക്ക് നടത്തി. യേശുവിന്റെ മുൻപിൽ കൊണ്ടുപോയി നിർത്തി. അവൻ ആ പൊതിയെടുത്ത് യേശുവിന്റെ നേരെ നീട്ടാൻ തുടങ്ങി, അവന്റെ കൈ വിറയ്ക്കുന്നുണ്ട്, അവന്റെ കയ്യിൽ ഇരുന്ന പൊതിയും വിറയ്ക്കുന്നുണ്ട്.

അഞ്ചപ്പവും രണ്ടു മീനുമുള്ള ആ പൊതി യേശുവിന് കൊടുക്കാൻ അവന് മനസ്സാണ്. പക്ഷെ കൊടുത്താൽ എന്തുള്ളൂ എന്നാണ് അവന്റെ ചിന്ത.

സ്നേഹിതാ, യേശുവിന് എന്തെങ്കിലും കൊടുക്കാൻ നിങ്ങൾക്ക് മനസ്സാണോ? ഇത് എന്തുള്ളൂ എന്ന് നിങ്ങൾ പറയരുത്, ഒന്നുമില്ല എന്ന് നിങ്ങൾക്ക് തോന്നരുത്, നിങ്ങളുടെ അല്പം യേശുവിനു അധികമാണ്. നിങ്ങളുടെ ഒന്നുമില്ലായ്മ യേശു അധികത്വമായി വർദ്ധി

പ്പിച്ചു പെരുക്കി ഏറ്റവും ശ്രേഷ്ഠമായ അനുഭവമാക്കി മാറ്റിത്തരും.

അമർത്തിക്കുലുക്കിക്കവിയുന്നോരു നല്ല അളവായി തരുന്ന നല്ല വനായ യേശുവിന്റെ അത്ഭുത കരങ്ങളിലേക്ക് ജീവിതം ഇപ്പോൾ വിട്ടുകൊടുക്കാമോ? ആ ബാലകൻ അവന്റെ കയ്യിലെ ചെറുപൊതി യേശുവിന്റെ കയ്യിലേക്ക് നീട്ടിക്കൊടുത്തു. ഭാഗ്യമായിപ്പോയി. യേശു ആ പൊതി വാങ്ങി, യേശു ആ പൊതി സ്വീകരിച്ചു, യേശു ആ ബാലകനെ നോക്കി ഒന്നു പുഞ്ചിരിച്ചു.

ദൈവപൈതലേ, നിനക്കുള്ളത് യേശുവിനുകൊടുക്കാമെങ്കിൽ യേശുവിന്റെ ഉള്ളം തണുക്കും. നിനക്കുള്ളത് എത്ര ചെറുതാകട്ടെ അത് യേശുവിന്റെ കയ്യിലേക്ക് ഒന്നും ബാക്കി വെക്കാതെ കൊടുക്കാമോ? യേശു നോക്കുന്നത് നീ എത്ര കൊടുത്തു എന്നല്ല, എത്ര ബാക്കി വെച്ചു എന്നാണ്.

വിധവയുടെ ചില്ലിക്കാശ്, അവൾ കാണിക്കയിട്ടു. അവൾ ഏറ്റവും അധികം ഇട്ടു എന്നാണ് യേശു പറഞ്ഞത്. അവൾ കൊടുത്തതിന്റെ വലിപ്പമല്ല, എന്നാൽ അവൾ നീക്കിവെച്ചതും ബാക്കിവെച്ചതും അവൾക്കായി മാറ്റിവെച്ചതും എത്ര എന്നാണ് യേശു നോക്കിയത്. അവൾക്കായി ഒന്നും ബാക്കിവെച്ചില്ല. അവൾക്കായി ഒന്നും നീക്കി വെച്ചില്ല. ഉള്ളതു മുഴുവൻ അവൾ ഭണ്ഡാരത്തിൽ ഇട്ടു. യേശു പറഞ്ഞു:

> "ഇവളോ തന്റെ ഇല്ലായ്മയിൽ നിന്ന് തനിക്കുള്ള ഉപജീവനം ഒക്കെയും ഇട്ടിരിക്കുന്നു."
>
> ലൂക്കോസ് 21 : 1–4

സ്നേഹിതരേ, നമ്മുടെ സമർപ്പണം എപ്പോഴും പൂർണ്ണമാകണമെങ്കിൽ എന്തുമാത്രം നാം ബാക്കിവെച്ചിട്ടുണ്ട് എന്നാണ് നാം നോക്കേണ്ടത്. എത്രകൊടുത്തു എന്നല്ല, എത്രമാത്രം നാം കൊടുത്തു എന്നല്ല, എത്ര അധികം കൊടുത്തു എന്നല്ല നാം നോക്കേണ്ടത്, ഇനി എന്റെ കയ്യിൽ എത്ര ബാക്കിയുണ്ട് എന്നാണ് നാം നോക്കേണ്ടത്.

ബാലകന്റെ കയ്യിൽ ബാക്കിയില്ല. അവനുള്ളത് മുഴുവൻ അവൻ യേശുവിനു കൊടുത്തു. യേശു അത് സന്തോഷത്തോടെ വാങ്ങി.

ഞാൻ ഒരു കവിത പണ്ടു കേട്ടിട്ടുണ്ട്. രവീന്ദ്രനാഥ ടാഗോർ എഴുതിയ മനോഹരമായ ഒരു കവിതയാണ്. ഒരു ദിവസം സൂര്യ ഭഗവാൻ സർവ്വ ജീവജാലങ്ങളേയും ക്ഷണിച്ചു അരികത്തു വരുത്തി എന്നാണ് കവിത. എല്ലാ ജീവികളും വന്നു, സൂര്യൻ പറഞ്ഞു:

ഇപ്പോൾ ഇതാ വൈകുന്നേരമായി, ഇന്നു രാവിലെ മുതൽ വൈകുന്നേരംവരെ അദ്ധ്വാനിച്ചു ഞാൻ തളർന്നുപോയല്ലോ, ഞാൻ ക്ഷീണിതനായിപ്പോയല്ലോ, രാവിലെ മുതൽ വൈകുന്നേരംവരെ ഞാൻ വിശ്രമിക്കാതെ പണി എടുത്തതുകൊണ്ട് ഭൂമിയിൽ നിന്ന് ഇരുട്ടിനെ മാറ്റാൻ പറ്റി. ഈ ഭൂമിയിൽ ഞാൻ വെളിച്ചം പകർന്നു. ഇനി കുറെനേരത്തേക്ക് എനിക്ക് വിശ്രമിച്ചേ പറ്റൂ. നാളെ പ്രഭാതത്തിൽത്തന്നെ ഞാൻ വരാം. പക്ഷെ അതുവരേയും ഈ ഭൂമിയെ നിങ്ങൾ ആരെങ്കിലും ഒന്നു പ്രകാശിപ്പിക്കണം. ഈ ഭൂമിയിലെ ഇരുട്ട് നിങ്ങൾ ആരെങ്കിലും ഒന്നു മാറ്റണം.

ജീവജാലങ്ങൾ എല്ലാം അമ്പരപ്പോടെ നോക്കിനിന്നു. നിസ്സഹായരായി നോക്കി നിന്നു. ഭൂമിയെ വെളിച്ചം ഉള്ളതാക്കാൻ എങ്ങനെ സാധിക്കും? ആർക്കു സാധിക്കും? അവർ അത്ഭുതത്തോടും പരിഭ്രാന്തിയോടും കൂടെ നോക്കി നിന്നു.

സൂര്യൻ വീണ്ടും ചോദിച്ചു. നിങ്ങൾ ആരുമില്ലേ? ഞാൻ കുറച്ചു നേരം ഒന്നു വിശ്രമിക്കട്ടെ. നിങ്ങളാരെങ്കിലും വരൂ, ഈ ഭൂമിയെ ഒന്നു വെളിച്ചമുള്ളതാക്കൂ, ഇരുട്ട് അകറ്റൂ, പക്ഷെ ആരും വന്നില്ല. അപ്പോഴുണ്ട് ഒരു മിന്നാമിനുങ്ങ് പറന്നു വന്നിട്ടു പറഞ്ഞു:

“സൂര്യഭഗവാനേ, എനിക്ക് വലിയ വെളിച്ചമൊന്നുമില്ല. ആകെ ഒരിറ്റുവെളിച്ചമുണ്ട്, ഒരു അരണ്ട വെളിച്ചമുണ്ട്, ആ വെളിച്ചം കൊണ്ട് ഞാൻ ഈ രാത്രി മുഴുവനും പറന്നു നടക്കാം. എനിക്ക് സാധിക്കുന്നേടത്തോളം ഞാൻ പറന്നു നടക്കാം. അവിടെയെല്ലാം എന്നാൽ ആകുന്ന ഒരു ചെറിയ പ്രകാശം എനിക്ക് പരത്താൻ സാധിക്കും.

ഭഗവാനേ, ഞാൻ അതു ചെയ്തുകൊള്ളാം.”

ഇതൊരു കവിതയാണ്. കവിയുടെ ഭാവനയിൽ കൊരുത്തെടുത്ത മനോഹരമായ ഒരു കവിത. എന്നാൽ ഒന്നു നിങ്ങൾ അറിയുക. നമ്മുടെ ജീവിതത്തിൽ ഒന്നുമില്ല എന്ന് സമ്മതിച്ചുകൊണ്ട് ഉള്ളത് ഇതാ ഞാൻ നിനക്ക് തരുന്നു എന്ന് ദൈവത്തോട് പറഞ്ഞാൽ ദൈവം നമ്മെ മാനിക്കും. ദൈവം നമ്മെ അനുഗ്രഹിക്കും. ദൈവം അനേകർക്ക് അത് പോഷണത്തിനായി ഉപയുക്തമാക്കും. അനേകർക്ക് അനുഗ്രഹത്തിന്നായി ദൈവം നമ്മെ പ്രയോജനപ്പെടുത്തും.

അനേകരുടെ കുടുംബ സമാധാനത്തിനായി, അനേകരുടെ ജീവിതസൗഭാഗ്യത്തിന്നായി, അനേകരുടെ നിത്യജീവന്നായി, അനേകരുടെ ജീവിതത്തിൽ ശാന്തിയും, സമാധാനവും സന്തോഷവും പുലരുന്നതിന്നായി ക്രിസ്തു നമ്മെ ഉപയോഗിക്കും. നമ്മെത്തന്നെ അവന് കൊടുക്കുക.

കർത്താവേ, അഞ്ചപ്പവും രണ്ടു മീനും മാത്രമേ എന്റെ കയ്യിൽ ഉള്ളൂ. അധികം തരാൻ എന്റെ കയ്യിൽ ഇല്ല. എന്റെ അമ്മ എനിക്ക് ഭക്ഷിപ്പാൻ തന്നുവിട്ടത്, ഒരു നേരത്തെ ഭക്ഷണത്തിനുപോലും തികയാത്തത്, ഇതേ എന്റെ കയ്യിൽ ഉള്ളൂ. ഉള്ളത് ഞാനിതാ നിനക്കു തരുന്നു. ആ ബാലകന്റെ വിശാല വീക്ഷണം, അവന്റെ സ്നേഹം, അവന്റെ ഹൃദയത്തിന്റെ വിശാലത, അവൻ യേശുവിന് അവന്റെ കയ്യിലുള്ളത് മുഴുവനും കൊടുത്തു. യേശു അത് വാങ്ങി.

മാന്യദൈവപൈതലേ, ഇപ്പോൾ നീ ചിന്തിക്കൂ, എന്റേതെല്ലാം യേശുവിനു കൊടുക്കാൻ എനിക്കു മനസ്സോ? എനിക്കുള്ളതെല്ലാം യേശുവിന്റെ കൈകളിലേക്ക് വെച്ചു മാറാൻ എനിക്കു സമ്മതമോ? എന്റെ നിസ്സാര ആയുസ്സ് എത്രകാലം ഉണ്ടെന്ന് അറിയുന്നില്ല. ഇത്രയും കാലം ഞാൻ ഭൂമിയിൽ ജീവിച്ചതുതന്നെ ഒരു അത്ഭുതം.

എത്രയെത്ര ആപത്തുകൾ വന്നു! എത്രയെത്ര രോഗങ്ങൾ വന്നു! എത്രയെത്ര അപകടങ്ങൾ വന്നു! തീർന്നു എന്ന് മറ്റുള്ളവർ വിചാരിക്കത്തക്കവണ്ണം ഭയാനകമായ, വളരെ നിർണ്ണായകമായ, സന്ദർഭങ്ങൾ വന്നു! എന്നാലോ ദൈവമേ നീ എന്നെ ആയുസ്സോടെ ശേഷി

പ്പിച്ചു. ഇനി എത്രകാലമുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. ഉള്ളത് ഞാനിതാ നിന്റെ കയ്യിലേക്ക് തരുന്നു. ഒന്നും ബാക്കി വെയ്ക്കാതെ, ഒന്നും എന്റേതായി നീക്കി വെയ്ക്കാതെ മുഴുവനായി വ്യവസ്ഥ കൂടാതെ ഞാനിതാ നിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് ഏല്പിച്ചു തരുന്നു.

മകനേ, ഏല്പിച്ചുകൊടുക്കുമോ? യേശുവിനു നീ സമർപ്പിക്കുമോ? യേശുവിനോടു നീ വാക്കു പറയുമോ? എങ്കിൽ നീ ഭാഗ്യവാനാണ്. ബാലകൻ സമർപ്പിച്ചു. ഈാശലേറ അവനുള്ളത് യേശുവിനു കൊടുത്തു.

മകനെ, ഇപ്പോൾ നീ സമർപ്പിച്ചുകൊള്ളുക. നിന്റെ ഭാവി ഏല്പിച്ചു കൊള്ളുക. നിന്റെ ദേഹവും ദേഹിയും ആത്മാവും ഏല്പിച്ചുകൊള്ളുക.

പൊന്നും മൂരും കുന്തിരിക്കവും അർപ്പിക്കാൻ, നിന്റെ കയ്യിൽ ഇല്ല. വിധവയുടെ ചില്ലിക്കാശുപോലെ നീ നിനക്കുള്ളത് യേശുവിനു കൊടുക്കുക. ബാലകന്റെ കയ്യിലെ അഞ്ചപ്പവും രണ്ടു മീനും പോലെ നിനക്കുള്ളത് യേശുവിന് കൊടുക്കുക.

കീറി നാറി മുഷിഞ്ഞുപോയ ആ ധൂർത്തപുത്രൻ തന്നെത്തന്നെ അപ്പന്റെ മുൻപിൽ കാണിക്കയായി വെച്ചതുപോലെ, മകനെ നിന്നെത്തന്നെ സ്വർഗ്ഗീയനാഥന്റെ സന്നിധാനത്തിങ്കൽ നീ സ്തോത്ര കാഴ്ചയായി അർപ്പിക്കുക. കാണിക്കയായി അർപ്പിക്കുക.

ക്രിസ്തു, ഇതാ, കരം നീട്ടി നിന്നെ ആശ്ലേഷിക്കുവാൻ, നിന്നെ വാരിപ്പുണരുവാൻ, നിൽക്കയാണ്. നിന്റെ കൈയ്യിലുള്ളത് നിസ്സാരം എന്ന് നിനക്കു തോന്നിയേക്കാം. അതങ്ങ് ഏല്പിച്ചുകൊടുക്കൂ.

യേശു അത് എടുക്കട്ടെ, യേശു വാഴ്ത്തട്ടെ, യേശു അനുഗ്രഹിക്കട്ടെ, യേശു വർദ്ധിപ്പിക്കട്ടെ, യേശു അനേകർക്ക് പോഷണമാക്കി, ഭക്ഷണമാക്കി ഉപയുക്തമാക്കി, പ്രയോജനപ്രദമാക്കി തീർക്കട്ടെ. നിന്നെത്തന്നെ കൊടുക്കുവിൻ. ഒരു ഗോതമ്പുമണി നിലത്തു വീണു ചാകട്ടെ. അനേകം ഗോതമ്പുകൾ ഉണ്ടാകട്ടെ.

സ്നേഹവാനേ, മഹാകാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ അത്ഭുതനിമിഷങ്ങൾക്കായി സ്തോത്രം. ഞങ്ങളെ ത്തന്നെ സമർപ്പിക്കുവാൻ അവിടുത്തെ പരിശുദ്ധാത്മാവ് ഞങ്ങളെ ആഹ്വാനം ചെയ്തതിനായി സ്തോത്രം. സമർപ്പണത്തിനുള്ള ആഗ്രഹം കൊണ്ടും ദാഹം കൊണ്ടും എല്ലാവരുടേയും ഹൃദയങ്ങളെ നിറയ്ക്കണമെ, കർത്താവെ ഈ്ാശോലിഭ എടുക്കുവാൻ, സാക്ഷാ ലുള്ള സമർപ്പണം എടുക്കുവാൻ ഇതുവായിക്കുന്ന എല്ലാവർക്കും ഭാഗ്യം നൽകണമേ.

ങ്ങൾ

## നാല്

“അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു കൊണ്ട് സ്വർഗ്ഗത്തിലേക്ക് നോക്കി വാഴ്ത്തി, അപ്പം നുറുക്കി അവർക്കു വിളമ്പുവാൻ തന്റെ ശിഷ്യന്മാർക്ക് കൊടുത്തു”.

മർക്കോസ്. 6:41

സ്വർഗ്ഗത്തേക്ക് നോക്കി വാഴ്ത്തി, സ്വർഗ്ഗത്തേക്ക് നോക്കി അനുഗ്രഹിച്ചു, നുറുക്കി പുരുഷാരത്തിനു വിളമ്പുവാൻ ശിഷ്യന്മാരുടെ കയ്യിൽ കൊടുത്തു.

ജീവനുള്ള ക്രിസ്തുവിന്റെ കയ്യിൽ സമർപ്പിക്കപ്പെടുന്നത് എന്തോ, അതിനെ അനുഗ്രഹിക്കുന്നവനാണ് ക്രിസ്തു. ഈലെ രൃമല്ലോ.

യേശുക്രിസ്തു അനുഗ്രഹിക്കുന്നവനാണ്. യേശുക്രിസ്തു വാഴ്ത്തുന്നവനാണ്, യേശുക്രിസ്തു വിശുദ്ധീകരിക്കുന്നവനാണ്. യേശുക്രിസ്തു ആശിഷമരുളുന്ന നിത്യനായ ദൈവപുത്രനാണ്. യേശുവിന്റെ നിസ്തുല സ്നേഹം! നാം അവന്റെ തൃക്കരങ്ങളിലേക്ക് വെച്ചു കൊടുക്കുന്നത്, അനുഗ്രഹിപ്പാൻ ആവലോടെ കാത്തു

നിൽക്കുകയാണ്.

ദൈവപൈതലേ, അവൻ നിന്നെ ഒന്നു അനുഗ്രഹിക്കട്ടെ. അവന്റെ മുൻപിൽ നിന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് അവന്റെ പാദത്തിൽ നീ ഒന്നു മുട്ടു മടക്കൂ. നീ അവനോട് പറയൂ,

കർത്താവേ ഇത്രയും കാലം തകർന്ന ജീവിതം, ഇത്രയും കാലം പാഴായ ജീവിതം, ഇത്രയും കാലം പാപത്തിനുവേണ്ടി വിട്ടുകൊടുത്ത ജീവിതം, ഇത്രയും കാലം അഴുക്കു പറ്റിയ ജീവിതം, ഇക്കണ്ട കാലങ്ങളെല്ലാം തിന്മയ്ക്കുവിട്ടുകൊടുത്ത ജീവിതം, ഇക്കണ്ട കാലങ്ങളെല്ലാം പൈശാചികൻ പന്താടിയ ജീവിതം, ഇക്കഴിഞ്ഞ കാലങ്ങളെല്ലാം സാത്താന്റെ ഒരു കളിപ്പാവയായി അവന്റെ ഇഷ്ടത്തിനും അവന്റെ ചൊല്പടിക്കും നിന്നു കൊടുത്തതായ ജീവിതം, എന്റെ ദൈവമേ, ഞാൻ എന്നെത്തന്നെ മറന്നും, ദൈവത്തെ മറന്നും ജീവിച്ച കാലങ്ങൾ എല്ലാം പാഴായിപ്പോയി, നാഥാ, ഇന്ന് ഇതാ ആയിരിക്കുന്ന പ്രകാരം  എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

മകനെ നീ ഈ്ാശ ചെയ്താൽ മതി, നീ സമർപ്പിച്ചു കൊടുത്താൽ യേശു അതിനെ-ഈീലെര്യമലേ-അനുഗ്രഹിക്കും, യേശു അതിനെ വാഴ്ത്തും, യേശു അതിന് ആശിഷമരുളും, കൊടുക്കുന്നത് വാങ്ങുന്ന ക്രിസ്തു!

കാലാകാലങ്ങളിൽ തങ്ങളുടെ ആയുസ്സ് യേശുവിനു കൊടുത്ത ദൈവ മനുഷ്യരിൽക്കൂടെയാണ് യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. ഓരോ കാലയളവിൽ, ലോകത്തിന്റെ അഞ്ചു വൻകരകളിൽ തലമുറ തലമുറയായി ഓരോരുത്തർ യേശുവിന് തങ്ങളെത്തന്നെ സമർപ്പിച്ചു കൊടുത്തു. അങ്ങനെയുള്ള സമ്പൂർണ്ണ സമർപ്പണം എടുത്ത ദൈവമക്കളിൽ ഊന്നി നിന്നുകൊണ്ട് യേശു ലോകത്തെ കീഴ്മേൽ മറിച്ചു.

യേശുവിനുവേണ്ടി സമർപ്പിച്ചുകൊണ്ട് അപ്പോസ്തലനായ പൗലോസ് പറഞ്ഞത് "ഞാൻ സകലവും ഉപേക്ഷിച്ചു എല്ലാം ചപ്പെന്നും ചവറെന്നും എണ്ണുന്നു" എന്നാണ്.

"എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതമെന്നെണ്ണിയിരിക്കുന്നു." എന്നാണ്.

ഫിലിപ്പ്യർ 3:7

നല്ല ഔന്നത്യമുണ്ടായിരുന്നു, യിസ്രായേൽ ജാതിക്കാരനായിരുന്നു, ബെന്യാമിൻ ഗോത്രക്കാരനായിരുന്നു, പരീശന്മാരിൽ പ്രധാനിയായിരുന്നു, സന്നദ്രീം സംഘത്തിലെ അംഗമായിരുന്നു, റോമൻ പൗരത്വം ജന്മനാ സിദ്ധിച്ച റോമൻ പൗരനായിരുന്നു, ഉന്നത കുലജാതനായിരുന്നു, ആഢ്യത്വമുള്ള തറവാടിത്തം ഉണ്ടായിരുന്നു, നല്ല പശ്ചാത്തലമുണ്ടായിരുന്നു, നല്ല ഉയർന്ന വിദ്യാഭ്യാസമുണ്ടായിരുന്നു, അന്നത്തെ ഒലയൃലം ഡിശ്ലൃശെറ്റിയിലെ പ്രൊഫ. ഗമാലിയേലിന്റെ അരുമ ശിഷ്യനായിരുന്നു, വളരെ എരിവേറിയ ഒരു പരീശനായിരുന്നു, വളരെ മതതീക്ഷ്ണതയുള്ള ഒരു യുവാവായിരുന്നു.

യെരുശലേം ദേവാലയത്തോടും ദേവാലയത്തിന്റെ വിവിധ കർമ്മ പരിപാടികളോടും ഒട്ടിച്ചേർന്നു നിന്ന ഭക്തിയുള്ള ഒരു യുവാവായിരുന്നു. നല്ല എരിവേറിയ ഒരു യഹൂദനായിരുന്നു. എന്നാൽ പൗലോസ് യേശുവിന്റെ സ്വരം കേട്ടു. തന്നെത്തന്നെ സമർപ്പിച്ചുകൊണ്ടു പറയുന്നു: "എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു." എല്ലാം ചേതം എന്നെണ്ണി തന്നെത്തന്നെ സമർപ്പിക്കുവാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്.

അന്ന് ശൌൽ ദമസ്കൊസ് പട്ടണത്തിലുള്ള ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ, അവിടെയുള്ള പുരോഹിതന്മാർക്ക്, ഭരണാധികാരികൾക്ക് കൊടുക്കാൻ, യെരുശലേമിലുള്ള മഹാപുരോഹിതന്മാരുടെ അധികാരപത്രത്തോടെ ചില സുഹൃത്തുക്കളുമൊരുമിച്ച്, ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് യാത്ര ചെയ്തു പോകുകയായിരുന്നു.

എന്നാൽ ദമസ്കൊസിലെ പടിവാതിലോടടുത്തപ്പോൾ പെട്ടെന്ന് ഇതാ നട്ടുച്ചനേരത്ത് ഒരു വെളിച്ചം, തീജ്ജ്വാലക്കൊത്ത വെളിച്ചം, കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശം, ശൌലിന്റെ ചുറ്റും മിന്നി. അതു

ല്യമായ പ്രകാശധോരണിയിൽ കണ്ണഞ്ചി ശൗൽ അവിടെ വീണു. ഏതോ ചില അത്ഭുതങ്ങൾ നടക്കുന്നു എന്നുള്ളതല്ലാതെ എന്താണെന്ന് കൂടെയുള്ളവർക്ക് മനസ്സിലായില്ല.

ശൌൽ കണ്ണുകാണാൻ വയ്യാത്തവനായി വീണു കിടന്നു, അത്ഭുതപ്രകാശം കണ്ട്, ചുറ്റിമിന്നിയ ആ സ്വർഗ്ഗീയ തേജസ്സുകണ്ട്, കണ്ണഞ്ചിപ്പോയവനായി, വീണുകിടക്കുമ്പോൾ കേൾക്കാം ഒരു മൃദുല സ്വരം.

> "ശൌലേ, ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്ന് എന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. കർത്താവെ നീ ആർ എന്നു ഞാൻ ചേദിച്ചതിന്നു നീ ഉപദ്രവിക്കുന്ന നസറായനായ യേശു ആകുന്നു ഞാൻ എന്നു അവൻ എന്നോടു പറഞ്ഞു."
>
> അപ്പൊ. പ്ര. 22: 7–8

യേശു ജീവിച്ച കാലയളവിൽ ശൗൽ യേശുവിനെ കണ്ടതായിട്ടോ, യേശുവിനോട് സംസാരിച്ചതായിട്ടോ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇപ്പോൾ യേശു പറയുന്നു.

"ശൌലേ, ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്"?

എന്റെ വേലയെ ഉപദ്രവിക്കുന്നത് എന്നെ ഉപദ്രവിക്കുന്നതാണ്. എന്റെ വേലക്കാരെ ഉപദ്രവിക്കുന്നത് എന്നെ ഉപദ്രവിക്കുന്നതാണ്. എന്റെ വേല ചെയ്യുന്നവരെ അപമാനിക്കുന്നത് എന്നെ ഉപദ്രവിക്കുന്നതാണ്. എന്റെ വേലക്കാരെ വിഷമിപ്പിക്കുകയും, വേദനിപ്പിക്കുകയും, അവരെ അപകടപ്പെടുത്തുകയും അവരെ ഉപദ്രവിക്കുകയും ചെയ്യുന്നത് എന്നെ ഉപദ്രവിക്കുന്നതാണ്.

ശൌൽ യേശു ചോദിക്കുന്ന ശബ്ദം കേട്ട് അറിയാതെ ചോദിച്ചുപോയി. "നീ ആരാകുന്നു കർത്താവേ" ?

ആരാണെന്നു മനസ്സിലാകുന്നില്ല എങ്കിലും ചോദിക്കുന്നത് "നീ

ആരാകുന്നു കർത്താവേ" എന്നാണ്.

ഉടനെ മറുപടി "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ."

സ്നേഹിതാ, നിങ്ങൾ ഈ ശബ്ദം കേൾക്കൂ, ‘‘നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" മകനേ നീ ദൈവ ജനത്തെ ഉപദ്രവിക്കുന്നുണ്ടോ? നീ ദൈവ വേലയെ തടസ്സപ്പെടുത്തുന്നുണ്ടോ? ദൈവ വേലയെ തകർക്കാൻ നോക്കുന്നുണ്ടോ? ദൈവമക്കളെ നീ നിരൂപണം ചെയ്യുന്നുണ്ടോ? ദൈവമക്കളെ നിശിതമായി വിമർശിക്കുന്നുണ്ടോ? ദൈവമക്കളിൽ കുറ്റം കണ്ടെത്താൻ നോക്കുന്നുണ്ടോ? ദൈവമക്കളെ അപമാനിക്കുന്നുണ്ടോ? ദൈവ വേല മുന്നോട്ടു പോകുന്നതിന് മകനേ, നീ പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നുണ്ടോ?

ഓർക്കൂ ദൈവപൈതലേ, നീ യേശുവിനെയാണ് ഉപദ്രവിക്കുന്നത്, സാക്ഷാൽ രക്ഷകനെയാണ് ഉപദ്രവിക്കുന്നത്.

തുടർന്ന് വീണ്ടും യേശുവിന്റെ ശബ്ദം ശൗൽ കേട്ടു. "എങ്കിലും എഴുന്നേറ്റു നിവർന്നു നിൽക്ക.''

നീ യേശുവിനെ ഉപദ്രവിക്കുന്നവനാണെങ്കിലും മകനേ, ഇപ്പോൾ നിനക്ക് എഴുന്നേൽക്കാം. നീ വീണു കിടക്കുന്നവനാണെങ്കിലും ഇപ്പോൾ നിനക്ക് എഴുന്നേൽക്കാം, നീ തോറ്റുപോയവനാണെങ്കിലും നിനക്ക് ഇനിയും ജയിക്കാം. ജീവിതം പാഴാക്കിയവനാണെങ്കിലും ഇനിയും ശോഭന കാലങ്ങൾ നിനക്ക് നേടിയെടുക്കാം. ജീവിതം തകർത്തുകളഞ്ഞവനാണെങ്കിലും ഇനിയും പുതിയോരു ജീവിതം നിനക്ക് കെട്ടിപ്പടുക്കാം.

"എങ്കിലും എഴുന്നേറ്റ് നിവർന്നു നിൽക്ക"

അപ്രൊ. പ്ര. 26:15

നിന്നെ എന്റെ സാക്ഷിയായി നിയമിപ്പാൻ എനിക്ക് തിരുമനസ്സായിരിക്കുന്നു. ഈ സംഭവം വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്.

> "ദമസ്കൊസിലേക്ക് യാത്രപോകുമ്പോൾ, രാജാവേ, നട്ടുച്ചയ്ക്ക് ഞാൻ വഴിയിൽ വെച്ച് സൂര്യന്റെ പ്രകാശത്തെ കവിഞ്ഞോരു വെളിച്ചം ആകാശത്തിൽ നിന്ന് എന്നേയും എന്നോടുകൂടെ യാത്ര ചെയ്യുന്നവരേയും ചുറ്റി പ്രകാശിക്കുന്നതു കണ്ടു. ഞങ്ങൾ എല്ലാവരും നിലത്തുവീണപ്പോൾ: ശൌലേ, ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? മുള്ളിന്റെ നേരെ ഉതയ്ക്കുന്നത് നിനക്ക് വിഷമം ആകുന്നു എന്ന് എബ്രായ ഭാഷയിൽ എന്നോട് പറയുന്നോരു ശബ്ദം ഞാൻ കേട്ടു. നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ചതിന്നു കർത്താവു: നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ; എങ്കിലും എഴുന്നേറ്റു നിവർന്നു നിൽക്ക; നീ എന്നെ കണ്ടതിന്നും ഇനി ഞാൻ നിനക്ക് പ്രത്യക്ഷൻ ആവാനിരിക്കുന്നതിന്നും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിപ്പാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി"
>
> അപ്പോ പ്ര. 26 :13–16

നിന്നെ ഞാൻ ശുശ്രൂഷകനാക്കും, നിന്നെ ഞാൻ സാക്ഷിയാക്കി നിയമിക്കും.

> മാത്രമല്ല, "ജനത്തിന്റേയും ജാതികളുടെയും കയ്യിൽ നിന്നു ഞാൻ നിന്നെ രക്ഷിക്കും. അവർക്ക് പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്ന് ദൈവത്തിങ്കലേക്ക് തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്നു കല്പിച്ചു."
>
> അപ്പോ. പ്ര. 26: 17–18

ക്രിസ്തുവിന്റെ ശുശ്രൂഷകനും സാക്ഷിയുമായി നിൽപ്പാനുള്ള വലിയ പ്രതീക്ഷയുടെ വിളി കിട്ടിയപ്പോൾ, ആ ആഹ്വാനത്തിന്റെ മുന്നിൽ ശൗൽ തന്നെത്തന്നെ സമർപ്പിച്ചുകൊടുത്തു. ശൗൽ പിൽക്കാലത്ത് പറഞ്ഞു.

> "എങ്കിലും എനിക്ക് ലാഭമായിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു."
>
> ഫിലിപ്പിയർ. 3:7

എല്ലാം ഉപേക്ഷിച്ച് ചവറു എന്നു എണ്ണിക്കൊണ്ട്, എല്ലാം പിന്നിലേക്ക് തള്ളിക്കൊണ്ട്, മുന്നിലുള്ള ലാക്കിലേക്ക്, അത്യന്ത ജാഗ്രതയോടെ, സ്ഥിരതയോടെ, ഓടുവാൻ അപ്പോസ്തലൻ തയ്യാറായി.

മാന്യദൈവപൈതലേ, നീ ഇതു വായിക്കുമ്പോൾ നിന്റെ ജീവിതം ക്രിസ്തുവിനു കൊടുക്കാൻ നിനക്ക് തോന്നുന്നുണ്ടോ? ഇതുവരെ ഉള്ളതും, നിന്റെ എല്ലാ നേട്ടവും ചപ്പെന്നും ചവറെന്നും എണ്ണിക്കൊണ്ട് ഇനിയുള്ള ആയുസ്സ് ക്രിസ്തുവിനു കൊടുക്കാൻ തോന്നുന്നുണ്ടോ?

ക്രിസ്തു ഈലെര്യമലേ ചെയ്യും, ക്രിസ്തു നിന്നെ അനുഗ്രഹിക്കും, ക്രിസ്തു നിന്നെ വാഴ്ത്തും, ക്രിസ്തു നിന്നെ വളർത്തും, ക്രിസ്തു നിന്നെ ഉയർത്തും, ക്രിസ്തു നിന്നെ ഉപയോഗിക്കും, ക്രിസ്തു നിന്നിൽ ഊന്നിനിന്നുകൊണ്ട്, ഈ തലമുറയിൽ ചില വൻ കാര്യങ്ങൾ നിർവ്വഹിക്കും, തലമുറകളിലേക്ക് പകരുന്ന നിർണ്ണായകമായ ചില അനുഭവങ്ങൾ നിന്നിൽക്കൂടി ക്രിസ്തു നിർവ്വഹിക്കും. അതിന്നായി നിന്നെത്തന്നെ സമർപ്പിക്കൂ.

സ്നേഹവാനേ, ആ ബാലകൻ നൽകിയത് അവിടുന്ന് അനുഗ്രഹിച്ചു, അവിടുന്ന് വാഴ്ത്തി, ഞാനും ഇതാ എന്നെത്തന്നെ തരുന്നു, അവിടുന്ന് വാഴ്ത്തണമേ, എന്നെ അനുഗ്രഹിക്കണമേ, എന്നെ വിശുദ്ധീകരിക്കണമേ, എന്നെ നിന്റെ കരങ്ങളിൽ എടുക്കണമേ, എന്നെ

വിശുദ്ധീകരിച്ച് അവിടുത്തെ മഹത്വമുള്ള ശുശ്രൂഷയ്ക്ക് ഉപയോഗമുള്ളവനാക്കി മാറ്റണമേ, അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി എന്നെ വിശുദ്ധീകരിച്ച് ഒരുക്കണമേ.

## അഞ്ച്

''അവൻ ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു കൊണ്ട് സ്വർഗ്ഗത്തേക്കു നോക്കി അവയെ അനുഗ്ര ഹിച്ചു നുറുക്കി പുരുഷാരത്തിന് വിളമ്പുവാൻ ശിഷ്യ ന്മാരുടെ കയ്യിൽ കൊടുത്തു''

ലൂക്കോസ് 9:16

ഒന്ന് : ഈീാാശലേറ  ബാലകൻ യേശുവിനു സമർപ്പിച്ചു.

രണ്ട് : ഈിലെര്യമലേറ  യേശു അതിനെ അനുഗ്രഹിച്ചു. വിശു ദ്ധീകരിച്ചു വാഴ്ത്തി.

മൂന്ന് : ഇൃൗവെലറ  യേശു അതിനെ നുറുക്കി.

യേശുവിന്റെ കയ്യിൽ കിട്ടിയാൽ യേശു അനുഗ്രഹിക്കും; അനുഗ്രഹിച്ചാൽ യേശു നുറുക്കാൻ തുടങ്ങും. ക്രിസ്തീയ ജീവിതത്തിൽ നുറുക്കം ഉണ്ട് എന്ന കാര്യം ദൈവമക്കൾ മറക്കരുത്.

ക്രിസ്തീയ ജീവിതത്തിൽ ദുരിതങ്ങൾ ഉണ്ട്, എതിർപ്പുകൾ ഉണ്ട്, പോരാട്ടങ്ങൾ ഉണ്ട്, വലിയ വലിയ പ്രതിസന്ധികൾ ഉണ്ട്, അനേകമനേകം യാതനകളും വേദനകളും പ്രശ്നങ്ങളും പ്രതിസന്ധികളും ദുർഘടങ്ങളും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരും എന്ന കാര്യം ദൈവമക്കൾ പ്രത്യേകം ഓർത്തുകൊള്ളേണ്ടതാണ്.

ഒന്നു അറിഞ്ഞുകൊള്ളുക, നുറുക്കുന്ന അനുഭവം വരുമ്പോൾ ദൈവം നിന്നെ ഉപയോഗിക്കാൻ തുടങ്ങി എന്ന് അർത്ഥം. നുറുക്കുന്ന അനുഭവം നിനക്ക് കിട്ടുമ്പോൾ, കഠിനമായ ശോധനയിലൂടെ പോകേണ്ടിവരുമ്പോൾ നിത്യനായ ദൈവം നിന്നെ ഉപയോഗിപ്പാൻ പോകുന്നു എന്നു നീ അറിഞ്ഞുകൊള്ളുക. അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്ക് ദൈവം നിന്നെ നയിക്കുന്നു എന്ന് ദൈവ പൈതലേ, നീ അറിഞ്ഞുകൊള്ളുക.

കഠിനമായ ശോധനയിൽക്കൂടി നീ പോകുമ്പോൾ, യാതനകളുടേയും വേദനകളുടേയും രംഗങ്ങളിൽ നീ അമ്പരപ്പോടെ പരിഭ്രാന്തനായി നിൽക്കുമ്പോൾ, ദൈവപൈതലേ, നീ അറിഞ്ഞുകൊള്ളുക, ക്രിസ്തു നിന്നെ വർദ്ധിപ്പിക്കാൻ പോകുന്നു എന്ന്. യേശുവിന്റെ കരം നിന്നെ ഇൗവെ ചെയ്യുന്നെങ്കിൽ, യേശുവിന്റെ കരം നിന്നെ യ്യലമസ ചെയ്യുന്നെങ്കിൽ, യേശുവിന്റെ കരം നിന്നെ മുറിച്ചു നുറുക്കുന്നു എങ്കിൽ മകനേ, അത് ഭാഗ്യമാണ്.

ജീവിതത്തിൽ യാതനകൾ വരുമ്പോൾ അതെല്ലാം നന്മയാക്കി മാറ്റാൻ യേശുവിനു കഴിയും. മറ്റുള്ളവരിലേക്ക് അനുഗ്രഹം പകരുവാൻ, അനേകം ജീവിതങ്ങളിൽ സന്തോഷവും സമാധാനവും ശാന്തിയും പകരുവാൻ യേശുക്രിസ്തു നിന്നെ ഉപയോഗിക്കാൻ പോകുന്നു.

“ആ അഞ്ചു അപ്പവും രണ്ടു മീനും യേശു നുറുക്കി.” ക്രിസ്തീയ ജീവിതത്തിൽ നുറുക്കലിന്റെ അനുഭവങ്ങൾ ആർക്കാണ് ഇല്ലാത്തത്”? എല്ലാവർക്കും ഇല്ലേ നുറുക്കലിന്റെ അനുഭവങ്ങൾ. എത്രയെത്ര പ്രതിസന്ധികളിലൂടെയാണ് ആദിമസഭ വളർന്നുവന്നത്?

സകലരും പരിഹസിക്കുന്നു; പലരും തെറ്റിദ്ധരിക്കുന്നു; എല്ലാവരും ആക്ഷേപിക്കുന്നു; നാട്ടുകാർ ഉപേക്ഷിക്കുന്നു; സ്വന്തക്കാർ തള്ളിക്കളയുന്നു; വേണ്ടപ്പെട്ടവർ ഒറ്റപ്പെടുത്തുന്നു; എല്ലാവരുടെ മുമ്പിലും തുച്ഛീകരിക്കപ്പെടുന്നു; ആർക്കും വിലയില്ലാതാകുന്നു.

ഒരു കാലത്ത് നമ്മെ മാനിച്ചവർ ഇന്നു തിരിഞ്ഞുനോക്കാതെ നടക്കുന്നു. ഒരുകാലത്ത് നമ്മുടെ സഹായം ലഭിച്ചവർ ഇന്ന് നമ്മെ കണ്ടാൽ അറിയാത്തവരെപ്പോലെ മാറിപ്പോകുന്നു.

ഫലം കായ്ക്കുന്ന മുന്തിരിവള്ളിയെയാണ് അധികഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നത്. ഫലം കായ്ക്കാത്തതിനെയല്ല ; മകനേ നീ ഫലം കായ്ക്കുന്നതുകൊണ്ടാണ് നിന്നെ ചെത്തി വെടിപ്പാക്കാൻ ഉടമസ്ഥൻ തീരുമാനിച്ചത്. ചെത്തിവെടിപ്പാക്കുമ്പോൾ, "അയ്യോ, വേദനയാണ്, എന്നെ ചെത്തല്ലേ" എന്നു നീ പറയരുത്.

ഈ മുന്തിരിവള്ളി, മുന്തിരിത്തലപ്പ് ഉടമസ്ഥൻ ചെത്തിക്കൊള്ളട്ടെ. കർത്താവേ, എന്നെ ചെത്തല്ലേ എന്നു ഞാൻ പറഞ്ഞ പാപങ്ങൾ എന്റെ മേൽ കണക്കിടരുതേ. എനിക്ക് ദുരിതം വരല്ലേ എന്നു ഞാൻ പ്രാർത്ഥിച്ച കാര്യങ്ങൾ എന്റെ മേൽ കണക്കിടരുതേ കർത്താവേ. കഷ്ടപ്പാട് ഒഴിവാക്കാൻ, ഞെരുക്കം ഒഴിവാക്കാൻ, ഞാൻ ശ്രമിച്ച എന്റെ ആത്മീയ പാപ്പരത്വം എന്നോട് പൊറുക്കണമേ.

കർത്താവെ, ക്രിസ്തീയ ജീവിതം കുരിശിന്റെ പാതയാണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ക്രിസ്തീയ ജീവിതം സകലരും പകയ്ക്കുന്ന വഴിയാണെന്ന് ഇപ്പോൾ ഞാൻ ഏറ്റു പറയുന്നു. കർത്താവെ, ആ കുരിശിന്റെ വഴി സ്വീകരിപ്പാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങൾക്ക് പുതിയ തീരുമാനങ്ങൾ എടുക്കാൻ സാധിക്കുന്നുണ്ടോ? നുറുക്കലിന്റെ അനുഭവത്തിലേക്ക് വിധേയപ്പെടാൻ നിങ്ങൾക്ക് മനസ്സോ? ദൈവത്തിന്റെ കരങ്ങളിലേക്ക് വിട്ടുകൊടുക്കാൻ നിങ്ങൾക്ക് സമ്മതമോ?

ഏതു കാലത്താണ് ആത്മീയർ പീഡ നേരിടാതിരുന്നിട്ടുള്ളത്? ഏതു തലമുറയിലാണ് സത്യവിശുദ്ധന്മാർ കഠിന ശോധനയെ നേരിടാതിരുന്നിട്ടുള്ളത് ? കർത്താവിനുവേണ്ടി ഉപയോഗിക്കപ്പെട്ട ഏതൊരു ദൈവപൈതലാണ് എന്തെങ്കിലും ദുരിതങ്ങളിലൂടെ, പ്രശ്ന

ങ്ങളിലൂടെ, കഷ്ടപ്പാടുകളിലൂടെ, കൊടിയ യാതനയിലൂടെ, മാരക രോഗങ്ങളിലൂടെ കടന്നുപോകാതിരുന്നിട്ടുള്ളത്?

മകനെ, നീയും കുരിശിന്റെ പാത തിരഞ്ഞെടുത്തുകൊള്ളുക. “തന്നെത്തന്നെ ത്യജിച്ചു കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല” എന്നത്രേ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് പറഞ്ഞത്.

ഒരാൾ കുരിശുംപേറി പോകുന്നതുകണ്ടാൽ നാം എന്താണു മനസ്സിലാക്കുക? ഈ മനുഷ്യൻ വധസ്ഥലത്തേക്ക് നീങ്ങുകയാണ്. ഏതാനും സമയത്തിനകം ഈ മനുഷ്യനെ കുരിശിലേറ്റും. അവന്റെ കൈകളും കാലുകളും ഇരുമ്പാണികൾകൊണ്ട് മരത്തിലേക്ക് ആഞ്ഞ് തറച്ചു ചേർക്കും. അവനിതാ ഏതാനും സമയത്തിനകം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും, അവൻ പിന്നീട് ഒരു ഓർമ്മ മാത്രമായിത്തീരും. അവനിനി തിരികെ ഈ വഴിയിലൂടെ വരികയില്ല, അവനിതാ കൊല്ലപ്പെടാൻ പോകുന്നു.

കുരിശു ചുമന്നുകൊണ്ടു പോകുന്നത് അങ്ങിനെയാണ് അർത്ഥമാക്കുന്നത്. വധസ്ഥലത്തേക്ക് നീങ്ങുകയാണ്. യാതനാ സ്ഥലത്തേക്ക് നീങ്ങുകയാണ്. കഠിനശോധനാ സ്ഥലത്തേക്ക് നീങ്ങുകയാണ്, കഠിന വേദന സഹിപ്പാൻ നീങ്ങുകയാണ്. ഘോരമായ വേദനയിൽ പുളഞ്ഞ് യേശു കുരിശിന്മേൽ കിടന്നതുപോലെ മകനേ, നീയും ഉപേക്ഷിക്കപ്പെട്ട് സകലരാലും വെറുക്കപ്പെട്ട്, അറയ്ക്കപ്പെട്ട് എല്ലാവരുടേയും മുൻപിൽ നിന്ദാപാത്രമായി മാറും.

ഒന്നു മാത്രം, യേശുവിന്റെ വിശുദ്ധി കൈമോശം വരരുത് എന്നു നീ വെച്ചാൽ മതി. യേശുവിന്റെ സ്നേഹവും നന്മയും നിന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കണമെന്നു മാത്രം.

യേശുവിന്റെ ഛായ മാറിപ്പോകരുത്. കഷ്ടതകൾ വന്നുകൊള്ളട്ടെ, നിനക്ക് നീരസം വരരുത്. ദുരിതം വന്നുകൊള്ളട്ടെ, നിനക്ക് പരിഭവം തോന്നരുത്. നിന്റെ ജീവിതത്തിൽ പ്രതിസന്ധികൾ വന്നുകൊ

ള്ളട്ടെ, നിന്റെ മനസ്സിൽ പിറുപിറുപ്പ് വരരുത്. എനിക്കെന്താണ് ഇങ്ങനെ വന്നത്? ദൈവം എന്നോടെന്താണ് ഇങ്ങനെ ചെയ്തത്? എന്ന് മകനേ, നീ പരിഭവിക്കരുത്. മകളേ നീ അല്പം പോലും മുഷിയരുത്, ജീവനുള്ള ക്രിസ്തു നിന്റെ ജീവിതത്തിൽ വരുന്ന തെല്ലാം നന്മയ്ക്കാക്കി മാറ്റാൻ മതിയായവനാണെന്ന് അറിഞ്ഞു കൊൾക.

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ, സകലവും നന്മ യ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."

റോമർ 8:28

മകനെ, നിനക്കു സംഭവിച്ചതെല്ലാം നന്മയാക്കി മാറ്റാൻ യേശു വിനു കഴിയും. പക്ഷെ നിനക്കുവന്ന യാതനകൾ നിന്റെ പാപം മൂലം വന്നത് ആകരുത്.

നീ വിശുദ്ധനായി ജീവിക്കുമ്പോൾ, നീ സ്നേഹം നിറഞ്ഞവ നായി ജീവിക്കുമ്പോൾ, നീ ക്രിസ്തുവിന്റെ ഛായയുള്ളവനായി ജീവിക്കുമ്പോൾ, അപ്പോൾ "നീതി നിമിത്തം നീ ഉപദ്രവിക്കപ്പെ ടുന്നു എങ്കിൽ" നീ ഭാഗ്യവാനാണ്.

"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്."

മത്തായി. 5:10

നിനക്ക് കുറ്റം വന്നിട്ട്, നിനക്ക് തെറ്റു പറ്റിയിട്ട് അടികൊള്ളുന്ന തിൽ യശസ്സ് ഒന്നുമില്ല, മേന്മയൊന്നുമില്ല, എന്നാൽ നിനക്ക് തെറ്റുപറ്റാതെയിരിക്കുന്നു, നിരപരാധിയായിരിക്കുന്നു, കുറ്റമറ്റവനായി നിൽക്കുന്നു, അപ്പോൾ നിനക്ക് പീഡകൾ, എതിരുകൾ, പോരാട്ട ങ്ങൾ വരുന്നു എങ്കിൽ നീ ഭാഗ്യവാനായി മാറുന്നു. മത്തായിയുടെ

സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കാം.

> “നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാതിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ“
>
> മത്തായി 5:10–12

ദൈവപൈതലേ, ഇപ്പോൾ നീ ഒരു തീരുമാനം എടുക്കൂ, കർത്താവേ, നിന്റെ കരം കൊണ്ട് എന്നെ ഇൗവെ ചെയ്യണമേ, നിന്റെ കരംകൊണ്ട് എന്നെ മുറിക്കണമേ, ഗോഗുൽത്തായിൽ എനിക്കു വേണ്ടി തകർക്കപ്പെട്ട യേശുവേ, ഗോഗുൽത്തായിൽ എനിക്കു വേണ്ടി മുറിക്കപ്പെട്ട യേശുവേ, ഗോഗുൽത്തായിലെ മരക്കുരിശിൽ എനിക്കുവേണ്ടി മുറിക്കപ്പെട്ട എന്റെ ഉടയവനേ, ഇപ്പോൾ ഞാനിതാ, നിന്നോടു യാചിക്കുകയാണ്, നിന്റെ കരം കൊണ്ട് എന്നെ തകർക്കുമ്പോൾ ഞാൻ തടുക്കുകയില്ല, ഞാൻ എതിർക്കുകയില്ല, ഞാൻ പരിഭവിക്കുകയില്ല, ഞാൻ നിരാശനാവുകയില്ല, ഞാൻ തളരുകയില്ല, ഞാൻ പുഞ്ചിരിയോടെ കുരിശേറ്റെടുത്തുകൊണ്ട് എന്റെ നാഥന്റെ പിന്നാലെ നടക്കും.

ദൈവപൈതലേ, പുഞ്ചിരിയോടെ കുരിശ് ചുമക്കൂ, സന്തോഷത്തോടെ കുരിശ് ചുമക്കൂ, അതൊരു പദവി എന്നു കണ്ട് കുരിശ് ചുമക്കൂ, സമാധാനത്തിന്റെ രാജാധിരാജൻ പേറിയതുപോലെ കുരിശ് നീയും വഹിക്കൂ.

നിനക്ക് ജീവനിലേക്ക് എത്താം, നിനക്ക് നിത്യകവാടത്തിൽ എത്താം, നിനക്ക് സ്വർഗ്ഗതീരത്ത് എത്താം, നിനക്ക് ജീവവൃക്ഷത്തിന്റെ ഫലം ഭുജിക്കാം, നിനക്ക് ജീവനദിക്കരികെ പാർക്കാം, നിത്യജീവന്റെ കൂടാരത്തിൽ നിനക്ക് എത്തിച്ചേരാം, അവിടെ രാജാധിരാജനെ സ്തുതിക്കാം, അത്യുന്നതങ്ങളിൽ മാലാഖമാർ സ്തുതിക്കുന്നതുപോലെ രാജാധിരാജനെ സ്തുതിച്ചുകൊണ്ട് അനന്തകാലം

നിനക്ക് സ്വർഗ്ഗ തേജസ്സിൽ വസിക്കാം, നീ നിന്നെത്തന്നെ സമർപ്പിക്കൂ.

രാജാധിരാജനായ പൊന്നേശുവേ, കരുണയുള്ള കർത്താവേ ഈ നല്ല സമയത്തിനായി സ്തോത്രം. അടിയങ്ങൾക്ക് ഇതുവായിക്കുവാൻ കൃപ തന്നതിനാൽ സ്തോത്രം, സ്നേഹത്തിന്റെ വചനങ്ങൾ ഞങ്ങളെ ഓരോരുത്തരേയും ഉണർത്തിയതിന്നായി സ്തോത്രം,

എല്ലാം അവിടുത്തെ ദാനമല്ലോ, നാഥാ എല്ലാം അവിടുത്തെ കൃപയല്ലോ, എല്ലാം അവിടുത്തെ കരുണയല്ലോ, നാഥാ നിന്റെ കൃപയിൽ ഞങ്ങൾ ശരണപ്പെടുന്നു, നിന്റെ സ്നേഹത്തിൽ ഞങ്ങൾ വീഴുന്നു, നിന്റെ സ്നേഹത്തിൽ ഞങ്ങൾ താഴുന്നു, നിന്റെ സ്നേഹത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു, ആ ദിവ്യ സ്നേഹത്തിൽ ഞങ്ങളെ ചേർക്കണമേ.

ഞങ്ങളെ പൊടിക്കണമേ, ഗോഗുൽത്തായിൽ പൊടിക്കപ്പെട്ട ജീവനുള്ള യേശുവേ, ഗോഗുൽത്തായിലെ ചക്കിലിട്ടു പൊടിച്ചെടുത്ത ജീവനുള്ള യേശുവേ, ഇന്ന് ഇപ്പോൾ ഇതു വായിക്കുമ്പോൾത്തന്നെ, എന്റെ മേൽ നിന്റെ കരം വെച്ച് എന്നെ നുറുക്കണമേ, എന്നെ പൊടിക്കണമേ, അനേകർക്ക് പോഷണമാക്കിത്തീർക്കണമേ, ദൈവനാമം എന്നുമെന്നേക്കും മഹത്വപ്പെടുമാറാകട്ടെ.

ഇരു

## ആറ്

"ആളുകളെ ഇരുത്തുവിൻ എന്ന് യേശു പറഞ്ഞു. ആ സ്ഥലത്ത് വളരെ പുല്ലുണ്ടായിരുന്നു, അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു. പിന്നെ യേശു അപ്പം എടുത്ത് വാഴ്ത്തി, ഇരുന്നവർക്ക് പങ്കിട്ടുകൊടുത്തു, അങ്ങനെ തന്നേ മീനും വേണ്ടുന്നേടത്തോളം കൊടുത്തു"

യോഹ: 6: 10–11

ബേത്ത്സയിദയിലെ മലഞ്ചെരുവിൽ നല്ല പുൽത്തകിടിയുണ്ടായിരുന്നു. നല്ല മൈതാനമായിരുന്നു അത്; ആ മലഞ്ചെരുവിൽ തടിച്ചുകൂടിയ ജനത്തോട് ക്രിസ്തു തിരുവചനം സംസാരിക്കുകയായിരുന്നു. ആ ജനമാകട്ടെ ആർത്തിപൂണ്ട് യേശുവിന്റെ തിരുവായ് മൊഴികളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവരിൽ അനേകർക്ക് രോഗസൗഖ്യം ലഭിച്ചു. അനേകർക്ക് ഹൃദയശാന്തി ലഭിച്ചു, അനേകർക്ക് സമാധാനം ലഭിച്ചു. അനേകർ യേശുവിന്റെ വചനത്താൽ ആവേശം കൊണ്ടു.

അനേകരുടെ ഹൃദയത്തിൽ യേശുക്രിസ്തുവിന്റെ തിരുവചനം കടന്നു ചെന്നു. അനേകരുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു, യേശുക്രിസ്തു ആ ജനത്തെകണ്ട് മനസ്സലിഞ്ഞു. ബാലകൻ അവന്റെ കയ്യിലുള്ള അഞ്ച് അപ്പവും രണ്ടു മീനും യേശുവിന്റെ കയ്യിലേക്ക് കൊടുത്തു. യേശു പറഞ്ഞു,

“ജനത്തെ ഇരുത്തുവിൻ”, ജനം പന്തിപന്തിയായി ഇരുന്നു. ജനം വചനം അനുസരിച്ചു, ജനത്തോട് ഇരിക്കാൻ കല്പിച്ചപ്പോൾ ജനം അനുസരിച്ചു.

വചനം അനുസരിക്കുന്നവർക്കാണ് വചനത്തിന്റെ ജീവൻ ലഭിക്കുന്നത്, വചനം കൈക്കൊള്ളുന്നവർക്കാണ് വചനത്തിന്റെ അനുഗ്രഹം ലഭിക്കുന്നത്. വചനം സന്തോഷത്തോടെ സ്വീകരിക്കുന്നവർക്കാണ് വചനത്തിന്റെ അത്ഭുത സമാധാനം ലഭിക്കുന്നത്.

അവരെ ഇരുത്തുവിൻ എന്ന് യേശു പറഞ്ഞപ്പോൾ ജനം ഇരുന്നു. അനുസരിച്ചവർക്ക് യേശു അപ്പം പങ്കിട്ടുകൊടുത്തു. അനുസരിച്ചവർക്ക് അനുഗ്രഹം ലഭിച്ചു.

മനുഷ്യ സമുദായത്തിന്റെ വളർച്ചയിൽ ദൈവത്തെ അനുസരിക്കുന്ന വിഭാഗവും ദൈവത്തിന്റെ വചനത്തെ അനുസരിക്കാതെ സാത്താന്റെ വചനത്തെ അനുസരിക്കുന്ന മറ്റൊരു വിഭാഗവും ഉണ്ട് എന്ന് നമുക്ക് കാണാം. ഒന്നാം മനുഷ്യനായ ആദാം ദൈവത്തിന്റെ വചനം അനുസരിക്കേണ്ടതിനു പകരം സാത്താന്റെ വചനം അനുസരിച്ചു. ആദിമ മനുഷ്യൻ ദൈവത്തിന്റെ വചനത്തെ ലംഘിച്ചു. ‘‘തിന്നരുത്” എന്ന് ദൈവം കല്പിച്ചത് തിന്നു. തിന്നാൽ നീ മരിക്കും എന്ന് ദൈവം കല്പിച്ചു.

തിന്നാൽ നീ ദൈവത്തെപ്പോലെ ആകും എന്ന് സാത്താൻ പറഞ്ഞു. ദൈവം തിന്നരുത് എന്നു പറഞ്ഞ വചനം ഒരു വശത്ത്; സാത്താന്റെ വചനം മറുവശത്ത്.

ഈ രണ്ടു വചനങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ ആദാം സാത്താന്റെ വചനം കൈക്കൊണ്ടു. ദൈവത്തിന്റെ വചനവും സാത്താന്റെ വചനവും കേൾക്കുന്ന മനുഷ്യൻ സാത്താന്റെ വചനത്തിനു ചെവികൊടുത്താൽ അവന്റെ ജീവിതം തകരുന്നു. അവന്റെ ആത്മാവ് മരിക്കുന്നു.

‘‘തിന്നുന്ന നാളിൽ നീ മരിക്കും’’ എന്നുള്ള ദൈവത്തിന്റെ തിരുവചനത്തെ ആദാം ലംഘിച്ചു. ആദിമനുഷ്യൻ അനുസരണക്കേട് കാണിച്ചു.

> ‘‘ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നു’’
>
> റോമർ 5: 19

മനുഷ്യന്റെ അനുസരണക്കേട് ദൈവത്തിന്റെ വചനത്തെ ലംഘിക്കുന്നതിന് കാരണമായിത്തീർന്നു, സാത്താന്റെ വചനം അനുസരിച്ചു.

> ‘‘ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ.’’
>
> റോമർ 6:16

ലോകത്തിൽ രണ്ടു വിഭാഗം ജനങ്ങളേ ഉള്ളൂ. ഒന്നുകിൽ ദൈവത്തെ അനുസരിക്കുന്നവർ, അല്ലെങ്കിൽ സാത്താനെ അനുസരിക്കുന്നവർ. ഒന്നുകിൽ ദൈവത്തിന്റെ പക്ഷത്ത്, അല്ലെങ്കിൽ സാത്താന്റെ പക്ഷത്ത്. ഇതിന്റെ രണ്ടിന്റേയും ഇടയ്ക്ക് വേറൊരു വിഭാഗം ഇല്ല. കുറച്ചു ദൈവത്തിനും കുറച്ച് സാത്താനും എന്ന നിലപാട് സാദ്ധ്യമല്ല, സാത്താന് ഒരല്പം ഇടം കൊടുക്കുന്നുണ്ടെങ്കിൽ അവിടെ ദൈവത്തിനു ഇടമില്ല എന്നർത്ഥം.

സ്നേഹിതരേ, നമ്മുടെ ജീവിതത്തിൽ നാം ദൈവത്തെ അനുസരിക്കുന്നുണ്ടോ? ദൈവത്തിന്റെ കല്പനകളെ നാം സ്വീകരിക്കുന്നുണ്ടോ? ദൈവത്തിന്റെ കല്പന അനുസരിക്കുന്നു എങ്കിൽ, അനുസരിക്കുന്നവരുടെ മേൽ ആത്മാവ് പകരും, പരിശുദ്ധാത്മാവിന്റെ അനുഗ്രഹം ലഭിക്കും.

> “ഈ വസ്തുതയ്ക്കു ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്ക് നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു.’’
>
> അപ്പോ. പ്ര. 5:32

തന്നെ അനുസരിക്കുന്നവർക്ക് ദൈവം പരിശുദ്ധാത്മാവിനെ നൽകും എന്നാണ് ഇവിടെ എഴുതിയിരിക്കുന്നത്.

ആളുകൾ പന്തി പന്തിയായി ആർത്തിയോടെ ഇരിക്കുകയാണ്. വിശന്നിരിക്കുകയാണ്, അപ്പം ഇപ്പോൾ കിട്ടും എന്ന പ്രതീക്ഷയോടെ ഇരിക്കുകയാണ്. എല്ലാവരും യേശുവിനെ നോക്കിക്കൊണ്ടിരിക്കുകയാണ്.

യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കിക്കൊടുത്തതുകൊണ്ടാണ് ശിഷ്യന്മാർക്ക് വിളമ്പുവാൻ അപ്പം കയ്യിൽ ലഭിച്ചത്.

ഒരു പോസ്റ്റാഫീസിൽ നിന്ന് പ്രിയപ്പെട്ട ഭർത്താവ് അയച്ച രൂപാ – ങീില്യ ഛൃറലൃ പോസ്റ്റുമാൻ ഭാര്യയുടെ കയ്യിൽ കൊണ്ടുവന്നു തരുന്നു എന്നു സങ്കല്പിക്കൂ.

പോസ്റ്റുമാൻ ദിവസേന, അല്ലെങ്കിൽ മാസം തോറും, അല്ലെങ്കിൽ മൂന്നു മാസം കൂടുമ്പോൾ കൂടെക്കൂടെ മണി ഓർഡർ ആയി വരും. പോസ്റ്റ്മാന്റെ സ്വന്തമല്ല മണി ഓർഡറായി കൊണ്ടുവരുന്ന രൂപാ. അത് അങ്ങ് ദൂരെ ദൂരെ അദ്ധ്വാനിക്കുന്ന, മണലാരണ്യത്തിൽ പണി എടുക്കുന്ന, വെയിലിനോട് പടവെട്ടി, ഊഷരമായ മരുപ്പറമ്പിൽ ജോലി ചെയ്ത് തളരുന്ന ഭർത്താവ് സമ്പാദിക്കുന്ന രൂപാ, സ്വന്തം പ്രിയ ഭാര്യക്ക് അയച്ചു തരുന്നതാണ്.

പോസ്റ്റുമാൻ കേവലം ഒരു ഉദ്യോഗസ്ഥൻ എന്നു മാത്രമേ ഉള്ളൂ. അങ്ങുനിന്ന് അയയ്ക്കുന്ന രൂപാ വിശ്വസ്തതയോടെ ഭാര്യയെ ഏല്പിക്കുന്നു എന്നു മാത്രം. അങ്ങനെ വിശ്വസ്തതയോടെ ജോലി ചെയ്യുന്നതിന്നു സർക്കാരിൽ നിന്ന് അയാൾക്ക് ശമ്പളം ഉണ്ട്.

ഈ പോസ്റ്റുമാന്റെ വകയല്ല ആ കൊടുക്കുന്ന രൂപ. പോസ്റ്റുമാൻ അങ്ങനെ വിചാരിക്കുന്നു എന്ന് നിങ്ങൾ ഒന്നു സങ്കൽപിച്ചു നോക്കൂ.

ഞാൻ എത്ര രൂപയാണ് ഓരോ പ്രാവശ്യവും ഈ സ്ത്രീക്ക് കൊണ്ടുകൊടുക്കുന്നത്. ഞാൻ എന്തുകരുണയാണ് ആ സ്ത്രീയോടു കാണിക്കുന്നത് എന്നൊക്കെ പോസ്റ്റുമാൻ ചിന്തിച്ചാൽ അത് അർത്ഥശൂന്യം എന്ന് നമുക്ക് ഊഹിക്കാമല്ലോ. എത്രരൂപാ പോസ്റ്റുമാൻ കൊടുത്താലും അവിടെനിന്ന് ഒരാൾ അയച്ചുകൊടുക്കുന്ന

തുകൊണ്ടാണ് ഭാര്യയ്ക്ക് ലഭിക്കുന്നത്.

സഹോദരങ്ങളെ, യേശുക്രിസ്തു വാഴ്ത്തി നുറുക്കി കൊടുക്കുന്നതുകൊണ്ടാണ് ശിഷ്യന്മാർ വിളമ്പുന്നത്. ശിഷ്യന്മാർക്ക് സ്വന്തമായി വാഴ്ത്താൻ കഴിയില്ല, സ്വന്തമായി വർദ്ധിപ്പിക്കാൻ കഴിയില്ല. ഉടയവൻ കരത്തിൽ എടുത്തു വാഴ്ത്തിയപ്പോൾ അത് വർദ്ധിച്ചു. ശിഷ്യന്മാർക്ക്, വിളമ്പുക എന്നത് മാത്രമാണ് അവരുടെ ജോലി. സഹോദരങ്ങളെ, നമ്മുടെ ജീവിതത്തിൽ, ക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പോലെ, ക്രിസ്തു വാഴ്ത്തി നുറുക്കിത്തരുന്നത് നമുക്ക് ഓടി നടന്ന് വിളമ്പാം, വിശ്വസ്തതയോടെ കൈകാര്യം ചെയ്യാം.

എന്നാൽ സങ്കൽപിക്കൂ, ആ ഭാര്യ എന്നും രൂപ കൊണ്ടുവന്നു തരുന്ന പോസ്റ്റുമാനോട് ഒരു പ്രത്യേക കൂറുവന്ന്, ഭർത്താവിനെ മറന്ന്, ആ പോസ്റ്റുമാന്റെ ഒരു പിണിയാളായി മാറിയാൽ എന്തായിരിക്കും സ്ഥിതി. എനിക്ക് ഇത്രയേറെ രൂപാ തരുന്ന ഒരു മനുഷ്യനാണല്ലോ, ഈ മനുഷ്യനാണ് എന്റെ ഭർത്താവിനേക്കാൾ എന്നെ സ്നേഹിക്കുന്നത്, എന്ന് ഒരു ഭാര്യ ചിന്തിക്കുന്നു എങ്കിൽ എത്ര ശോചനീയമായ അവസ്ഥയാണ്, എത്ര ഭയാനകമായ സ്ഥിതിയാണ്! ഇന്ന് അനേകമനേകം ആളുകൾ സാക്ഷാൽ ക്രിസ്തുവിനെ മറന്ന് ക്രിസ്തുവിന്റെ ശിഷ്യന്മാരെ പൂജിക്കുന്നു. ക്രിസ്തുവിന്റെ വിശുദ്ധന്മാരെ പൂജിക്കുന്നു, ആരാധിക്കുന്നു. ക്രിസ്തുവിന്റെ പുണ്യവാന്മാരേയും പുണ്യവതികളേയും പൂജിക്കുന്നു. അത് വാസ്തവത്തിൽ വിഗ്രഹാരാധനയാണെന്ന് പലരും അറിയുന്നില്ല.

പ്രിയമുള്ളവരേ, കൊണ്ടു തരുന്നത് ശിഷ്യന്മാരാണ്, വിളമ്പുന്നത് ശിഷ്യന്മാരാണ്, എന്നാൽ വിളമ്പുവാൻ ഭരമേല്പിച്ചത് ക്രിസ്തുവാണ്. അവിടെ ഇരുന്നവർക്ക് യേശുവിന്റെ വചന പ്രകാരം അപ്പം പങ്കിട്ടുകൊടുത്തു.

നമുക്ക് നമ്മുടെ കർത്താവിന്റെ വചനം സ്വീകരിപ്പാൻ ശാന്തമായി കാത്തിരിക്കാം. ദൈവത്തിന്റെ വചനം അനുസരിക്കാൻ

നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. നമുക്ക് ഒരു പുതിയ തീരുമാനം എടുക്കാം.

കർത്താവേ, ഇത്രയും കാലം ഞാൻ കാണേണ്ടവനെ കാണാതെ ഇരുന്നുപോയി. വിശുദ്ധീകരിച്ച്, വാഴ്ത്തി, നുറുക്കിത്തരുന്നവനെ ഞാൻ കാണാതെ നീ തരുന്ന അപ്പം ഞാൻ ഭക്ഷിച്ചുകൊണ്ടിരുന്നു. സാക്ഷാൽ ദൈവത്തെ, ഉടയവനെ ഞാൻ തിരിച്ചറിഞ്ഞില്ല. ഇപ്പോൾ ഞാൻ എനിക്കു ദാനമായി തരുന്ന അനുഗ്രഹങ്ങളുടെ ഉടയവനായി ക്രിസ്തുവിനെ തിരിച്ചറിയുന്നു. നിന്റെ പാദത്തിൽ ഞാൻ വീഴുന്നു, നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞാനിതാ നിന്നെ ആരാധിക്കുന്നു.

നമുക്ക് സമർപ്പിക്കാം, നമുക്ക് പുതിയതീരുമാനങ്ങൾ എടുക്കാം, ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നമ്മെ ഏല്പിക്കാം. പുതിയ തീരുമാനത്തോടെ, പുതിയ പ്രതിഷ്ഠയോടെ, പുതിയ സമർപ്പണത്തോടെ ക്രിസ്തു തരുന്നത് ഭക്ഷിച്ച് നമുക്ക് പുഷ്ടിപ്പെടാം. സ്വർഗ്ഗത്തിലെ അപ്പമല്ലയോ നമുക്ക് ക്രിസ്തു തരുന്നത്, സ്വന്തം തിരുശരീരമല്ലയോ നമുക്ക് മുറിച്ചു തരുന്നത്, സ്വന്തം ജീവന്റെ അപ്പമല്ലയോ അവിടുന്ന് നമുക്ക് തരുന്നത്, സ്വർഗ്ഗത്തിലെ മന്നയല്ലയോ നമുക്ക് ദിനംപ്രതി തരുന്നത്?

ക്രിസ്തുവിനെ നമുക്ക് ഭക്ഷിക്കാം, ക്രിസ്തുവിനെ നമുക്ക് രുചിക്കാം, ക്രിസ്തുവിനെ നമുക്ക് അനുഭവിക്കാം, ക്രിസ്തുവിനെ നമുക്ക് ആരാധിക്കാം, ക്രിസ്തുവിനെ നമുക്ക് ആദരിക്കാം, ക്രിസ്തുവിനെ നമുക്ക് സാക്ഷിക്കാം, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നമുക്ക് ഒരുങ്ങാം.

## ഏഴ്

> "ആളുകളെ ഇരുത്തുവിൻ എന്നു യേശു പറഞ്ഞു. ആ സ്ഥലത്ത് വളരെ പുല്ലുണ്ടായിരുന്നു, അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു, പിന്നെ യേശു അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്ക് പങ്കിട്ടുകൊടുത്തു. അങ്ങനെ തന്നേ മീനും വേണ്ടുന്നേടത്തോളം കൊടുത്തു."
>
> യോഹ. 6:10–11

അഞ്ചപ്പംകൊണ്ട് അയ്യായിരം പേർക്ക് നിറപടിയായി ആഹാരം കൊടുത്ത അത്ഭുത വൃത്താന്തമാണ് നാം ഇവിടെ കാണുന്നത്. അയ്യായിരത്തിലേറെ പുരുഷന്മാർ ക്രിസ്തു വാഴ്ത്തി നൽകിയ ഭക്ഷണം കഴിച്ച് സമ്പുഷ്ടരായിത്തീർന്നു. മൃഷ്ടാന്നഭോജനം, സംതൃപ്തഭോജനം, പുഷ്ട ഭോജനം.

> "അവൻ എന്നെ വീഞ്ഞു വീട്ടിലേക്ക് കൂട്ടിക്കൊണ്ടു ചെന്നു, എന്റെ മീതെ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു"
>
> ഉത്തമഗീതം. 2:4

സ്നേഹത്തിന്റെ കൊടി പിടിച്ചു, സ്നേഹത്തിന്റെ കൊടിക്കീഴിൽ നമ്മെ വീഞ്ഞുവീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരികയാണ്. വിരുന്നു മേശയിലേക്ക് ആനയിക്കുകയാണ്. ദാരിദ്ര്യത്തിന്റെ യാതനയേറ്റു വലയുന്ന ജനതതിയെ വിരുന്നുകൊണ്ടു പോഷിപ്പിച്ച ക്രിസ്തുവിന്റെ

അതുല്യപ്രഭാവത്തെയാണ് നാം ഇവിടെ കാണുന്നത്. യേശുക്രിസ്തു തന്റെ ജനത്തെ കണ്ട് മനസ്സലിഞ്ഞു.

ഒന്ന് : ആ ബാലകൻ തനിക്കുള്ളത് യേശുവിനു കൊടുത്തു – ഈീാശലേറ

രണ്ട്: യേശുക്രിസ്തു അവൻ കൊടുത്തതിനെ വിശുദ്ധീകരിച്ചു, അനുഗ്രഹിച്ചു, വാഴ്ത്തി – ഈിലെര്യമലേറ

മൂന്ന്: യേശു ബാലകൻ കൊടുത്ത അപ്പത്തെ നുറുക്കി, അതിനെ കഷണിച്ചു. ഇൃീവെലേറ

നാല്: യേശു അത് ദാനമായി കൊടുത്തു – ഈീൃേശയൗലേറ

> “ഇരുന്നവർക്ക് പങ്കിട്ടുകൊടുത്തു, അങ്ങനെതന്നെ മീനും വേണ്ടുന്നേടത്തോളം കൊടുത്തു.”
>
> യോഹ 6:11

നൽകുന്നവനാണ് ക്രിസ്തു, കൊടുക്കുന്നവനാണ് ക്രിസ്തു, വാങ്ങുന്നവനല്ല ക്രിസ്തു, ദാനമായി കൊടുക്കുന്നവനാണ് ക്രിസ്തു, എൃലല ഏശളേ കൊടുക്കുന്നവനാണ് ക്രിസ്തു. സൗജന്യദാനം കൊടുക്കുന്നവനാണ് ക്രിസ്തു. ക്രിസ്തു കൊടുത്ത സൗജന്യദാനം എന്താണ്?

ഗോഗുൽത്തായിലെ ചക്കിലിട്ട് മെതിച്ചും, ഗോഗുൽത്തായിലെ ചക്കിലിട്ട് പൊടിച്ചും തന്നെത്തന്നെ ഇൃൗവെലേറ ആക്കി, യേശു നമുക്ക് സ്വർഗ്ഗീയ ഭോജനം നൽകി.

മരുഭൂമിയിൽക്കൂടി പോയ ജനത്തിന് ഉയരത്തിൽ നിന്ന് മന്ന വർഷിച്ചുകൊടുത്തതുപോലെ യേശു സ്വർഗ്ഗത്തിന്റെ മന്നയാകുന്ന തന്നെത്തന്നെ മനുഷ്യജാതിക്കുവേണ്ടി കുരിശിൽ അർപ്പണം ചെയ്തു, യേശു ഇൃൗവെലേറ ആകാൻ തന്നെത്തന്നെ വിട്ടുകൊടുത്തു, മുറിക്കപ്പെടാൻ തന്നെത്തന്നെ വിട്ടുകൊടുത്തു.

കൈകളും കാലുകളും മുറിഞ്ഞു, പുറം ഉഴവുചാലുപോലെ കീറി, കന്നത്ത് അടിയേറ്റു തകർത്തു, കവിളിൽ നിന്ന് രോമങ്ങൾ പിഴുതെ

ടുത്തു, രോമകൂപങ്ങളിൽ രക്തം തുളിച്ചു വന്നു, ശിരസ്സിൽ മുൾമുടി വച്ച് അടിച്ചു, മുൾമുടി ശിരസ്സിൽ തറഞ്ഞുകയറി, ചോര ചിതറി ത്തെറിക്കുകയും, ചോര ചിന്തി ഒഴുകുകയും ചെയ്തു. യേശുവിന്റെ തിരുവിലാവ് കുത്തിത്തുറന്നു, കൈകളും കാലുകളും തുളച്ചതിനു പുറമേ, തിരുവിലാവ് കുത്തിത്തുറന്നപ്പോൾ ചോരയും നീരും പൊട്ടി പ്പുറപ്പെട്ടു, ശരീരമാസകലം ചാട്ടവാറടിയേറ്റ് തിണർത്തു പൊളിഞ്ഞു ഉഴവുചാലുപോലെ കീറി, രക്തം ധാരധാരയായി ഒഴുകി, അവിട വിടെ രക്തം കറ്റച്ചു നിന്നു.

യേശു ക്രൂശിൽ മുറിക്കപ്പെട്ടു, യേശു ക്രൂശിൽ തകർക്കപ്പെട്ടു, ക്രൂശിന്മേൽ യേശു ഇൗവെലറ ആയി, ക്രൂശിന്മേൽ യേശു മുറിക്ക പ്പെട്ടു, ക്രൂശിന്മേൽ യേശു മുറിവേറ്റവനായി, തകർന്നവനായി.

യേശു ജനിക്കുന്നതിനു എഴുന്നൂറ്റമ്പതു വർഷം മുമ്പ് യെശയ്യാ പ്രവാചകൻ ഇങ്ങിനെ പറഞ്ഞു.

> "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു, അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യ ങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാ ധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരി ക്കുന്നു"
>
> യെശയ്യാവ്. 53: 4–5

നമുക്കുവേണ്ടി തകർക്കപ്പെട്ട ക്രിസ്തു, നമുക്കുവേണ്ടി ക്രൂശിൽ മുറിക്കപ്പെട്ട ക്രിസ്തു, നമുക്കുവേണ്ടി ചാട്ടവാറടിയേറ്റ് പുളഞ്ഞ ക്രിസ്തു, നമുക്കുവേണ്ടി കയ്പ് കാടി കുടിച്ച ക്രിസ്തു, മകനേ, പ്രിയ മകളേ, നിനക്കുവേണ്ടി യേശു ഈ യാതനയേറ്റു എന്നു നീ അറിയുന്നുണ്ടോ?

നീ ഏൽക്കേണ്ട കയ്പ് കാടി, നീ ഏൽക്കേണ്ട ശിക്ഷ, നീ ഏൽക്കേണ്ട വേദന യേശു നിനക്കുവേണ്ടി വഹിച്ചു എന്നു നീ അറിയുന്നുണ്ടോ?

നിനക്ക് ഈ ശിക്ഷ ഒഴിവാക്കിത്തരുവാൻ, നിനക്ക് ഭീകരമായ നരക ദണ്ഡനം ഒഴിവാക്കിത്തരുവാൻ, ഭീകരമായ നിത്യയാതന ഒഴിവാക്കിത്തരുവാൻ, ക്രിസ്തു നിനക്കുവേണ്ടി കുരിശിൽ മുറിക്കപ്പെട്ടു എന്നു നീ വിശ്വസിക്കുന്നുണ്ടോ?

മകനേ, ഇതു നീ വിശ്വസിക്കുന്നു എങ്കിൽ ഇന്നു മുതൽ നീ ഒരു വിശുദ്ധനായി ജീവിക്കും. ഇതു നീ വിശ്വസിക്കുന്നു എങ്കിൽ പ്രിയ മകളേ, ഇന്നുമുതൽ നീ ഒരു ശുദ്ധിമതിയായി ജീവിക്കും.

യേശു തകർക്കപ്പെട്ടു, യേശു മുറിക്കപ്പെട്ടു, യേശു തന്നെത്തന്നെ ഈീശ്യേശയൗലേ ചെയ്തു, തന്നെത്തന്നെ എല്പിച്ചുകൊടുത്തു, ഇരുന്നവർക്ക് അവൻ അപ്പം പങ്കിട്ടുകൊടുത്തു, മീനും അങ്ങനെതന്നെ. സമൃദ്ധിയായി കൊടുത്തു, വേണ്ടുവോളം കൊടുത്തു.

അഞ്ചപ്പവും രണ്ടുമീനും അങ്ങു പെരുകുവാൻ തുടങ്ങി. വിളമ്പിയിട്ടും വിളമ്പിയിട്ടും തീരുന്നില്ല, ഓരോ പ്രാവശ്യവും വിളമ്പിയിട്ട് അത്രയും തന്നെ പിന്നേയും പാത്രത്തിലുണ്ട്, കൊട്ടയിലുണ്ട്.

ശിഷ്യന്മാർ തെരുതെരെ വിളമ്പിക്കൊണ്ട് ഓടിനടന്നു, ഓരോരുത്തരും രണ്ടും മൂന്നും പ്രാവശ്യം വാങ്ങിച്ചു വയറുനിറഞ്ഞു.

എല്ലാവരും മതി മതി എന്നു പറഞ്ഞു. സന്തോഷമായി, ജനത്തിന്റെ മുഖം പ്രസന്നമായി. ജനത്തിന്റെ ജീവിതം പ്രസന്നമായി, വിശന്നു പൊരിഞ്ഞിരുന്നവർക്ക് നിറപടിയായി ആഹാരം ലഭിച്ചു.

ദൈവജനമേ, ഇന്നു നിങ്ങൾ വിശന്നിരിക്കുകയാണോ? ഇന്നു നിങ്ങൾ ദാഹിച്ചിരിക്കുകയാണോ? ഇന്നു നിങ്ങൾ ദു:ഖിച്ചിരിക്കുകയാണോ? ഇന്നു നിങ്ങൾ ക്ലേശിച്ചിരിക്കുകയാണോ? ഇന്നു നീ വരൾച്ചയിൽ വിഷമിച്ചിരിക്കുകയാണോ? ഇന്നു നീ പണത്തിനു ഞെരുങ്ങിയിരിക്കുകയാണോ?

ഇന്നു നിന്റെ ആരോഗ്യം ക്ഷയിച്ചിരിക്കുകയാണോ? ഇന്നു നിനക്ക് രോഗം വന്നു നിന്നെ ഗ്രസിച്ചിരിക്കുകയാണോ? ഇന്നു നിന്റെ

കുടുംബത്തിൽ കടം വന്നുകയറിയിരിക്കുകയാണോ? ഇന്ന് നിന്റെ ഭർത്താവിന്റെ സ്നേഹം കിട്ടാതെ നീ അഴലുകയാണോ? മകളേ, ഇന്നു നിന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ സ്നേഹത്തിനുവേണ്ടി നീ കേഴുകയാണോ? മകനേ, ഇന്നു നിന്റെ ഭാര്യയുടെ സ്നേഹം കിട്ടാതെ നീ ദു:ഖ വിവശനായി, നിരാശനായി കഴിയുകയാണോ?

മകനേ, നിന്റെ മാതാപിതാക്കളുടെ സ്നേഹം കിട്ടാതെ നീ ഇന്ന് അനാഥനെപ്പോലെ വലയുകയാണോ? മകളെ, നിന്റെ പ്രിയപ്പെട്ട അമ്മ നിന്നെ വിട്ടുപോയതിലുള്ള ദു:ഖം കൊണ്ടു നീ ഇന്നു കേണു കേണു അഴലുകയാണോ?

ദൈവപൈതലേ, നിനക്കുവേണ്ടി മുറിക്കപ്പെട്ട ക്രിസ്തു നിന്റെ അരുമ മണവാളനായി ഇതാ നിന്റെ അരികത്തുവരുന്നു, നിനക്കു വേണ്ടി തകർക്കപ്പെട്ട ക്രിസ്തു നിന്റെ നാഥനായി ഇതാ നിന്റെ സമീപത്തു വരുന്നു. നിനക്കുവേണ്ടി മുറിക്കപ്പെട്ട ക്രിസ്തു ഇതാ നിന്റെ ഉടയവനായി നിന്റെ അരികത്തു വന്നു നിൽക്കുന്നു. അവനെ നിങ്ങൾക്ക് കൈ നീട്ടി വാങ്ങാം. അവൻ തന്നെത്തന്നെ ഈീശ്യേശയൗലേ ചെയ്തിരിക്കുന്നു.

അവൻ തന്നെത്തന്നെ പങ്കിട്ടു തന്നിരിക്കുന്നു. ഈ ക്രൂശിലെ സ്നേഹം ആരു തിരിച്ചറിയും? ക്രൂശിലെ നിത്യവാത്സല്യത്തെ ആരു തിരിച്ചറിയും? യേശു  നിങ്ങളെ വിളിക്കുകയാണ്, നിങ്ങളെ ക്ഷണിക്കുകയാണ്, മകനേ, നിന്റെ ഹൃദയം എനിക്കു തരിക, എന്റെ മകളേ നിന്റെ ഹൃദയം എനിക്കു തരിക എന്നു പറഞ്ഞുകൊണ്ട് യേശു ഹൃദയവാതിൽക്കൽ വന്നു മുട്ടുന്നു, ഇപ്പോൾ നീ യേശുവിനു വേണ്ടി വാതിൽ തുറന്നു കൊടുക്കുമോ?

ഒീഹഹാമി ഔിേ എന്ന സുപ്രസിദ്ധ ചിത്രകാരൻ മനോഹരമായ ഒരു പടം വരച്ചു. യേശുക്രിസ്തു വാതിൽക്കൽ ഒരു റാന്തലുമേന്തി വന്നു നിന്ന് മുട്ടുന്ന ചിത്രമാണ് അത്. ആ മനോഹരമായ ചിത്രം വരച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതൻ പടം കണ്ടിട്ടു പറഞ്ഞു, “ഈ പടത്തിൽ ഒരു ന്യൂനത ഞാൻ കാണുന്നുണ്ട്”

“എന്താണ് ആ ന്യൂനത?”

“ഈ പടത്തിൽ വാതിലിന് ഒരു പിടി കാണുന്നില്ല, വാതിലിന് ഒരു ഒമിറഹല കാണുന്നില്ല.”

ഉടനെ ഒീഹഹാമി ഔിേ പറഞ്ഞു:

ഇത് മനുഷ്യ ഹൃദയത്തിന്റെ വാതിലാണ്, അതിനൊരു പ്രത്യേകത ഉണ്ട്, ഒമിറഹല അകത്താണ് പിടിപ്പിച്ചിരിക്കുന്നത്, അകത്തുനിന്നു തുറന്നാലേ ആർക്കും പുറത്തുനിന്നും അകത്തു വരാൻ പറ്റുകയുള്ളൂ.

ദൈവജനമേ, നിങ്ങളുടെ ഓരോരുത്തരുടേയും ഹൃദയത്തിന്റെ വാതിൽക്കൽ യേശുവന്നു മുട്ടുന്നത് നിങ്ങളിൽ നിന്ന് ഒന്നും വാങ്ങാനല്ല, നിങ്ങൾക്ക് സുഭിക്ഷമായി തരാനാണ്. നിങ്ങളെ നിറപടിയായി, സമൃദ്ധിയായി അനുഗ്രഹിക്കാനാണ്. നിങ്ങളിൽ നിന്ന് യേശുവിനു ഒന്നും വേണ്ട, യേശു നിങ്ങളിൽ നിന്ന് സ്നേഹം മാത്രം പ്രതീക്ഷിക്കുന്നു. തന്റെ സൃഷ്ടി, സ്രഷ്ടാവിന് സ്നേഹം കൊടുക്കാൻ, സ്രഷ്ടാവ് കൊതി പൂണ്ട്, കൈ നീട്ടി നിൽക്കുന്നു. മകനേ, നിന്നെത്തന്നെ കൊടുക്കൂ, മകളേ, നിന്നെത്തന്നെ ക്രിസ്തുവിനുകൊടുക്കൂ, അവനിതാ തന്നെത്തന്നെ നിനക്കുവേണ്ടി ഈിൃേശയഔലേ ചെയ്തിരിക്കുന്നു.

ഒന്ന്: ഈിാശലേറ, രണ്ട്: ഈിലെര്യമലേറ, മൂന്ന്: ഇൃഔവെലറ, നാല്: ഈിൃേശയഔലേറ. നമ്മെത്തന്നെ ക്രിസ്തുവിനു സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കാം.

കാരുണ്യവാനേ, സ്നേഹവാനായ നിത്യപിതാവേ, നീ തന്ന ആലോചനകൾക്കായി നിന്നെ സ്തുതിക്കുന്നു. നീ തന്ന അനുഗ്രഹങ്ങൾക്കായി സ്തോത്രം. തന്ന പുഷ്ടഭോജനത്തിനായി സ്തോത്രം. ക്രൂശിൽ മുറിഞ്ഞ തിരു ശരീരവും തിരുരക്തവും ഞങ്ങൾക്കുവേണ്ടി ഒഴുക്കിയതിനായി സ്തോത്രം. മഹത്വം രാജാധിരാജനുമാത്രം.

ഌഋ

## എട്ട്

"അത് ഇങ്ങു കൊണ്ടുവരുവിൻ എന്നു അവൻ പറഞ്ഞു. പിന്നെ പുരുഷാരം പുല്ലിന്മേൽ ഇരിപ്പാൻ കല്പിച്ചു, ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പം നുറുക്കി, ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി."

മത്തായി 14: 18, 19

യേശു അപ്പനുറുക്കുകളും മീൻ നുറുക്കുകളും ശിഷ്യന്മാരുടെ പക്കൽ ഏല്പിച്ചു, യേശു നൽകുന്നവനാണ്, യേശു കൊടുക്കുന്ന വനാണ്, യേശു ആരിൽ നിന്നും ഒന്നും വാങ്ങുന്നവനല്ല.

"എന്റെ ജനമേ, കേൾക്ക, ഞാൻ സംസാരിക്കും. യിസ്രായേലേ, ഞാൻ നിന്നോടു സാക്ഷീകരിക്കും: ദൈവമായ ഞാൻ നിന്റെ ദൈവമാകുന്നു. നിന്റെ ഹനനയാഗങ്ങളെക്കുറിച്ചു ഞാൻ നിന്നെ ശാസി ക്കുന്നില്ല, നിന്റെ ഹോമയാഗങ്ങൾ എപ്പോഴും എന്റെ മുൻപാകെ ഇരിക്കുന്നു, നിന്റെ വീട്ടിൽ നിന്ന് കാളയേയോ നിന്റെ തൊഴുത്തുകളിൽ നിന്ന് കോലാട്ടു കൊറ്റന്മാരെയോ ഞാൻ എടുക്കയില്ല. കാട്ടിലെ സകല മൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ

ഒക്കെയും ഞാൻ അറിയുന്നു, വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നേ. എനിക്കു വിശന്നാൽ ഞാൻ നിന്നോട് പറയുകയില്ല, ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ.''

സങ്കീ. 50. 7–12

ദൈവം വരുന്നത് നമ്മിൽ നിന്ന് എന്തെങ്കിലും വാങ്ങാനല്ല, നമ്മുടെ കാഴ്ചകൾ സ്വീകരിപ്പാനല്ല ദൈവം വരുന്നത്. നിത്യപിതാവിന്റെ വലത്തുഭാഗത്തിരുന്ന ദൈവപുത്രൻ സ്വർഗ്ഗ സിംഹാസനം വിട്ട് ഭൂമിയിലേക്ക് ഇറങ്ങി വന്നത് തന്നെത്തന്നെ നമുക്ക് കുരിശിന്മേൽ തരുവാനാണ്. തന്നെത്തന്നെ മുറിച്ചു നമുക്ക് തന്ന് നമ്മെ പുഷ്ടിപ്പെടുത്താനാണ്.

നിത്യദാരിദ്ര്യം മാറ്റാനാണ്, നിത്യദുരിതം ഒഴിവാക്കാനാണ്, നിത്യനരക ശിക്ഷ ഒഴിവാക്കിത്തരാനാണ്, നിത്യനരക ഭീകരയാതന നമുക്ക് അകറ്റിത്തരാനാണ്.

ഒരു സംഭവം കേട്ടിട്ടുണ്ട്, ഒരു വാടകവീട്, അതിൽ വിധവയായ ഒരു സ്ത്രീയും രണ്ടു കുഞ്ഞുങ്ങളും ഉണ്ട്, വാടകകൊടുത്തിട്ടു മാസങ്ങളായി. ഉടമസ്ഥൻ കൂടെക്കൂടെ വന്നു പറയും "വാടകതന്നില്ലെങ്കിൽ നിങ്ങൾ ഈ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകണം" എല്ലാ മാസവും ഉടമസ്ഥൻ വരും, വാടകകൊടുക്കാൻ മാർഗ്ഗമില്ല, ആ സ്ത്രീ കരയും, അടുത്ത പ്രാവശ്യം തീർച്ചയായും തന്നു കൊള്ളാമെന്ന് അവൾ പറയും.

ഒരു പ്രാവശ്യം വന്നപ്പോൾ അദ്ദേഹം പറഞ്ഞു. ഇനി നിങ്ങൾ എന്നെ കബളിപ്പിക്കാൻ ഞാൻ സമ്മതിക്കുകയില്ല, "അടുത്തപ്രാവശ്യം തരാം" എന്നു പറഞ്ഞു തുടങ്ങിയിട്ട് എത്രനാളായി? മാസം എത്രയായി വാടക തന്നിട്ട്, നിങ്ങൾ ഈ മാസത്തിന്റെ അവസാനം വാടക തന്നില്ലെങ്കിൽ ഈ വീട്ടിൽ നിന്ന് ഇറങ്ങേണ്ടി വരും. ആ മനുഷ്യൻ ഭീഷണിപ്പെടുത്തിയിട്ടു പോയി. ആ സ്ത്രീ കണ്ണീരും കയ്യുമായി കഴിഞ്ഞു.

ഈ വിധവയായ സ്ത്രീയും കുഞ്ഞുങ്ങളും ദാരിദ്ര്യത്തിലും ദു:ഖത്തിലും വലിയ ഭീഷണിയുടെ കരിനിഴലിലും നിരാശരായി ഭാരപ്പെട്ടിരിക്കുന്ന കാര്യം കൂട്ടായ്മയിലെ ദൈവമക്കൾ അറിഞ്ഞു. ദൈവമക്കൾ ആലോചിച്ചു. ഈ സ്ത്രീക്ക് എന്തെങ്കിലും ഒരു സഹായം കൊടുക്കണം. അവൾക്ക് വാടക കൊടുക്കുവാൻ വേണ്ടി കുറച്ചു രൂപാ സമാഹരിച്ച് ദാനമായി കൊടുക്കണം.

രണ്ടു ദൈവദാസന്മാർ അതിനു വേണ്ടി ചുമതലപ്പെട്ടവരായി രൂപയുമായി രാവിലെ അവളുടെ വീട്ടിലെത്തി. വാതിൽക്കൽ മുട്ടി. അവൾ വാതിൽ തുറക്കാൻ മടിച്ചു. മറ്റൊന്നും കൊണ്ടല്ല, അത് വാടക വാങ്ങാൻ വന്ന മനുഷ്യനായിരിക്കും, ആ മനുഷ്യന്റെ മുൻപിൽ വാതിൽ തുറന്നാൽ ആ മനുഷ്യൻ വീട്ടിൽ നിന്നും ഇറക്കിവിടും. വേണ്ടാ, അകത്തു ആളില്ല എന്നു ധരിച്ചുകൊള്ളട്ടെ.

ഈ പാവപ്പെട്ട ദൈവമക്കൾ വാടക മേടിക്കാൻ ചെന്നതല്ല, വാടക കൊടുക്കുവാനുള്ള രൂപാ അവൾക്ക് ദാനം ചെയ്യാൻ ചെന്നതാണ്, അവളോ അതറിഞ്ഞില്ല, മിണ്ടാതെ, അനങ്ങാതെ, തീർത്തും നിശ്ശബ്ദമായി, അവളും കുഞ്ഞുങ്ങളും പേടിച്ചരണ്ട് ആ മുറിക്കകത്ത് ഒതുങ്ങി ഇരുന്നു. ദൈവമക്കൾ ചുറ്റും നടന്നു പുറത്തോട്ടുള്ള വാതിൽക്കൽ തട്ടി, ജനലെല്ലാം മുട്ടി. ഒരു ശബ്ദവും ഇല്ല, ആരും പുറത്തു വരുന്നില്ല, ഒരു മിണ്ടാട്ടവുമില്ല, ദൈവമക്കൾ കൊണ്ടുവന്ന രൂപാ കൊടുക്കാനാകാതെ മടങ്ങിപ്പോയി.

അന്നത്തെ ദിവസം കഴിഞ്ഞു, അടുത്ത ദിവസം ഈ സ്ത്രീ വളരെ ഭാരത്തോടെ കൂട്ടായ്മ യോഗത്തലേക്ക് ചെന്നു. അപ്പോൾ കൂട്ടായ്മയിലെ ദൈവമക്കൾ ചോദിച്ചു.

ഇന്നലെ രാവിലെ ഞങ്ങൾ അവിടെ വന്നിരുന്നല്ലോ, നിങ്ങൾ എവിടെപ്പോയിരുന്നു? കതകും ജനലുകളുമെല്ലാം അടച്ചിരുന്നല്ലോ.

അയ്യോ, ഞാൻ വീട്ടിൽ ഉണ്ടായിരുന്നല്ലോ. കുഞ്ഞുങ്ങളും വീട്ടിൽ

ഉണ്ടായിരുന്നല്ലോ. ആ സ്ത്രീ പറഞ്ഞു.

പിന്നെ എന്താണ് ഞങ്ങൾ വന്നു വാതിൽക്കൽ മുട്ടിയിട്ടും തുറക്കാതിരുന്നത്?

അയ്യോ ഞാൻ ഓർത്തത് എന്നോട് വാടക ചോദിക്കാൻ വീടിന്റെ ഉടമസ്ഥൻ വന്നു എന്നാണ്, അതുകൊണ്ടല്ലേ തുറക്കാഞ്ഞത്. അദ്ദേഹം ഞങ്ങളെ ഇറക്കിവിടും എന്നു പേടിച്ചിട്ടാണ് വാതിൽ തുറക്കാഞ്ഞത്.

ദൈവമക്കൾ പറഞ്ഞു: അങ്ങനെയല്ല സഹോദരീ നിനക്ക് തരാനാണ് ഞങ്ങൾ വന്നത്. ദൈവത്തിന്റെ ആത്മാവ് ഞങ്ങളെ പ്രേരിപ്പിച്ചതുകൊണ്ടാണ് ഞങ്ങൾ വന്നത്. നിന്നെ സഹായിപ്പാൻ ക്രിസ്തു ഞങ്ങൾക്ക് ഒരാഗ്രഹം തന്നതുകൊണ്ടാണ് ഞങ്ങൾ വന്നത്. അതിനുള്ള വക കർത്താവു ഞങ്ങളെ ഭരമേല്പിച്ചതുകൊണ്ടാണ് ഞങ്ങൾ വന്നത്.

ഇതൊരു ഉദാഹരണം മാത്രമാണ്. യേശുക്രിസ്തു നമുക്ക് തരുവാൻ എന്നും വന്ന് നമ്മുടെ വാതിൽക്കൽ മുട്ടുന്നുണ്ട്. നമ്മെ അനുഗ്രഹിപ്പാൻ നമ്മുടെ വാതിൽക്കൽ വന്ന് മുട്ടുന്നുണ്ട്. നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ നമ്മുടെ വാതിൽക്കൽ വന്ന് കെഞ്ചുന്നുണ്ട്.

ഈിദ്യേശയൗലേറ ആകാൻ, നമുക്ക് ഈിദ്യേശയൗശേി തരാൻ, നമുക്ക് സൗജന്യ ദാനം തരാൻ യേശു ഇതാ വാതിൽക്കൽ വന്നു മുട്ടുന്നു. മകനേ, നിന്റെ ഹൃദയ നൊമ്പരങ്ങൾ അവനോടു പറയുമോ? മകളേ, നിന്റെ ഹൃദയത്തിന്റെ വേദനാ വിഷയങ്ങൾ നീ അവനോടു പറയുമോ?

ദൈവപൈതലേ, നിന്റെ ഭാരങ്ങളും ആകുലങ്ങളും ആവലാതികളും സങ്കടങ്ങളും ക്ലേശങ്ങളും പ്രശ്നങ്ങളും എല്ലാം യേശുവിനോട് തുറന്നു പറയുമോ? എല്ലാം കേട്ട് നിനക്കു ദാനമായി അനുഗ്ര

ഹങ്ങൾ തന്ന് സമാധാനവും ശാന്തിയും നീക്കുപോക്കും പോക്കു വഴിയും തന്ന് നിന്നെ അനുഗ്രഹിക്കാൻ യേശു ഇതാ വാതിൽക്കൽ വന്നു നിൽക്കുന്നു. നിന്റെ ഹൃദയം നീ തുറക്കൂ. സൗജന്യ ദാനം തരാൻ അവൻ വന്നിരിക്കുകയാണ്.

നിന്റേത് ഒന്നും അവനു വേണ്ട, നീ കൊടുക്കുന്നതൊന്നും അവന് ആവശ്യമില്ല. അവന് വേണ്ടത് നിന്നെത്തന്നെയാണ്. സ്നേഹം നിറഞ്ഞ ഒരു ഹൃദയം, നന്ദി നിറഞ്ഞ ഒരു ഹൃദയം, ജീവനുള്ള ദൈവത്തെ തിരിച്ചറിയുന്ന ഒരു ഹൃദയം, ദൈവത്തെ സ്നേഹിക്കുന്ന ഒരു ഹൃദയം, അതുമാത്രമാണ് അവൻ ആഗ്രഹിക്കുന്നത്. യേശു വിനു വേണ്ടത് നിന്റെ രൂപാ അല്ല, നിന്റെ ഹൃദയമാണ്.

അശുദ്ധാത്മാവ് വസിക്കുന്ന നിന്റെ ഹൃദയം, പൈശാചികൻ പന്താടുന്ന നിന്റെ ഹൃദയം, ദുഷ്ട ചിന്തകൾ നിറഞ്ഞു നിൽക്കുന്ന നിന്റെ ഹൃദയം, യേശുവിനു നീ കൈമാറുമോ?

മകളേ, പൈശാചികൻ നാളുകളായി വസിക്കുന്ന നിന്റെ ഹൃദയം, സാത്താൻ കുടിപാർക്കുന്ന നിന്റെ ഹൃദയം, കോപം ജ്വലിപ്പിച്ച് നശി പ്പിക്കുവാൻ സാത്താൻ പ്രേരിപ്പിക്കുന്ന ഹൃദയം.

നിന്റെ കോപം, നിന്റെ വാശി, നിന്റെ വൈരാഗ്യം, നിന്റെ പിണക്കം, നിന്റെ കലഹം, നിന്റെ അഴുക്കുചിന്തകൾ, നിന്റെ മലിന മോഹങ്ങൾ, നിന്റെ മ്ലേച്ഛമായ ആഗ്രഹങ്ങൾ ഇതെല്ലാം കൊണ്ട് മലീമസമായ നിന്റെ ഹൃദയം, അത് വിശുദ്ധീകരിപ്പാനാണ് യേശു വന്നു നിൽക്കുന്നത്.

“എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു” എന്നു പറഞ്ഞു കൊണ്ട് യെരുശലേം ദേവാലയത്തിലേക്ക് ചാട്ടവാറുമായി കടന്നു ചെന്ന ക്രിസ്തു ഇന്നിതാ നിങ്ങളുടെ ഹൃദയത്തെ ശുദ്ധീക രിപ്പാൻ നിങ്ങളുടെ അരികത്തേക്ക് വന്നുനിൽക്കുന്നു.

നിങ്ങളുടെ കുറവായുള്ളത് പൂർത്തീകരിപ്പാൻ, അവൻ വന്നു നിൽക്കുന്നു, നിങ്ങളെ അനുഗ്രഹിപ്പാൻ അവൻ വന്നു നിൽക്കുന്നു, നിങ്ങളുടെ ഭാവി ശോഭനമാക്കാൻ അവൻ വന്നു നിൽക്കുന്നു,

മകനേ, നിന്റെ മന്ദബുദ്ധി മാറ്റുവാൻ യേശു വന്നു നിൽക്കുന്നു. ദൈവപൈതലേ നിന്റെ പാപം മാറ്റുവാൻ യേശുവന്നു നിൽക്കുന്നു, നാഥന്റെ കരങ്ങളിലേക്ക് നിന്റെ ജീവിതം നീ ഭാരമേല്പിച്ചു കൊടുക്കൂ. ക്രിസ്തുവിനെ കൈക്കൊള്ളൂ, ക്രിസ്തുവിനായി ജീവിതം വേർതിരിക്കൂ. ക്രിസ്തുവിനോട് വാക്കു പറയൂ.

നാഥാ ഇന്നു മുതൽ ഞാൻ നിന്റെ വക; യേശുവേ, നീ എനിക്കു വേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിന്റെ വക: ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.

## ഒൻപത്

"എല്ലാവരും തിന്നു തൃപ്തരായി"

മത്തായി 14:20

"എല്ലാവരും തിന്നു തൃപ്തരായി"

മർക്കോസ് 6:42

"എല്ലാവരും തിന്നു തൃപ്തരായി, ശേഷിച്ച കഷണം പന്ത്രണ്ടുകൊട്ട എടുത്തു"

ലൂക്കോസ് 9:17

ഒന്ന് : ഇീാാശലേറ ആ ബാലകൻ ക്രിസ്തുവിന് അഞ്ചപ്പവും രണ്ടു മീനും കൊടുത്തു, സമർപ്പിച്ചു.

രണ്ട് : ഇീലെര്യമലേറ യേശു അതു വാഴ്ത്തി, യേശു അത് വിശുദ്ധീകരിച്ചു.

മൂന്ന് : ഇൃൗവെലറ യേശു അത് നുറുക്കി, യേശു ആ അഞ്ചപ്പവും രണ്ടു മീനും തന്റെ കരങ്ങളിലെടുത്ത് നുറുക്കി.

നാല്: ഇീൃേശയൗലേറ യേശു അത് ജനത്തിനു കൊടുക്കുവാൻ ശിഷ്യന്മാരെ ഭരമേല്പിച്ചു, ശിഷ്യന്മാർ അത് ജനത്തിനു കൊടുത്തു.

അഞ്ച്: ഇീലേിലേറ സംതൃപ്തരായി. എല്ലാവരും തിന്നു തൃപ്തരായി.

യേശു കൊടുത്താൽ തൃപ്തി വരും, യേശുവിന്റെ കരങ്ങളിൽ നിന്നു വാങ്ങിയാൽ തൃപ്തി വരും.

യിസ്രായേൽക്കാർ മിസ്രയീമിൽ നിന്ന് പുറപ്പെട്ടു ചെങ്കടൽ കടന്നു മരുഭൂമിയിലൂടെ നടന്നു നീങ്ങിയപ്പോൾ അവർക്ക് ആഹാരം ഇല്ലാതെ അവർ വലഞ്ഞു, വിശന്നു പൊരിഞ്ഞു അലഞ്ഞു നടന്നു. ജീവനുള്ള ദൈവം ഉയരത്തിൽ നിന്ന് മന്ന പൊഴിച്ചു കൊടുത്തു.

മനുഷ്യർ ശക്തിമാന്മാരുടെ അപ്പം തിന്നു, ശ്രേഷ്ഠ ഭോജനം അവർക്ക് കൊടുത്തു. ഉയരങ്ങളിൽ നിന്ന് മന്ന പൊഴിച്ചു. സ്വർഗ്ഗീയഭോജനം അവർക്ക് കൊടുത്തു. തന്റെ പ്രിയ ജനത്തിനു താൻ കൂട്ടിക്കൊണ്ടുവന്ന മണവാട്ടിക്ക് ആഹാരം കൊടുക്കുന്ന നിത്യമണവാളൻ.

അനുഗ്രഹീതരായ പുണ്യപിതാക്കന്മാർ വിവാഹശുശ്രൂഷയുടെ പ്രാർത്ഥനയിൽ ചൊല്ലി: “മിസ്രയീമിൽ നിന്നു കൂട്ടിക്കൊണ്ടുപോയ മണവാട്ടിയോടു ഉടമ്പടി ചെയ്യുവാൻ സീനായ് മലമേൽ ഇറങ്ങി വന്ന മഹോന്നതൻ” എന്ന്. അവൻ തന്റെ ജനത്തിനു മരുഭൂമിയിൽ ഭക്ഷണം ഒരുക്കി.

ജീവനുള്ള ദൈവം സർവ്വസമ്പന്നനാണ്. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് ഏവർക്കും നൽകുവാൻ തക്കവണ്ണം സമ്പന്നനാണ്, സമീപസ്ഥനാണ്. സങ്കീ.145:18

ജീവനുള്ള ദൈവം അനുഗ്രഹത്തിന്റെ നിറകുടമാണ്, ജീവനുള്ള ദൈവം കൃപയുടെ നിറവാണ്, കൃപയുടെ ഉറവിടമാണ്, അനുഗ്രഹത്തിന്റെ ശ്രീ ഭണ്ഡാരപ്പുരയാണ്, കൃപയുടെ കലവറയാണ്.

യേശുകൊടുത്തു, അവർ തൃപ്തരായി. ദൈവപൈതലേ, ഇന്നു നിനക്ക് പലതിനും അതൃപ്തിയില്ലേ? നിനക്കു കിട്ടിയ കുടുംബ ജീവിതത്തിൽ അസംതൃപ്തിയില്ലേ? നിന്റെ പ്രിയപ്പെട്ട ഭാര്യയിൽ നിനക്കു പൂർണ്ണമായ തൃപ്തി ഉണ്ടോ? സന്തോഷമുണ്ടോ? മകളേ നിന്റെ പ്രിയപ്പെട്ട ഭർത്താവിൽ നിനക്ക് വാസ്തവമായും പ്രതിപത്തിയുണ്ടോ?

സംതൃപ്തിയുണ്ടോ?

മകനേ, നിന്റെ ജോലിയിൽ നീ സംതൃപ്തനാണോ? മകളേ, നിന്റെ സൗന്ദര്യത്തിലും വിദ്യാഭ്യാസത്തിലും നീ സംതൃപ്തിയുള്ളവ ളാണോ? ദൈവപൈതലേ, നിന്റെ വിവാഹ ജീവിതത്തിൽ നീ സംതൃ പ്തിയുള്ളവളാണോ? പ്രിയപ്പെട്ടവനേ, നിന്റെ ഈ ലോക ജീവിത ത്തിന്റെ, നിന്റെ ഭൗതീക ജീവിതത്തിന്റെ, നിന്റെ അനുദിന ജീവിത ത്തിന്റെ ഓരോ വശങ്ങളിലും വാസ്തവമായും നീ സംതൃപ്ത നാണോ?

നിന്റെ പൈസയുടെ വരുമാനത്തിൽ, പൈസയുടെ വിനിമയ ത്തിൽ, നിന്റെ വരവുകളിൽ, നിന്റെ ചെലവുകളിൽ നീ സംതൃപ്ത നാണോ? നിന്റെ ഭക്ഷണകാര്യങ്ങളിൽ നീ സംതൃപ്തിയുള്ളവ നാണോ? നിന്റെ ജീവിതത്തിൽ ഇന്നു നിനക്കുള്ള സൗകര്യങ്ങളിൽ, സാഹചര്യങ്ങളിൽ നീ സംതൃപ്തനാണോ? സംതൃപ്തി യേശു നൽകുമ്പോഴേ ലഭിക്കുകയുള്ളു. യേശു തന്നാൽ സംതൃപ്തി ഉണ്ടാകും.

യേശു വാഴ്ത്തി നുറുക്കി ശിഷ്യന്മാരെ ഏല്പിച്ചപ്പോൾ, ശിഷ്യ ന്മാർ വിളമ്പി. അപ്പോൾ അവരെല്ലാവരും തിന്നു തൃപ്തരായി.

ഇപ്പോൾ നിങ്ങൾ ഓരോരുത്തരും ഒന്നു തിരിഞ്ഞു നോക്കൂ. നിങ്ങൾക്ക് ഏതിലെല്ലാമാണ് അസംതൃപ്തി? ഏതിലെല്ലാമാണ് നിങ്ങൾക്ക് എന്തോ ചില പോരായ്മകൾ തോന്നുന്നത്? നിങ്ങൾക്ക് എവിടെയോ ചില അസംതൃപ്തികൾ ഉണ്ടല്ലോ, നിങ്ങളുടെ ജീവിതം വിരസമാണോ?

എനിക്കിങ്ങനെ ഒരു ഭാര്യയെ അല്ലേ തന്നത്? എനിക്കിങ്ങനെ ഒരു ഭർത്താവിനെയാണല്ലോ കിട്ടിയത്? എന്നും കോപിക്കുന്ന ഭർത്താവ്; എന്നും വാശിപിടിക്കുന്ന ഒരു പുരുഷൻ, എന്നും കോപിച്ച് അലറുന്ന പ്രകൃതം; എന്നും മദ്യപിച്ചു വന്നു ബഹളം വെയ്ക്കുന്ന സ്വഭാവം; എന്നും കഞ്ചാവും മയക്കുമരുന്നുമായി ജീവിതം തുല

ച്ചുകളയുന്ന മനുഷ്യൻ; ഇങ്ങനെയുള്ള ഒരു ആളെയാണല്ലോ ദൈവം എനിക്കുതന്നത്. എത്ര പ്രാർത്ഥിച്ചിട്ടാണ് എന്റെ വിവാഹം കഴിഞ്ഞത്. എന്നിട്ടും ഇങ്ങനെയുള്ള ഒരു വിവാഹബന്ധമാണമല്ലോ എനിക്കു തന്നത്.

മകളേ, നീ നീരസപ്പെട്ടാണോ ഇരിക്കുന്നത്? ദൈവത്തോട് നീ പരിഭവിച്ചിരിക്കുന്നുവോ? ദൈവത്തോട് നീ പിറുപിറുക്കുന്നുവോ?

സംതൃപ്തിയില്ലാത്ത മനസ്സ്. നിനക്ക് കിട്ടിയതിൽ നീ സംതൃപ്തനാണോ? ഇന്നത്തെ ശമ്പളത്തിൽ നീ സംതൃപ്തനാണോ? ഇന്നത്തെ ജോലിയിൽ നീ സംതൃപ്തനാണോ? ഇന്നുള്ള ഭവനത്തിൽ നീ സംതൃപ്തനാണോ? ഇന്നത്തെ വീടിന്റെ പണിയിൽ നീ സംതൃപ്തനാണോ? ഇന്നുള്ള നിന്റെ സൗകര്യങ്ങളിലും സാഹചര്യങ്ങളിലും നീ സംതൃപ്തനാണോ?

ദൈവപൈതലേ, നീ എപ്പോഴും പിറുപിറുക്കുന്നവനല്ലേ? നീ എപ്പോഴും വാശി പിടിക്കുന്നവനല്ലേ? നീ എപ്പോഴും പരിഭവിക്കുന്നവനല്ലേ? നീ ഒരു സ്വയം സഹതാപത്തിന് അടിമപ്പെട്ടു കഴിയുകയല്ലേ?

ടലഹള ജശ്യേ എന്നു പറയുന്ന, ടലഹള ട്യാുമവ്യേ എന്നു പറയുന്ന, സ്വയം സഹതാപത്തിനു അടിമപ്പെട്ട് നീ നിരാശയിൽ കുമിഞ്ഞു കൂടി വലഞ്ഞുലഞ്ഞ് കഴിയുകയല്ലേ? ദൈവപൈതലേ ചിന്തിക്കൂ, നിന്റെ ജീവിതത്തിൽ സംതൃപ്തി തരാൻ യേശുവിനു കഴിയും. നിനക്കു തൃപ്തികരമല്ലാത്തതെല്ലാം തൃപ്തികരമാക്കി മാറ്റാൻ നസ്രായനായ യേശുവിനു കഴിയും.

> "എൻ മനമേ, യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ, അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകല രോഗങ്ങളേയും സൗഖ്യമാക്കുന്നു........... ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്ത

ന്മാരോടു വലുതായിരിക്കുന്നു ഉദയം അസ്തമയ ത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു. അപ്പനു മക്കളോട് കരുണതോന്നുന്നതുപോലെ യഹോവെക്ക് തന്റെ ഭക്തന്മാരോട് കരുണതോന്നുന്നു.''

സങ്കീ. 103: 1–13

എല്ലാറ്റിനും തൃപ്തി തരുന്ന ദൈവം, ദൈവം എനിക്ക് ഏറ്റവും നല്ലതുചെയ്തു എന്ന് തിരിച്ചറിയുന്ന ഒരു മനസ്സ് സങ്കീർത്തനക്കാര നായ ദാവീദിനുണ്ടായിരുന്നു. മനുഷ്യ മനസ്സിൽ നന്ദി ഉറഞ്ഞു കൂടു കയാണ്. യേശുവിനോടുള്ള നന്ദി! സങ്കീർത്തനക്കാരൻ വീണ്ടും പാടി.

“യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവനു എന്തു പകരം കൊടുക്കും''

സങ്കീ.116:12

“മരണപാശങ്ങൾ എന്നെ ചുറ്റി, അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു, പാതാള പാശങ്ങൾ എന്നെ വളഞ്ഞു, മരണത്തിന്റെ കണികളും എന്നെ തുടർന്നു പിടിച്ചു. എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേ ക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു, അവൻ തന്റെ മന്ദിരത്തിൽ നിന്നു എന്റെ അപേക്ഷ കേട്ടു തിരു മുൻപിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി''

സങ്കീ. 18: 4–6

സങ്കീർത്തനക്കാരൻ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. “യഹോവയെ സ്തുതിപ്പിൻ, അവൻ നല്ല വനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്'' എന്ന് ദാവീദ് വീണ്ടും വീണ്ടും പാടി. സംതൃപ്തിയുടെ നന്ദി ഹൃദയം നിറഞ്ഞു

നിൽക്കുന്നു.

> "ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നുവനു സ്തോത്രം ചെയ്വിൻ, അവന്റെ ദയ എന്നേക്കുമുള്ളത്. നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവനു സ്തോത്രം ചെയ്വിൻ, അവന്റെ ദയ എന്നെന്നേക്കുമുള്ളത്."
>
> സങ്കീ. 136: 4,23

നിന്റെ താഴ്ചയിൽ നിന്നെ ഓർത്തവൻ, നീ എത്ര നിസ്സാരൻ എന്ന് നിന്റെ പ്രകൃതി അറിയുന്നവനാണ് ദൈവം. "നമ്മുടെ പ്രകൃതി അവൻ അറിയുന്നുവല്ലോ, നാം പൊടി എന്ന് അവൻ ഓർക്കുന്നു" എന്നു സങ്കീർത്തനക്കാരൻ പറയുന്നുണ്ട് –സങ്കീ. 103:14. നമ്മുടെ നിസ്സാരത കാണുന്ന ദൈവം, നമ്മിൽ മനസ്സലിയുന്ന ദൈവം, നമ്മുടെ വാശിയും പിണക്കവും കണ്ടിട്ടും പിന്നേയും നമ്മെ തലോടുവാനും, തഴുകുവാനും, ചേർത്തണയ്ക്കുവാനും നമ്മുടെ പിന്നാലെ വരുന്ന നിത്യസ്നേഹം.

ഇപ്പോൾ ആ സ്നേഹം നിങ്ങളെ സമീപിക്കുകയാണ്, ആ സ്നേഹം നിന്റെ അരികത്തുവരികയാണ്, നിറപടിയായി സ്നേഹം തരാൻ, നന്മ തരാൻ, അനുഗ്രഹം തരാൻ, സമൃദ്ധിയുടെ ഐശ്വര്യം തരാൻ അവൻ നിന്റെ അരികത്തു വന്നു നിൽക്കുകയാണ്.

അവർ തിന്നു സംതൃപ്തരായി. യേശു വാഴ്ത്തിക്കൊടുത്തപ്പോൾ അവർ തൃപ്തരായി. ഇന്നു നിനക്കു തൃപ്തിതരാൻ യേശുവന്നു നിൽക്കുന്നു. നിനക്കു കുറവായുള്ളത് പൂർത്തീകരിച്ചു തരാൻ യേശു വന്നു നിൽക്കുന്നു. നിനക്ക് സംഭവിച്ചതിലൊക്കെയും ഏറ്റവും നല്ലതുതരാൻ യേശുവന്നു നിൽക്കുന്നു.

അവനെ കൈക്കൊള്ളുവിൻ, അവനെ സ്വീകരിപ്പിൻ, അവന്നായി ജീവിതം വേർതിരിപ്പിൻ, അവന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തിരിപ്പിൽ, അവന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ചു ഒരു പുതിയ സൃഷ്ടിയായി ജീവിപ്പിൻ, അവന്നു മഹത്വം കൊടുപ്പിൻ.

## പത്ത്

"അവർക്ക് തൃപ്തിയായശേഷം അവൻ ശിഷ്യന്മാരോട്: ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ എന്നു പറഞ്ഞു. അഞ്ചു യവത്തപ്പത്തിൽ നിന്നു ശേഖരിച്ച കഷണം അവർ പന്ത്രണ്ടു കൊട്ടനിറച്ചെടുത്തു. അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു: ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു"

യോഹ. 6: 12–14

അവർ തിന്നു തൃപ്തരായി, ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ എന്നു യേശു പറഞ്ഞു. ഒന്നും നഷ്ടപ്പെടരുത് എന്ന് യേശു ആഗ്രഹിക്കുന്നു. ഈീഹഹലരലേ. എല്ലാം ശേഖരിച്ചു. പന്ത്രണ്ടു ശിഷ്യന്മാരാണ് പന്ത്രണ്ടു കൊട്ടയിൽ വിളമ്പിക്കൊണ്ടു നടന്നത്, വിളമ്പിക്കഴിഞ്ഞപ്പോൾ കൊട്ടനിറയെ അപ്പനുറുക്കുകൾ, എല്ലാം പെറുക്കി എടുത്തു, ഒന്നും നഷ്ടപ്പെടുത്തിയില്ല, ഒന്നും കളഞ്ഞില്ല.

"ഋഃമ്ൃമ്മഴമിരല ശ െമ ശെി" ധാരാളിത്തം ഒരു പാപമാണ്. 'ഘൗഃൗ്യൃ ശ െമ ശെി,' സുഖഭോഗവും ഒരു പാപമാണ്. അമിതമായി ചിലവ് ചെയ്യരുത്. ഉണ്ട് എന്നുള്ളതുകൊണ്ട് തൂകിക്കളയരുത്, ധാരാളം ഉണ്ട് എന്നുള്ളതുകൊണ്ട് നഷ്ടമാക്കിക്കളയരുത്.

കർത്താവു പറഞ്ഞ അതിമനോഹരമായ ഒരു വാക്യം“ശേഷിച്ച കഷണം ഒന്നും നഷ്ടമാകാതെ ശേഖരിപ്പിൻ”

ദൈവ ജനമേ, ലോകത്തിൽ ദരിദ്രന്മാർ ധാരാളമുണ്ട്; ലോകത്തിൽ സമ്പന്നന്മാർ ധാരാളമുണ്ട്. ഓർക്കൂ, സമ്പന്നന്മാർ തിന്നു ശേഷിപ്പിച്ചു ചവിട്ടിക്കളയുന്നു എങ്കിൽ എത്രയോ പരിതാപകരം! അവർ തിന്നുന്നു, അവർ ശേഷിപ്പിക്കുന്നു, അത് നശിപ്പിക്കുന്നു.

യാതനയേറ്റു പിടയുന്നവർ അനേകരുണ്ട്, ദുരിതം പിടിച്ചു വലയുന്നവർ, ദരിദ്ര ലക്ഷങ്ങൾ അനേകരുണ്ട്. നമ്മുടെ ചുറ്റുപാടുമുണ്ട്. അവർക്കായി ശേഖരിക്കേണ്ടത് നമ്മുടെ കടമയാണ്; അവർക്കായി സംഭരിക്കേണ്ടത് നമ്മുടെ ചുമതലയാണ്; അഗതികളോട് കരുണ തോന്നുക ജീവനുള്ള ദൈവത്തിന്റെ സ്വഭാവമാണ്; ആ സ്വഭാവം നാം അനുവർത്തിക്കേണ്ടതാണ്. എന്താണ് യഥാർത്ഥ ഭക്തി എന്ന് യാക്കോബിന്റെ ലേഖനം പറയുന്നു.

> “പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തു കൊള്ളുന്നതും ആകുന്നു”.
>
> യാക്കോബ് 1: 27

അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണണം, അവരെ സഹായിക്കണം, അവരെ താങ്ങണം, അവർക്ക് തുണ കൊടുക്കണം. അനാഥരെ താങ്ങുന്നത് ദൈവത്തിന്നു പ്രസാദകരമാണ്. ജീവനുള്ള ദൈവത്തിന്റെ സന്നിധിയിൽ ഒന്നും നഷ്ടമാക്കരുത്, ഒന്നും കളഞ്ഞു പോകരുത്, എല്ലാം സംഭരിച്ചെടുക്കണം.

ശിഷ്യന്മാർ ഒരപ്പക്കഷണം പോലും നഷ്ടപ്പെടാതെ പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. ഒന്നും നഷ്ടമാക്കിയില്ല. “ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പിൻ” എന്നു യേശു പറഞ്ഞ വചനം ശിഷ്യന്മാർ അനുസരിച്ചു.

സ്നേഹിതരേ, നിങ്ങൾ ശ്രദ്ധിക്കൂ, നിങ്ങളുടെ ജീവിതത്തിൽ ധാരാളിത്ത പ്രകൃതി ഉണ്ടോ? ഘമ്ശവെ ആയി ചിലവഴിക്കുന്ന സ്വഭാവം ഉണ്ടോ? ഘൗഃൗൃശീൗ ആയി ജീവിക്കുന്ന പ്രകൃതം ഉണ്ടോ? ആഹാരത്തിനുവേണ്ടി, വേഷവിധാനങ്ങൾക്കുവേണ്ടി അമിതമായി ചിലവഴിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. സുഖലോലുപതയിൽ പണം ധാരാളമായി ധൂർത്തടിക്കുന്ന ആളുകൾ ധാരാളമുണ്ട്.

ദൈവമക്കളെ, നിങ്ങൾ ഒരിക്കലും ധൂർത്തടിക്കരുത്, നിങ്ങൾ ഒരിക്കലും സുഖലോലുപതയിൽ മുഴുകിപ്പോകരുത്;

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ എല്ലാം ശേഖരിച്ചു വെക്കുവാൻ നിനക്കു തോന്നുന്നുണ്ടോ? എല്ലാം സംഭരിച്ചു വെക്കുവാൻ നിനക്കു തോന്നുന്നുണ്ടോ? അത് അനേകർക്ക് പ്രയോജനപ്പെടേണ്ടതാണ്. നിനക്കും അനേകർക്കും പ്രയോജനപ്രദമായി തീരേണ്ടതാണ്.

ഞാൻ ഒരു ഭാവന നിങ്ങളോട് പറയാം. അന്നു വൈകുന്നേരം ഇതാ ബേത്ത്സയിദായിലെ ആ ഭവനത്തിൽ അവിടെ അപ്പനും അമ്മയും കൂടെ ഒരു സംസാരം, ഈ അഞ്ചപ്പവും രണ്ടു മീനും കൊണ്ടുപോയ ബാലകന്റെ അപ്പനും അമ്മയും കൂടിയിരുന്നൊരു സംഭാഷണം.

അമ്മ പറയുകയാണ്: നമ്മുടെ മോനെ കണ്ടില്ലല്ലോ, അവൻ യേശുവിന്റെ വചനം കേൾക്കാൻ ബേത്ത്സയിദായിലെ മലഞ്ചെരിവിൽ പോയിട്ട് മൂന്നു ദിവസമായല്ലോ.

അപ്പൻ പറഞ്ഞു: സാരമില്ല അവനിങ്ങു വന്നുകൊള്ളും നീയെന്തിനാ പേടിക്കുന്നത്? അവൻ യേശുവിന്റെ വചനം കേൾക്കാനല്ലേ പോയത്, ഭയപ്പെടേണ്ട, അവൻ ഇങ്ങു വരും.

അമ്മ പറഞ്ഞു: അതല്ല എന്റെ പ്രയാസം, എന്റെ കുഞ്ഞിന് ഞാൻ ഒരു നേരത്തെ ആഹാരം പോലും തികച്ചു കൊടുത്തു വിട്ടില്ല. അഞ്ചപ്പവും രണ്ടുമീനും ഒരു പൊതി കെട്ടി കൊടുത്തുവിട്ടതേ ഉള്ളൂ. അവൻ വിശന്നു പൊരിയുകയായിരിക്കും, അവൻ അതു തിന്നതിനുശേഷം വിഷമിച്ചു വലയുകയായിരിക്കും.

അപ്പൻ പറഞ്ഞു: യേശുവിന്റെ വചനം കേട്ടാൽ വിശപ്പ് അറിയുകയില്ല. യേശുവിന്റെ സന്നിധിയിൽ ചെന്നു നിന്നാൽ ദാഹം അറിയുകയില്ല. യേശുവിന്റെ പാദപീഠത്തിൽ ഇരുന്നാൽ സമയം പോകുന്നത് അറിയുകയില്ല. ഒട്ടും വിരസത വരികയില്ല. നീ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല.

ഇങ്ങനെ അവർ പറഞ്ഞും സംഭാഷിച്ചും കൊണ്ടിരിക്കുമ്പോൾ, അപ്പോഴുണ്ട് മോൻ ദൂരെ നിന്നും വരുന്നു! അവന്റെ മുഖത്ത് എന്തൊരു പ്രസന്നത, എന്തു ചടുലമായ ചുവടുവെയ്പുകൾ! എന്തു ഊർജ്ജസ്വലതയോടുള്ള നടപ്പ്! അവനിതാ ഉൽസാഹ പ്രസരിപ്പോടെ നടന്നുവരുന്നു. അവനെ അമ്മ കണ്ട് പുഞ്ചിരിയോടെ നോക്കി നിന്നു. അപ്പൻ കണ്ടു വാത്സല്യാതിരേകത്തോടെ, കൺകുളിർക്കെ നോക്കി നിന്നു.

ആ മകൻ വന്നു. അപ്പൻ അവനെ ചേർത്തണച്ചു നിറുകയിൽ ഉമ്മവെച്ചു, പുറം തടവി, തലോടി. അമ്മ അവനെ ചേർത്തു പിടിച്ചു, അവനെ ആലിംഗനം ചെയ്തു. അവന്റെ പൂങ്കവിളിൽ തെരുതെരേ ഉമ്മവെച്ചു.

അപ്പോഴുണ്ട് ഈ മകന്റെ പിന്നാലെ പന്ത്രണ്ടു പേര് ഓരോ കുട്ടയും ചുമന്നുകൊണ്ടുവരുന്നു. കൊട്ടനിറയെ അപ്പ നുറുക്കുകളാണ്, ഈ പന്ത്രണ്ടു പേരും യേശുവിന്റെ ശിഷ്യന്മാരാണ്, അവർ ആ കൊട്ട അപ്പന്റേയും അമ്മയുടേയും മുൻപിൽ ഇറക്കി വെച്ചു. അവർ ഒന്നും മിണ്ടുന്നില്ല. പന്ത്രണ്ടു കൊട്ട അപ്പ നുറുക്കുകൾ.

അപ്പോഴുണ്ട് പിന്നാലെ സൗമ്യനായി നമ്മുടെ നാഥനായ ക്രിസ്തു നടന്നു വരുന്നു. യേശു ആ വീടിന്റെ വരാന്തയിലേക്ക് കയറി വന്നു. വരാന്തയിൽ അപ്പനും അമ്മയും നിൽക്കുന്നുണ്ട്. പന്ത്രണ്ട് കൊട്ട അപ്പ നുറുക്കുകൾ അവരുടെ കാൽക്കൽ വച്ചിട്ടുണ്ട്. ശിഷ്യന്മാർ പന്ത്രണ്ടുപേരും മാറി നിൽക്കുന്നുണ്ട്. യേശു വന്നപാടെ ഈ മോൻ ഓടിച്ചെന്ന് യേശുവിന്റെ അരികിലേക്ക് ചേർന്ന് നിന്നു. യേശു

അവനെ ചേർത്തണച്ചുപിടിച്ചു, എന്നിട്ട് യേശു തന്റെ കരം രണ്ടും ഉയർത്തിയിട്ട് അപ്പനേയും അമ്മയേയും അനുഗ്രഹിച്ചു.

നിങ്ങൾ ഇന്ന് ഭാഗ്യശാലികൾ, നിങ്ങളുടെ കുടുംബം അനുഗ്ര ഹിക്കപ്പെട്ടു. നിങ്ങളുടെ തലമുറ ആനുഗ്രഹിക്കപ്പെട്ടു. നിങ്ങളുടെ മകൻ മൂലം നിങ്ങൾ രണ്ടുപേരും അനുഗ്രഹിക്കപ്പെട്ടു. നിങ്ങളുടെ മകൻ അവനുള്ളത് എനിക്കു തന്നു, ഞാനോ അത് അയ്യായിര ങ്ങൾക്ക് ഭക്ഷണമാക്കി ഉപയോഗിച്ചു. ബാക്കിയുള്ളതാണ് ഈ പന്ത്രണ്ടു കൊട്ടയിൽ കൊണ്ടുവന്നത്, ഇത് നിങ്ങളുടേതാണ്, നിങ്ങൾ അഞ്ചപ്പവും രണ്ടു മീനുമല്ലേ മകന്റെ കയ്യിൽ കൊടുത്തത്, ഇപ്പോഴിതാ ഇരട്ടി ഇരട്ടിയായി, പതിന്മടങ്ങായി, നൂറു മടങ്ങായി നിങ്ങൾക്ക് തിരികെ തരുന്നു.

യേശുവിന്റെ തിരുമുഖത്തുനിന്നും കണ്ണുപറിക്കാതെ നിറകണ്ണു കളോടെ അപ്പനും അമ്മയും നോക്കി നിന്നു. ശിഷ്യന്മാർ അത്ഭുത ത്തോടെ നോക്കി നിന്നു. യേശുവിനോട് പറ്റിച്ചേർന്ന് ആ മോനും നിന്നു.

യേശു വീണ്ടും പറഞ്ഞു: “ഈ മോൻ മുഖാന്തരം നിങ്ങൾ അപ്പനും അമ്മയും, ഈ ദേശവും അനുഗ്രഹിക്കപ്പെട്ടു.” അനുഗ്രഹം നിറപടിയായി ഒഴുകുകയാണ്. ആ ഭവനം സന്തോഷത്തിന്റെ സദ സ്സായി മാറുകയാണ്. സന്തോഷധ്വനി ഉയരുകയാണ്. സ്തുതിഗീ തങ്ങൾ ആലപിക്കുകയാണ്. സന്തോഷത്തിന്റെ സ്തുതികൾ, സത്യാ രാധന അവിടെ മുഴങ്ങുകയാണ്.

ബേത്സയിദായിലെ ഓരോ വീട്ടിലേക്കും അന്നു വൈകുന്നേരം ഈ അപ്പനുറുക്കുകൾ പകർച്ച കൊടുത്തയച്ചു.

ഇന്നു നിങ്ങൾ ഇത് വായിക്കുമ്പോൾ യേശു വാഴ്ത്തിത്തരുന്നത് ശേഖരിച്ചെടുത്ത് അനേകർക്ക് വിളമ്പുവാൻ തയ്യാറാകുമോ? നിങ്ങ ളുടെ നാട്ടിൽ, നിങ്ങളുടെ ഇടവകയിൽ, നിങ്ങളുടെ വീട്ടിൽ ആഹാ

രമില്ലാതെ വലയുന്നവർക്ക് പകർച്ച കൊടുത്തയക്കാൻ കർത്താവ് നിങ്ങളുടെ കയ്യിൽ ഭരമേല്പിക്കുകയാണ്. പകർച്ച കൊടുത്തയക്കുവാൻ തക്കവണ്ണം നിങ്ങൾ എല്ലാം ശേഖരിക്കുന്നുണ്ടോ?

നമുക്ക് സമർപ്പിക്കാം, നമുക്ക് യേശുവിന്റെ കരങ്ങളിലേക്ക് എല്പിക്കാം, ഒന്നും നഷ്ടമാകാതെ ശേഖരിക്കാം. എല്ലാമെല്ലാം എല്ലാവർക്കുമായി യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കാം.

കാരുണ്യവാനേ, സ്നേഹവാനേ, അവിടത്തെ വചനങ്ങൾക്കായി സ്തോത്രം. തന്ന കൃപകൾക്കായി സ്തോത്രം, തന്ന അനുഗ്രഹങ്ങൾക്കായി സ്തോത്രം. അവിടത്തെ നാമം മഹത്വപ്പെടട്ടെ.

## പതിനൊന്ന്

“അഞ്ചു യവത്തപ്പത്തിൽ തിന്നു ശേഷിച്ച കഷണം അവർ ശേഖരിച്ചു. പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ട്: ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു.”

യോഹ. 6:13–14

ലോകത്തിലേക്കുവരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്ന് ആളുകൾ പറയുവാൻ കാരണം യേശു ചെയ്ത അടയാളം അവർ കണ്ടു എന്നതാണ്. ആളുകൾ അവനിൽ വിശ്വസിച്ചു.

ഒന്ന്: ഇീാാശലേറ സമർപ്പിക്കുന്നു.

രണ്ട്: ഇീിലെരൃമലേറ വാഴ്ത്തുന്നു

മൂന്ന്: ഇ്യൃൗവെലറ നുറുക്കുന്നു

നാല്: ഇീിൃേശയൗലേറ നൽകുന്നു

അഞ്ച്: ഇീിലേിലേറ തൃപ്തരാകുന്നു

ആറ്: ഇീഹഹലരലേറ ശേഖരിച്ചെടുക്കുന്നു

ഏഴ്: ഇീാാലിലേറ ആളുകൾ പറയുന്നു

എന്താണ് പറയുന്ന അഭിപ്രായം – ഈിാലിഭ "യേശു ലോക ത്തിലേക്കു വരുവാനുള്ള പ്രവാചകൻ" എന്ന്.

യേശുവിന്റെ പ്രവൃത്തി, യേശു ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ എന്നു തെളിയിക്കുന്നതായിരുന്നു. യേശു ചെയ്ത ഓരോ പ്രവൃത്തികളും യേശു ദൈവപുത്രനാണെന്ന് വ്യക്തമാക്കു ന്നവയായിരുന്നു. യേശുവിന്റെ ഓരോ പ്രവൃത്തിയും അഭൗമ പ്രവൃത്തികൾ ആയിരുന്നു, അലൗകിക പ്രവൃത്തികൾ ആയിരുന്നു. ദൈവപുത്രനു മാത്രം ചെയ്യുവാൻ സാദ്ധ്യമാകുന്ന കാര്യങ്ങളായി രുന്നു ക്രിസ്തു ചെയ്തത്. യേശുക്രിസ്തു ഇന്നും അത്ഭുതങ്ങൾ നിവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിശയങ്ങൾ ഇന്ന് നമ്മുടെ മദ്ധ്യ ത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു. സ്വഭാവങ്ങൾ രൂപാന്തരപ്പെടുത്തി ക്കൊണ്ടിരിക്കുന്നു. മനുഷ്യ ഹൃദയങ്ങളിൽ മാറ്റം വരുത്തിക്കൊ ണ്ടിരിക്കുന്നു.

അത്ഭുതങ്ങളുടെ പ്രവാചകനായ ക്രിസ്തു, നിത്യജീവന്റെ ഉടയ വനായ ക്രിസ്തു, രാജാധിരാജനായ ക്രിസ്തു, അത്ഭുതങ്ങൾ നിവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലേക്ക് വരുവാനുള്ള പ്രവാചകൻ ആകുന്നു സത്യം എന്ന് ആളുകൾ പറയുമാറ് അതിശ യങ്ങൾ നിവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഒരു തൊഴിൽശാല ഉണ്ടായിരുന്നു. വലിയ ഫാക്ടറിയാണ്, ധാരാളം തൊഴിലാളികൾ ഉണ്ട്, അവരെല്ലാം വിശ്രമസമയം വല്ലതു മെല്ലാം പറഞ്ഞിരിക്കും, ഉച്ചക്ക് ഊണ് കഴിക്കാൻ ഒരുമണിക്കൂർ സമയമുണ്ട്. ആ സമയമെല്ലാം രാഷ്ട്രീയം പറയും, ലോകകാര്യം പറയും, തമാശകൾ പറയും, അസഭ്യങ്ങൾ പറയും, മറ്റുള്ളവരെ ക്കുറിച്ച് കുറ്റം പറയും, വേണ്ടാതനങ്ങൾ പറയും, അഴുക്കുവാക്കു കൾ പറയും, അങ്ങനെയെല്ലാം സമയം മിനക്കെടുത്തിക്കൊണ്ടി രുന്നു.

എന്നാൽ ആ തൊഴിലാളികളിൽ ഒരാൾ ദൈവത്തിന്റെ വചനം കേൾക്കാനിടയായി. വചനം കേട്ട് അവനൊരു മാനസാന്തരം ഉണ്ടായി; സ്വഭാവം മാറി; അവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനുശേഷം, മറ്റുള്ളവർ വർത്തമാനം പറയുന്നതുപോലെ അവൻ പറയുകയില്ല; മറ്റുള്ളവർ പറയുന്നതുപോലെ അവൻ അലസമായിരിക്കുകയില്ല. മറ്റുള്ളവരുടെ കൂട്ടുകെട്ടിൽ, ചീത്തവാക്കുപറയുന്ന കൂട്ടുകെട്ടിൽ, അവൻ ഇരിക്കുകയില്ല. അവൻ മാറി വല്ലിടത്തും ഒറ്റയ്ക്കിരിക്കും. അവൻ പ്രാർത്ഥിച്ചിരിക്കും. ധ്യാനിച്ചിരിക്കും, ബൈബിൾ വായിക്കും, അവനങ്ങനെ ഇരിക്കുന്നത് കാണുമ്പോൾ മറ്റുള്ളവർക്ക് അതൊരു പുച്ഛമായിരുന്നു. മറ്റു തൊഴിലാളികൾക്കെല്ലാം ഇവനൊരു പരിഹാസവിഷയമായി.

സ്തോത്രക്കാരൻ എന്ന് ചിലർ വിളിക്കും, സൂത്രക്കാരൻ എന്ന് ആക്ഷേപിച്ചു വിളിക്കും, അവനെ പരിഹസിക്കും.

അവനത് കേട്ട മട്ടുപോലുമില്ല, ആരോടും പരിഭവവുമില്ല. അവന് വലിയ സന്തോഷം അവന്റെ ഹൃദയത്തിൽ കിട്ടിയിരിക്കുന്നു. അവന്റെ ജീവിതം മാറിയിരിക്കുന്നു, അവന്റെ കുടുംബത്തിൽ ശാന്തി വന്നിരിക്കുന്നു, കുടുംബത്തിൽ സമാധാനം വന്നിരിക്കുന്നു. ഒരു ദിവസം ഈ തൊഴിലാളികളിൽ ഒരാൾ അവന്റെ അടുക്കൽ ചെന്നു.

“നീ എന്താ ചെയ്തുകൊണ്ടിരിക്കുന്നത്”?

“ഞാൻ വേദപുസ്തകം വായിക്കുകയാണ്”

“ഇപ്പോൾ വല്ലവരും വേദപുസ്തകം വായിക്കുമോ?”

“അതെന്താ?”

“അല്ല, വേദപുസ്തകത്തിൽ പറയുന്നതൊക്കെ സത്യമാണോ? വെറുതെ ഇല്ലാത്ത കഥകളല്ലേ എഴുതി വെച്ചിരിക്കുന്നത്.”

“അയ്യോ അങ്ങനെയല്ല. മുഴുവനും ഉള്ളതാണ്, സത്യമാണ്, മുഴുവൻ ശരിയാണ്”

" നീ അങ്ങനെയാണോ വിചാരിക്കുന്നത്? ഇതിൽ എന്തെല്ലാം അബദ്ധങ്ങളാണ് എഴുതിവെച്ചിരിക്കുന്നത്. ഒരു മത്സ്യം ഒരു മനുഷ്യനെ വിഴുങ്ങി, മൂന്നു ദിവസം കഴിഞ്ഞ് ആ മനുഷ്യനെ ഛർദ്ദിച്ചു. ആ മനുഷ്യൻ എഴുന്നേറ്റു നടന്ന് ദൈവവചനം പ്രസംഗിച്ചു എന്നൊക്കെ പറയുന്നു. ഇത് വല്ലതും സാധിക്കുന്ന കാര്യമാണോ? ശുദ്ധ അസംബന്ധമല്ലേ?

"അയ്യയ്യോ, വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് മുഴുവൻ സത്യമാണ്" അവൻ പറഞ്ഞു

"എടാ, ഞാൻ ചോദിക്കട്ടെ, ഈ യേശു ഒരു കല്യാണ വീട്ടിൽ ചെന്നു, പച്ചവെള്ളം വീഞ്ഞാക്കി എന്നു പറയുന്നു. അത് നീ വിശ്വസിക്കുമോ?"

"ഉവ്വുവ്വ്, ഞാൻ വിശ്വസിക്കും. എനിക്കത് നല്ല വിശ്വാസമാണ്."

"എടാ ഒഴിച്ചപ്പോൾ വെള്ളം. എടുക്കുമ്പോൾ അത് വീഞ്ഞ്. നീ ഇതു വിശ്വസിക്കാനേ ഉള്ളോ?"

"അയ്യയ്യോ, വിശ്വസിക്ക മാത്രമല്ല എന്റെ വീട്ടിൽ അതു നടന്നു."

"നിന്റെ വീട്ടിലോ?"

"അതേന്ന്, എന്റെ വീട്ടിൽ അതു നടന്നു."

"എന്താണ് നിന്റെ വീട്ടിൽ നടന്നത്?"

"എന്റെ വീട്ടിൽ മദ്യം ഫർണിച്ചർ ആയി."

"മദ്യം ഫർണിച്ചർ ആയോ? അതെങ്ങനെയാണ്?"

"ഉവ്വെന്ന്; ഞാൻ ഈ തൊഴിൽശാലയിൽ പണിയെടുത്ത് ഇത്രയൊക്കെ ശമ്പളം കിട്ടിക്കൊണ്ടിരുന്നില്ലേ? പക്ഷെ കുടിക്കാനായിരുന്നു മുഴുവൻ രൂപയും ചിലവഴിച്ചുകൊണ്ടിരുന്നത്. കുറച്ചുപൈസകൊണ്ട് അരിവാങ്ങും, ബാക്കി മുഴുവൻ കുടിച്ചു മുടിച്ചു തീർക്കും.

അതൊരു ചോർന്നൊലിക്കുന്ന വീടാണ്. ഇപ്പോൾ കുടി നിർത്തി എന്റെ വീടിന്റെ മേല്പുര പണിതു, കോൺക്രീറ്റ് ചെയ്തു. എന്റെ വീടിന്റെ തറ നല്ല മൊസെയ്ക് ചെയ്തു, മാത്രമല്ല നല്ല വാതിലും കതകുമെല്ലാമായി, കൂടാതെ ഇപ്പോൾ എന്റെ വീട്ടിൽ ധാരാളം ഫർണിച്ചർ. നല്ല മേശ, കസേര, നല്ല ഉപകരണങ്ങൾ. ഇന്ന് രൂപ യുണ്ട്, മുൻപ് മുഴുവൻ കുടിച്ചു മുടിച്ചുകൊണ്ടിരുന്നിടത്ത് ഇന്ന് രൂപ ബാക്കി. അതുകൊണ്ടെല്ലാം ഭംഗിയാക്കാൻ കഴിഞ്ഞു. എന്റെ വീട്ടിൽ യേശു ക്രിസ്തു കള്ളിനെ ഫർണിച്ചർ ആക്കിമാറ്റി."

എന്താണ് ക്രിസ്തു വരുത്തുന്ന രൂപാന്തരം? ക്രിസ്തു വരുത്തുന്ന അടയാളം എന്താണ്? മനുഷ്യ ജീവിതത്തിൽ രൂപാന്തരം വരുത്തുന്നു, മനുഷ്യഹൃദയത്തിൽ മാറ്റം വരുത്തുന്നു.

അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച ക്രിസ്തു ഇന്ന് അനേകമനേകം ജീവിതങ്ങളിൽ അഭിവൃദ്ധി നൽകിക്കൊണ്ടിരിക്കുന്നു. അനേക ഹൃദയങ്ങളിൽ സംതൃപ്തിയും സംപുഷ്ടിയും നൽകിക്കൊണ്ടിരിക്കുന്നു. അനേക ജീവിതങ്ങളിൽ ശാന്തിയും സമാധാനവും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. അനേകർക്ക് ഇന്ന് സ്വസ്ഥത നൽകിക്കൊണ്ടിരിക്കുന്നു. അനേകർക്ക് രോഗ സൗഖ്യം നൽകിക്കൊണ്ടിരിക്കുന്നു. അനേകരുടെ ദുശ്ശീലങ്ങൾ മാറിക്കൊണ്ടിരിക്കുന്നു, അനേകരുടെ ദുഷ്പ്രവണതകൾ നീക്കിക്കൊണ്ടിരിക്കുന്നു. അനേകം കുടുംബങ്ങളിൽ സത്യസമാധാനം വാഴുന്നതിന് ക്രിസ്തു കാരണക്കാരനായിരിക്കുന്നു.

മദ്യപിച്ച് മുടിച്ചുകൊണ്ടിരുന്നവർ മനുഷ്യരെ സ്നേഹിക്കുന്നവരും കുടുംബത്തിൽ ശാന്തി പ്രദാനം ചെയ്യുന്നവരുമായി മാറിയിരിക്കുന്നു. മാതാപിതാക്കളെ അനുസരിക്കാത്തവർ, മാതാപിതാക്കളെ അനുസരിക്കുന്നവരും, അവരെ സ്നേഹിക്കുന്നവരുമായി മാറിയിരിക്കുന്നു. ജീവിതം ഉഴപ്പിക്കളയുന്നവർ, പഠിത്തം ഉഴപ്പിക്കളയുന്നവർ, സിനിമാശാലകളിൽ സമയം ചിലവഴിക്കുന്നവർ, ടിവി സീരി

യൽ കണ്ട് സമയം മിനക്കെടുത്തുന്നവർ ഇന്ന് സമയം വിലയേറിയതായിക്കണ്ട് പ്രയോജന പ്രദമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നു.

കുടുംബത്തിൽ സമാധാനം വരുന്നു. ഭാര്യയും ഭർത്താവും ഐക്യമാകുന്നു. ഒരു ഹൃദയമാകുന്നു. ഒരു മനസ്സാകുന്നു. കുടുംബത്തിൽ ഒമ്യാ്യ ഉണ്ടാകുന്നു, കുടുംബത്തിൽ സ്വർഗ്ഗം തുടങ്ങുന്നു. മാതാപിതാക്കളും മക്കളും ഐക്യമാകുന്നു, സ്നേഹമാകുന്നു.

അനേകർ, പിണങ്ങിയിരുന്നവർ ഇണങ്ങുന്നു. അകന്നിരുന്നവർ അടുക്കുന്നു. ഭിന്നിച്ചിരുന്നവർ ഒന്നിക്കുന്നു, നല്ലതല്ലേ? യേശു അത്ഭുതങ്ങൾ നിവർത്തിക്കുന്നു. യേശുക്രിസ്തു നമ്മുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നു.

അവൻ ചെയ്ത മഹാത്ഭുതങ്ങൾ കണ്ട് “ഇവൻ വരുവാനുള്ള പ്രവാചകൻ സത്യം” എന്ന് ആളുകൾ പറഞ്ഞു. ഈ വരുവാനുള്ള പ്രവാചകൻ, മകനേ, നിന്റെ ഹൃദയത്തിൽ വന്നുവോ? ഈ സത്യ പ്രവാചകൻ മകളേ, നിന്റെ ഹൃദയത്തിൽ കടന്നുവന്നുവോ? അവനെ നിന്റെ ഹൃദയത്തിലേക്ക് നീ എതിരേറ്റുവോ?

“കർത്താവിന്നു വഴിഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ.” യേശുവിനുവേണ്ടി നിന്റെ ഹൃദയം നീ ഒരുക്കുവിൻ. യേശുവിനു കടന്നു വരുവാൻ നിന്റെ വഴി നീ ഒരുക്കുവിൻ. വഴിയിൽ മുള്ളുണ്ട്, കല്ലുണ്ട്, കുഴിയുണ്ട്, കുണ്ടുണ്ട്. മകനേ, കുഴികൾ നിരത്തുവിൻ, പാത ചൊവ്വാക്കുവിൻ, വഴി നിരത്തുവിൻ. യേശു എഴുന്നള്ളിവരട്ടെ.

“വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ,
പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ, മഹ

ത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ, മഹത്വത്തിന്റെ രാജാവ് ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധ വീരനായ യഹോവ തന്നെ.''

സങ്കീ. 24: 7–8

മഹത്വത്തിന്റെ രാജാവിനായി നിങ്ങളുടെ ഹൃദയങ്ങളെ തുറക്കുവിൻ, യേശു ഇതാ, ഹൃദയ വാതിൽക്കൽ വന്ന് മുട്ടി വിളിക്കുന്നു, വാതിൽ തുറന്നു കൊടുക്കുവിൻ, യേശുവിനെ എതിരേൽക്കുവിൻ. നിന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കും. നിന്റെ കുടുംബത്തിൽ അത്ഭുതം പ്രവർത്തിക്കും. നിന്റെ തലമുറകളിൽ അത്ഭുതം പ്രവർത്തിക്കും. യേശു നിനക്ക് ഇപ്പോൾ തരുന്ന അതിമഹത്വമേറിയ ഒരു വാഗ്ദാനം ഇതാണ്. ദൈവം നിന്നോടു ചെയ്യുന്ന നിയമം, വാഗ്ദത്തം, ഇങ്ങനെയാണ്:

"ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു: നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നു മുതൽ ഒരു നാളും വിട്ടു പോകയില്ല എന്നു യഹോവ അരുളിചെയ്യുന്നു''

യെശയ്യാവു 59: 21

യേശുക്രിസ്തു തലമുറകളെ അനുഗ്രഹിക്കും, തലമുറകളെ വാഴ്ത്തും. തലമുറകളിൽ സമൃദ്ധി പകരും, ഐശ്വര്യം പകരും, സ്വർഗ്ഗീയ വാഴ്വുകൾ പകരും.

ദൈവപൈതലേ, അത്ഭുതങ്ങളുടെ ഉടയവനെ നിന്റെ ഹൃദയത്തിലേക്ക് കൈക്കൊള്ളൂ. പുതിയ ജീവിതം തുടങ്ങൂ, സമാധാന ജീവിതം

ആരംഭിക്കൂ. ക്രിസ്തു നിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്ന് വിശ്വസിച്ച് അവന്റെ തിരുശരീരത്തിൽ ഏറ്റ മുറിവുകളാലും അവന്റെ തിരുരക്തത്താലും മോചനം ഉണ്ടെന്ന് വിശ്വസിച്ച് യേശുവിൽ ആശ്വാസം കണ്ടെത്തൂ. പുതിയ ജീവിതം തുടങ്ങൂ.

സ്നേഹവാനേ, മഹാ കാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, അവിടത്തെ ദൂത് ഞങ്ങളെ വായിക്കാൻ അനുവദിച്ച കൃപക്കായി സ്തോത്രം. ഇത് വായിച്ച എല്ലാവരേയും അനുഗ്രഹിക്കണമേ, സമാധാനം പ്രദാനം ചെയ്യണമേ, ആശ്വാസം നൽകണമേ, അത്ഭുതം നിവർത്തിക്കണമേ, പ്രവർത്തിക്കണമെ, തിരുനാമം മഹത്വപ്പെടുത്തണമേ. എല്ലാം അവിടത്തെ തിരുമഹത്ത്വത്തിനായിത്തന്നേ.

ജ്ജ

# ഭാഗം : രണ്ട്

# ആത്മാവിന്റെ ഭോജനം

# പിതാക്കന്മാരുടെ വിശ്വാസം

## ഒന്ന്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ."

എബ്രായർ 13:7

അറിയൂസിന്റെ വിശ്വാസവൈപരീത്യത്തെ എതിർത്ത താപസശ്രേഷ്ഠനും പുണ്യപിതാവുമായിരുന്ന വി: അത്താനാസ്യോസ് പറഞ്ഞ വാക്കുകളാണ്, "ദൈവം മനുഷ്യനായിത്തീർന്നത് മനുഷ്യനെ ദൈവതുല്ല്യനാക്കിത്തീർക്കുവാനാണ്." (വിശുദ്ധ അത്താനാസ്യോസ്, റവ. പി.ജെ. തോമസ്, പേജ്. 70) മനുഷ്യജീവിതത്തെക്കുറിച്ചുള്ള വിശുദ്ധ അത്താനാസ്യോസിന്റെ സമഗ്രവീക്ഷണം അഭിവ്യഞ്ജിപ്പിക്കുന്ന അനേകം അമൂല്യ വാക്യങ്ങളിൽ ഒന്നാണിത്.

നാം താല്ക്കാലികമായ കഷ്ടാരിഷ്ടതകൾ മൂലം വിഷാദമഗ്നരാകരുത്. ലോകം ദൈവത്തോടും ദൈവജനത്തോടും ശത്രുത്വം പുലർത്തുന്നതിനെപ്പറ്റി നാം ഭയചകിതരാകരുത്. പ്രത്യുത, ഈ വിധ പരിശോധനകളുടെ മദ്ധ്യത്തിൽ നാം ദൈവത്തെ പ്രസാദിപ്പിക്കയത്രേ വേണ്ടത്. ഇവയെല്ലാം നമ്മുടെ സദ്ഗുണങ്ങളുടെ ഉരകല്ലാണ്. നമ്മുടെ കർത്താവും രക്ഷിതാവുമായവൻ ഇതിലൊക്കെ എത്രയോ അധികമാണ് സഹിപ്പാനിടയായത്.

വൈരിയായവൻ പരിശോധനകളിലും വിഷമതകളിലും നമ്മോട്

പോരാടുകയാണ്. എങ്ങനെയെങ്കിലും നമ്മെ തോല്പിക്കുന്നതിന് ശ്രമിക്കുകയാണ്. എന്നാൽ ക്രിസ്തുവിന്റെ സഹായം മൂലം ശത്രുവിനോട് എതിർത്തുനില്പാൻ ശ്രമിക്കുന്നവൻ അവസാനം വിജയിക്കും. “എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു.” എന്ന് പറയുവാൻ അവന് സാധിക്കും. ഇതത്രേ ദൈവകൃപ. ഇതാണ് കർത്താവിന്റെ സാരോപദേശം.

318 ബാവമാർ ചേർന്നു നടത്തിയ നിഖ്യാസുന്നഹദോസിന്റെ പ്രധാന സൂത്രധാരൻ പരിശുദ്ധ അത്താനാസ്യോസ് ആയിരുന്നു. നിഖ്യാവിശ്വാസപ്രമാണത്തിൽ “ജനിച്ചവനും സൃഷ്ടിയല്ലാത്തവനും”, “സാരാംശത്തിൽ പിതാവിനോടു ഏകത്വമുള്ളവനും”,“സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി,” “മനുഷ്യനായി” എന്നീ പദങ്ങൾ വി. അത്താനാസ്യോസ് നിഷ്ക്കർഷിച്ച് ചേർത്തതായ പ്രയോഗങ്ങളാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യം അറിയുകയും അറിയിക്കുകയും ചെയ്യുകയാണ് സുവിശേഷദൗത്യം എന്ന് ആഴത്തിൽ ഗ്രഹിച്ച പൂർവ്വിക പുണ്യപിതാക്കന്മാരിൽ ഒരുവനായിരുന്നു വി. അത്താനാസ്യോസ്.

“മോറാനേശ് മിശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ” എന്ന പ്രാർത്ഥന പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ഗരിമയെ കാണിക്കുന്നു.

“ക്രോബേ, സ്രാഫികൾ തൻ
സവിധം വിട്ടവതരണം
ചെയ്താക്കന്യക തൻ
ഉദരേ വാണോനേ

ആദാമ്യരെ സാത്താൻ,
മൃതിയിവതന്നടിമയിൽ നി-
ന്നേറ്റീടുവാൻ മെയ്യേ-
ന്തിയ വീരാ, സ്തോത്രം”

എന്ന ബസ്മൽക്കൊ ഗീതത്തിലും അനുരണനം ചെയ്യുന്നത് ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനപദ്ധതിയുടെ സന്ദേശമാണല്ലൊ.

ഡോ. സാമുവൽ ചന്ദനപ്പള്ളി എഴുതിയ പരുമല മാർ ഗ്രിഗോറിയോസിന്റെ “പവിത്ര രചനകൾ” എന്ന ഗ്രന്ഥത്തിൽ പരിശുദ്ധ പരുമല തിരുമേനി 1892 കുംഭം 29-ാം തിയതി നിരണത്തുപള്ളിയിൽ നിന്നും പുറപ്പെടുവിച്ച ഒരു കല്പനയിൽ പറഞ്ഞിരിക്കുന്ന ഭാഗം പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ആധികാരിക പ്രമാണമായി നില കൊള്ളുന്നു.

“പ്രിയമുള്ളവരേ, രക്ഷിതാവിന്റെ തിരുമണവാട്ടിയാകുന്ന, കാതോലിക്കായ്ക്കും, ശ്ലീഹായ്ക്കുമടുത്ത ഈ സഭയ്ക്ക് ഏതൽക്കാലം നേരിട്ടിട്ടുള്ള സകലദോഷവും തിരുസഭയുടെ സത്യവിശ്വാസത്തെയും അതിന് അഴകായി ദൈവികത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സഭാചട്ടത്തെയും ഇന്നതെന്നും അതിന്റെ സാരവും ഗ്രഹിക്കാതെ, സഭയുടെ മക്കൾ തന്നെ എതിർത്തു നിൽക്കുന്നതിനാൽ മാത്രമല്ലാതെ മറ്റൊന്നു കൊണ്ടുമല്ലെന്നുള്ള നിർവ്വിവാദമായ കാര്യമാകുന്നു. രാജകീയ സംബന്ധമായി എങ്ങനെയെല്ലാം തീർച്ച വരുത്തിയാലും പല പ്രകാരേണയുള്ള വേദപഠിത്തം, ഉപദേശം, സഭാസംബന്ധമായ ശട്ടം കെട്ടുകൾ ഇത്യാദികളാൽ അല്ലാതെ ഒരിക്കലും ആ ദോഷം തീരുന്നതുമല്ല. അതിന് ഉപദേഷ്ടാക്കന്മാരായി ദൈവം തെരഞ്ഞെടുത്ത് ആക്കിയിട്ടുള്ളത്, നിങ്ങൾ ഭൂമിയുടെ ഉപ്പെന്നും ശിഷ്യന്മാരാകുവിൻ എന്നും മറ്റും കല്പിച്ച് നിയമിച്ചിട്ടുള്ള മേല്പട്ടക്കാർ, പട്ടക്കാർ മുതലായ തന്റെ ആചാര്യകുലമാകുന്നു. ആ കൂട്ടമൊക്കെയും തങ്ങളുടെ വിളിയും ചുമതലയും ഇന്നതെന്ന് ഗ്രഹിച്ച് രക്ഷിതാവിന്റെ വേലയ്ക്കായി ഒരുമിച്ചുകൂടുവാൻ ഇത് തക്കസമ

യവുമാകുന്നു.

പൂർവ്വിക അപ്പോസ്തലസഭയെന്നുള്ള ഒരു മഹത്വം നമുക്കുള്ള തിനാൽ അതിനെ ഘോഷിച്ചുകൊണ്ട് നടക്കുന്നതു മാത്രമല്ലാതെ അപ്പോസ്തല സ്ഥാനത്തിനടുത്ത യാതൊരു വേലയും ഉപദേശവും നടത്താതെയും അതിന് അറിവും ശേഷിയുമില്ലാതെയും തീർന്നിരി ക്കകൊണ്ട് നിർജ്ജീവാവസ്ഥയിൽ നാം ആയിരിക്കുന്നു എന്നു മാത്രമല്ല, എല്ലാ പള്ളികളിലും തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടികൂട്ടി നശിച്ച് നശിച്ച് അശേഷം മേൽഗ തിയില്ലാതെയും ഇതരസഭക്കാർക്കും മറ്റുള്ളവർക്കും ആക്ഷേപ ത്തിനും നിന്ദയ്ക്കും പാത്രീഭവിച്ചുമിരിക്കുന്നു.

എന്നാൽ ഇതിനുള്ള കാരണം ആലോചിക്കുമ്പോൾ ഭരണദോഷം എന്നല്ലാതെ ദൈവത്തിന്റെ റൂഹായ്ക്കടുത്ത ആട്ടിൻകൂട്ടത്തെ നാം എന്തിന് കുറ്റം പറയുന്നു? അതുകൊണ്ട് തിരുസഭയുടെ ഭരണക്കാരും സഹോദരന്മാരും സഖികളുമേ, വരുവിൻ. കർത്താവിന്റെ വേല യ്ക്കായി ഒരുങ്ങുവിൻ. റൂഹായ്ക്കടുത്ത യുദ്ധത്തിന് അതിനടുത്ത സകല ആയുധങ്ങളും ധരിപ്പിൻ.

ഹാ, സഹോദരന്മാരേ, വരുവാനിരിക്കുന്ന ഭയങ്കരമായ ചോദ്യ ത്തെയും ന്യായവിധിയെയും പ്രതികാരത്തെയും ഓർത്ത് ഭയപ്പെ ടുവിൻ. നമുക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കാര്യവിചാരകന്റെ കണ ക്കെടുത്ത് വിളിക്കുമ്പോൾ നാമെന്തുത്തരം പറയേണ്ടു എന്നു വെച്ചു ഭ്രമിപ്പിൻ. മടിയനായ ദാസനെ കയ്യും കാലും കെട്ടി എവിടേയ്ക്ക് തള്ളിയിറക്കിയെന്നും ഓർത്തു വ്യസനിപ്പിൻ. അങ്ങനെയുള്ള പ്രതി ഫലത്തിന് നാം പാത്രവാന്മാരായി തീർന്നാൽ നാം ഇപ്പോൾ എടു ത്തിരിക്കുന്ന നാമം കൊണ്ടും വേഷം കൊണ്ടും എന്തു പ്രയോ ജനം?

ആത്മീയ ഇടയന്മാരെക്കുറിച്ച് യെറിമിയാ, ഹസ്കിയേൽ മുത ലായ ദീർഘദർശിമാരെക്കൊണ്ട് ദൈവം പറയിപ്പിച്ചിട്ടുള്ള വചന ങ്ങളെ കേൾപ്പിൻ. യറമിയ 23:1. എന്റെ മേച്ചിൽപ്പുറത്തെ ആടുകളെ നശിപ്പിക്കുകയും ചെയ്യുന്ന ഇടയന്മാർക്ക് അയ്യോ കഷ്ടം! എന്ന് യഹോവയുടെ അരുളുപ്പാട്....

യെഹസ്കേൽ 33: 7............
യെഹസ്കേൽ 34:2 മുതൽ ....

പ്രിയമുള്ളവരേ, ഈ ദൈവകല്പനകൾ അന്നും ഇന്നുമുള്ള തന്റെ തിരുസഭയാകുന്ന ആട്ടിൻകൂട്ടത്തിന്റെ ഇടയന്മാരുടെ ഭരണദോഷവും അതിനാൽ ലഭിക്കപ്പെടുന്ന പ്രതിഫലവും ഇന്നതെന്ന് തന്റെ ദാസന്മാരായ ദീർഘദർശിമാരെക്കൊണ്ട് മുൻകൂട്ടിപറയിച്ചിട്ടുള്ളതും അതിൽ എപ്പോഴും നാം ശ്രദ്ധയോടിരിക്കേണ്ടതുമാകുന്നു.

പവിത്ര രചനകൾ പേജ് 56, 57, 58.

പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ആധാരവും വളർച്ചയും ലക്ഷ്യവും ഹൃദയവിശുദ്ധിയാണ് എന്ന വസ്തുത വിവിധ പൗരസ്ത്യ ആരാധനാക്രമങ്ങൾ വായിച്ചാൽ ഗ്രഹിക്കാവുന്നതാണ്. സ്ലാവോണിക് ആരാധനാക്രമത്തിൽ നിന്നും, വി. കുർബ്ബാനയ്ക്കു ശേഷമുള്ള വി. ശീമോന്റെ പ്രാർത്ഥനയിൽ:

“സ്വന്തം തിരുമേനിയെ ധാരാളമായി എനിക്ക് ആഹാരമായി നല്കിയ എന്റെ സ്രഷ്ടാവേ, അയോഗ്യരെ ദഹിപ്പിക്കുന്ന അഗ്നിയായ അവിടുന്ന് എന്നെ ദഹിപ്പിച്ചുകളയരുതേ. അവിടന്ന് എന്റെ അവയവങ്ങളിൽ , എന്റെ ഓരോ സന്ധിയിലും ഹൃദയത്തിലും സിരാകേന്ദ്രത്തിലും പ്രവേശിക്കണമേ. എന്റെ എല്ലാ അതിക്രമങ്ങളെയും മുള്ളുകളെയെന്ന വിധം ദഹിപ്പിച്ചില്ലാതെയാക്കണമേ.

എന്റെ ആത്മാവിനെ അവിടുന്ന് ശുദ്ധീകരിക്കണമേ. എന്റെ ഭാവനയെ വിശുദ്ധമാക്കണമേ. എന്റെ സന്ധി ബന്ധങ്ങളെയും അസ്ഥികളെയും ബലമായി ഉറപ്പിക്കണമേ. എന്റെ ശരീരത്തിന്റെ എല്ലാ ഇന്ദ്രിയങ്ങളിലും കയറി പ്രകാശിക്കണമേ. അവിടത്തോടുള്ള ഭയം കൊണ്ട് എന്നെ പൂർണ്ണമായി ബന്ധിക്കണമേ. ആത്മാവിനെ മലിനമാക്കുന്ന വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും എന്നന്നേയ്ക്കും എന്നെ സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യണമേ.

എന്നെ ശുദ്ധീകരിച്ച് അലങ്കരിക്കണമേ. എന്നെ അവിടുന്ന് നേർവഴിക്ക് നടത്തണമേ. എനിക്ക് ജ്ഞാനം നൽകണമേ. എന്നെ പ്രബു

ദ്ധനാക്കണമേ. ഞാൻ അവിടത്തെ ആത്മാവിന്റെ ആവാസസ്ഥല മാണെന്നും യാതൊരു വിധത്തിലും പാപത്തിന്റെ ഇരിപ്പിടമല്ലെന്നും സ്ഥാപിക്കേണമെ.

> “അവിടത്തെ മന്ദിരത്തിൽ നിന്ന് ഞാനീ കൈക്കൊണ്ടിട്ടുള്ളതിന്റെ പ്രവേശത്തോടു കൂടി ദുഷിച്ച വികാരവും ദുഷ്കൃത്യവും തീയിൽ നിന്നെന്ന പോലെ പറന്നകലട്ടെ.”

റവ. ഡോ. ടി.പി. ഏലിയാസ് : വചനത്തിന്റെ നീരുറവകൾ
പേജ് . 26

പിതാക്കന്മാരുടെ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണമാണ് വിശ്വാസപ്രമാണം. അഞ്ചാം തുബ്ദേനിൽ പറയുന്ന പ്രകാരം “ദൈവത്തെ ധരിച്ച” വിശുദ്ധ പിതാക്കന്മാർ ത്രീയേക ദൈവത്തിലുള്ള വിശ്വാസം, ക്രിസ്തുവിന്റെ ക്രൂശുമരണം, ഉയിർത്തെഴുന്നേൽപ്പ്, പുനരാഗമനം എന്നിവയെക്കുറിച്ചും, ന്യായവിധി, നിത്യസ്വർഗ്ഗം, നിത്യനരകം എന്നിവയെക്കുറിച്ചുമുള്ള അഗാധമായ ബോദ്ധ്യം ഊട്ടി ഉറപ്പിക്കുന്ന ആധികാരിക രേഖയാണ് വിശ്വാസപ്രമാണം.

എ.ഡി. 325 ൽ നിഖ്യായിൽ കുസ്തന്തീനോസ് ചക്രവർത്തി വിളിച്ചുകൂട്ടിയ നിഖ്യാസുന്നഹദോസിൽ പങ്കെടുത്ത 318 പിതാക്കന്മാരാണ് വിശ്വാസപ്രമാണം ആദ്യമായി ക്രോഡീകരിച്ചത്.

എ.ഡി. 381 ൽ തേവോദോസ്യോസ് ചക്രവർത്തി വിളിച്ചുകൂട്ടിയ രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസിൽ 105 പിതാക്കന്മാർ സംബന്ധിച്ചിരുന്നു. ആ സുന്നഹദോസാണ് പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് പുറപ്പെടുന്നു എന്ന തത്വം വിശ്വാസപ്രമാണം മൂന്നാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയത്.

എ.ഡി. 43–ൽ തേവോദോസ്യോസ് രണ്ടാമൻ ചക്രവർത്തി വിളിച്ചുകൂട്ടിയ എഫേസൂസ് സുന്നഹദോസ് വിശ്വാസപ്രമാണത്തിന് പൂർണ്ണരൂപം നൽകി.

നിഖ്യാസുന്നഹദോസ് അറിയോസിന്റെയും കുസ്തന്തീനോസ് പോലീസ് സുന്നഹദോസ് മക്ക ദോനിയോസിന്റെയും എഫേസൂസ് സുന്നഹദോസ് നെസ്തോറിന്റെയും വേദവിപരീതങ്ങളെ തള്ളിക്കളഞ്ഞ് സത്യവിശ്വാസം ഉറപ്പിച്ചു.

കർത്താവിന്റെ സഹോദരനും ശ്ലീഹന്മാരിൽ ഒരുവനുമായ യാക്കോബ് എ.ഡി. 50–ൽ കൂടിയ ഒന്നാമത്തെ യറൂശലേം സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു. പരിശുദ്ധനും ഭക്തനും പണ്ഡിതനുമായ ഒരു സന്ന്യാസിവര്യനായ യാക്കോബ് എ.ഡി. 62–ൽ യഹൂദന്മാരുടെ ഒരു സന്നദ്ധസംഘത്തിന്റെ കല്ലേറ് കൊണ്ട് മരിച്ചു. രക്തസാക്ഷിയായി.

ക്രിസ്തുവിന്റെ അനുയായികളായ വിശുദ്ധന്മാർ എല്ലാവരും തന്നെ രക്തസാക്ഷിത്വം വരിച്ചവരാണ്. സഭാചരിത്രകാരനായ തെർത്തുല്ല്യൻ പറഞ്ഞിരിക്കുന്നത്, “രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ്” എന്നത്രേ. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കൂ.

“നിങ്ങൾ ഞങ്ങളെ എത്രയധികം കഷണം കഷണമാക്കുന്നുവോ, അത്രയധികം ഞങ്ങൾ വളർന്നുകൊണ്ടിരിക്കും. ക്രിസ്ത്യാനികളുടെ രക്തമാണ് അതിന്റെ വിത്ത്.”

ശെമ്മാശ്ശനായ രക്തസാക്ഷിയായിരുന്നു സ്തേഫാനോസ്. എ.ഡി. 35–ൽ അദ്ദേഹത്തെ യഹൂദന്മാർ കല്ലെറിഞ്ഞു കൊന്നു. വി. തിരുവചനത്തിൽ അപ്പോസ്തലപ്രവർത്തികൾ 7–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ആ സംഭവത്തിന്റെ ശ്രദ്ധേയമായ ഒരു വിവരണം ലോയ്ഡ് സി. ഡഗ്ലസ് എഴുതിയ “മേലങ്കി” (The Robe) എന്ന പുസ്തകത്തിൽ കാണാം.

അപ്പോസ്തലന്മാരിൽ ഒന്നാമത്തെ രക്തസാക്ഷി യോഹന്നാന്റെ സഹോദരനും സെബെദിയുടെ മകനുമായ യാക്കോബാണ്. എ.ഡി. 44–ൽ ഹെരോദാ അഗ്രിപ്പാ ഒന്നാമൻ അദ്ദേഹത്തെ ശിരച്ഛേദം ചെയ്തു. ചെറിയ യാക്കോബ് എന്ന് വിളിച്ചിരുന്ന യാക്കോബിനെ ദേവാലയത്തിന്റെ മുകളിൽ നിന്ന് തള്ളിയിട്ടു. അനന്തരം ഗദ കൊണ്ട്

അടിച്ചുകൊന്നു.

ബേത്സയിദക്കാരനായ ഫിലിപ്പോസിനെ എ.ഡി. 52–ൽ ക്രൂശിൽ തറച്ചു കൊന്നു. ഫ്രുഗ്യായിലെ ഹെലിയോപൊലിസിൽ വെച്ചാണ് അദ്ദേഹത്തെ ക്രൂശിച്ചത്.

മത്തായി ശ്ലീഹായെ എ.ഡി. 60–ൽ വാൾ കൊണ്ട് വെട്ടിക്കൊന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അദ്ദേഹം ഒൻപതു വർഷം പാർത്യാ, എത്യോപ്യാ മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു.

സുവിശേഷ കർത്താവായ മർക്കോസ് അലക്സാന്ധ്രിയ, ലിബിയ മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചു. അദ്ദേഹത്തെ ബന്ധിച്ച് തെരുവിൽക്കൂടി വലിച്ചിഴച്ച് കൽത്തുറുങ്കിലിട്ട് രാത്രി മുഴുവനും പീഡിപ്പിച്ചതിനു ശേഷം ജീവനോടെ ദഹിപ്പിച്ചു.

ഇസ്ക്കര്യോത്ത യൂദായ്ക്കു പകരം തെരഞ്ഞെടുക്കപ്പെട്ട മത്ഥിയാസിനെ കല്ലെറിയുകയും പിന്നീട് വാൾ കൊണ്ട് വെട്ടിക്കൊല്ലുകയും ചെയ്തു.

സുവിശേഷകനും വൈദ്യനുമായ ലൂക്കോസിനെ ഗ്രീസിലെ ഒരു വലിയ ഒലിവു മരത്തിൽ തൂക്കിക്കൊന്നു.

പത്രോസിന്റെ സഹോദരനായ അന്ത്രയോസിന്റെ പ്രസംഗം കേട്ട് അഖയാനാട്ടിലെ ദേശാധിപതിയുടെ ഭാര്യ മാനസാന്തരപ്പെട്ടു. അതിൽ കോപാക്രാന്തനായ ദേശാധിപതി അന്ത്രയോസിനെ എഡേസ്സായിൽ വച്ച് ക്രൂശിൽ തറച്ചു. ക്രൂശിൽ മൂന്നു ദിവസം വേദന അനുഭവിച്ചു മരിച്ചു.

യാക്കോബിന്റെ സഹോദരനായ യൂദായും ക്രൂശിക്കപ്പെടുകയാണുണ്ടായത്. അത് എ.ഡി. 72–ൽ ആയിരുന്നു.

ദിദിമോസ് എന്ന് തോമസ് ഭാരതത്തിലേക്ക് വരികയും മലങ്കര ക്രൈസ്തവസഭയ്ക്ക് നമ്മുടെ നാട്ടിൽ ആരംഭം കുറിക്കുകയും ചെയ്തു. മൈലാപ്പൂരിൽ വെച്ച് അദ്ദേഹം ശൂലമേറ്റ് രക്തസാക്ഷിയായി.

തദ്ദായി എന്ന് വിളിച്ചിരുന്ന യൂദായെ ഓറൂക്ക് നഗരത്തിൽ വെച്ച് അസ്ത്രം എയ്തു കൊന്നു.

ബർത്തൊലൊമായി എന്ന് വിളിക്കപ്പെടുന്ന നഥനയേൽ ഫിലിപ്പോസിനോടുകൂടെ ഫ്രുഗ്യയിലും ഹിയരപൊലിസിലും സുവിശേഷം പ്രസംഗിച്ചു എന്നും പിന്നീട് രക്തസാക്ഷി മരണം വരിച്ചു എന്നും ഐതിഹ്യം പറയുന്നു. അർമീനിയൻ രാജാവ് അദ്ദേഹത്തെ അഗ്നിക്കിരയാക്കി.

എരിവുകാരനായ ശീമോൻ ബ്രിട്ടനിലും ഈജിപ്റ്റിലും സുവിശേഷം അറിയിച്ചതിനു ശേഷം പേർഷ്യയിൽ പോയി എന്നും അവിടെ വെച്ച് രക്തസാക്ഷിയായി മരിച്ചു എന്നും പുരാവൃത്തങ്ങളിൽ കാണുന്നു.

യോഹന്നാൻ ശ്ലീഹായെ റോമിൽ തിളയ്ക്കുന്ന എണ്ണയിൽ ഇട്ടു എങ്കിലും ഒരു കേടും പറ്റാഞ്ഞതിനാൽ പത്മോസിലേക്ക് നാടു കടത്തി. അവിടെവച്ച് വെളിപ്പാട് പുസ്തകമെഴുതി. പിന്നീട് എഫെസോസിൽ വന്ന്  ശിഷ്ടായുസ്സ് അവിടെ ചെലവഴിച്ചു. സ്വഭാവികമരണം വരിച്ചു.

മത്ഥിയാസിനെ കല്ലെറിയുകയും തല വെട്ടുകയും ചെയ്തു. ബർണബാസിനെ സലെമീസിൽ വെച്ച് കല്ലെറിഞ്ഞുകൊന്നു. മിഷനറി ശ്രേഷ്ഠനായ പൗലോസിനെ നീറോ ചക്രവർത്തി വെട്ടിക്കൊന്നു.

പത്രോസ് അപ്പോസ്തലൻ ശമര്യയിൽ വെച്ച് അഭിമുഖികരിച്ച ആഭിചാരകനായ ശീമോന്റെ വൈരാഗ്യത്തിനിരയായി. ശീമോന്റെ കാപട്യങ്ങൾ പത്രോസ് വെളിച്ചത്തു കൊണ്ടു വന്നത് അവന്റെ അനുയായികൾക്ക് കടുത്ത ശത്രുത്വത്തിന് കാരണമായി. വലിയ പീഡനവും എതിർപ്പും നേരിട്ടപ്പോൾ യരുശലേമിൽ നിന്ന് ഓടിപ്പോകുവാൻ സ്നേഹിതർ പത്രോസിനെ ഉപദേശിച്ചു. അങ്ങനെ അദ്ദേഹം ഓടിപ്പോകുമ്പോൾ ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തു പട്ടണത്തിലേക്ക് വരുന്നത് കണ്ടു. “അങ്ങ് എവിടെ പോകുന്നു കർത്താവേ (ക്വോവാദീസ്, ഡോമിനോ) എന്ന് പത്രോസ് ചോദിച്ചു. “ഞാൻ

വീണ്ടും ക്രൂശിൽ തൂങ്ങുവാൻ യരുശലേമിലേക്ക് പോകുകയാണ്" എന്ന് കർത്താവ് പറഞ്ഞു. ഇത് കേട്ട് പത്രോസ് തിരികെ പോയി. പത്രോസിന്റെ തീവ്രദുഃഖം വർദ്ധിപ്പിക്കാൻ വേണ്ടി പത്രോസിന്റെ ഭാര്യയെ കൺമുമ്പിലിട്ട് ക്രൂശിച്ചു എന്ന് ജോസീഫസ് എന്ന ചരിത്രകാരൻ പറയുന്നു. "യേശുവിനെ ഓർത്തുകൊൾക" എന്ന് പറഞ്ഞ് പത്രോസ് ഭാര്യയെ ധൈര്യപ്പെടുത്തി.

പത്രോസിനെ ക്രൂശിക്കാൻ ഭാവിച്ചപ്പോൾ "എന്റെ നാഥനെപ്പോലെ ക്രൂശിക്കപ്പെടാൻ എനിക്ക് യോഗ്യതയില്ല" എന്ന് പറഞ്ഞ് തലകീഴായി ക്രൂശിക്കാൻ അപേക്ഷിച്ചു എന്നും ഏറ്റവും നല്ല ധൈര്യത്തോടും പ്രത്യാശയോടും കൂടെ ക്രൂശുമരണം ഏറ്റുവാങ്ങി എന്നും ഐതിഹ്യം പറയുന്നു.

ഇങ്ങനെ ആദിമകാല അപ്പോസ്തലന്മാരും സുവിശേഷകന്മാരും എല്ലാം "ലോകം തങ്ങൾക്ക് യോഗ്യമല്ലെന്ന്" നിർണ്ണയിച്ച് രക്തസാക്ഷികളായി.

Foxe's Christian Martyrs, വെരി. റവ. റ്റി.ബി. ബഞ്ചമിൻ എഴുതിയ "ഭൂലോകത്തെ കീഴ്മേൽ മറിച്ചവർ", ശ്രീ വി.പി. ഫിലിപ്പ് രചിച്ച "ഇനി ഞാൻ മരിക്കട്ടെ" ഫെയ്ത്ത് പബ്ലിക്കേഷന്റെ "അവർ പോയ പാത" മുതലായ ഗ്രന്ഥങ്ങൾ വായിച്ചാൽ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ ജീവിത വീക്ഷണവും ജീവിതാന്ത്യവും ഗ്രഹിക്കാം.

എ.ഡി. 35 മുതൽ 107 വരെ ജീവിച്ചിരുന്ന ഇഗ്നാത്യോസ് നൂറോനോ വിശ്വാസപ്രഖ്യാപനം മൂലം സിംഹങ്ങളുടെ മദ്ധ്യത്തിൽ എറിയപ്പെട്ടു. രക്തസാക്ഷിയായി.

എ.ഡി. 95–ൽ രക്തസാക്ഷിയായി മരിച്ച ദീവന്നാസ്യോസ് , എ.ഡി. 101–ൽ രക്തസാക്ഷിയായി മരിച്ച ക്ലിമ്മീസ്, 295 മുതൽ 373 വരെ ജീവിച്ചിരുന്നയാളും വിശ്വാസപ്രമാണം തയ്യാറാക്കുന്നതിൽ മുഖ്യപങ്കുവഹിച്ചയാളുമായ അത്താനാസ്യോസ് എന്നിവർ ആദിമകാലവിശുദ്ധ പിതാക്കന്മാരാണ്.

എക്സെറിയായിലെ വലിയ മാർ ബസ്സേലിയോസും നൗസായുടെ മാർ ഗ്രീഗോറിയോസും സഹോദരന്മാരായിരുന്നു. ദയറാപ്രസ്ഥാനം

സ്ഥാപിക്കുകയും കോപ്ടിക് സഭകൾ സാധാരണ ഉപയോഗിക്കുന്ന സെന്റ് ബേസിൽ തക്സാ തയ്യാറാക്കുകയും ചെയ്തത് ഈ ബസ്സേലിയോസ് ആണ്. പിതാക്കന്മാരുടെ പിതാവ് എന്നാണ് ഗ്രീഗോറിയസ് അറിയപ്പെട്ടിരുന്നത്.

മധുരഗായകനായിരുന്ന അന്തീമോസ് ആണ് സഭയുടെ ആരാധനകളിലെ എക്ബാകൾ പലതും രചിച്ചത്. അദ്ദേഹം ദുരുപദേശങ്ങളെ എതിർക്കുകയും സത്യവിശ്വാസത്തിനു വേണ്ടി പോരാടുകയും ചെയ്തു.

മാർ ജോൺ ക്രിസോസ്റ്റം എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈവാനിയോസ് സ്വർണ്ണനാവുകാരൻ എന്ന് വിളിക്കപ്പെട്ടിരുന്നു. തിരുവചനസത്യങ്ങൾ ശക്തമായി പ്രസംഗിച്ചിരുന്ന ഇദ്ദേഹം തക്സായും അനേകം ഗ്രന്ഥങ്ങളും രചിച്ചു.

ക്രിസ്തുശാസ്ത്രം (Christology) ആഴമായി പഠിക്കുകയും കരുത്തോടെ പ്രഖ്യാപിക്കുകയും ചെയ്ത സേവേറിയോസ് "സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധസഭ മുഴുവന്റേയും വിവേകമുള്ള വായും തൂണും മല്പാനും പുഷ്പങ്ങൾ കൊണ്ട് നിറഞ്ഞ മേച്ചിൽ സ്ഥലവും" ആയിരുന്നു.

കീറത്തുണി ഉടുത്തവൻ എന്നർത്ഥമുള്ള ബുർദാന എന്ന പേരു സ്വീകരിച്ച യാക്കോബ് ബുർദാന ലളിത ജീവിതം നയിച്ച ഒരു ദയറാവാസിയായിരുന്നു. അദ്ദേഹത്തിന്റെ അനുയായികളെയാണ് യാക്കോബായക്കാർ എന്നു വിളിച്ചിരുന്നത്.

"വിശുദ്ധ റൂഹായുടെ കിന്നരം" എന്ന് വിളിക്കപ്പെട്ട ഒരു മഹാകവിയും വൈദീക അദ്ധ്യാപകനുമായിരുന്ന മാർ അപ്രേം അനേകം മെമ്രാകൾ (ഗാനങ്ങൾ) രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മെമ്രാകൾ വായിച്ച് ഗ്രഹിച്ചാൽ പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ആഴം നമുക്ക് മനസ്സിലാകും.

“പരിശുദ്ധാത്മാവിന്റെ മുരളി” എന്ന് വിളിക്കപ്പെട്ടിരുന്ന വിശ്രുത കവിവര്യനും ജ്ഞാനിയുമായിരുന്ന മാർ യാക്കോബ് മെമ്രാകളും ബോവൂസാകളും രചിച്ചിട്ടുണ്ട്.

“ആചാര്യേശാ! മിശിഹാ! കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ! സ്തോത്രം.”
എന്ന ബോവൂസ മാർ യാക്കോബിന്റേതാണ്.

“കരുണ നിറഞ്ഞവനേ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമേ”

എന്ന ഗീതം രചിച്ച വിശുദ്ധനാണ് മാർ ബാലായി(350–450) ത്യാഗിവര്യനും കഷ്ടതകളെ പുഞ്ചിരിയോടെ എതിരേറ്റ പരിശുദ്ധനുമായ മാർ ബർസൗമ്മാ അപ്രേമിന്റെ ശിഷ്യനായിരുന്നു. അദ്ദേഹം ഒരു ദീർഘദർശിയുമായിരുന്നു. നോമ്പ്, നമസ്കാരം എന്നിവയിൽ വളരെ തീക്ഷ്ണതയുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം നോമ്പിന്റെ പുത്രൻ എന്നും ദുഃഖിതന്മാരിൽ തലവൻ എന്നും അറിയപ്പെട്ടു.

മാർ ശെമവൂൻ ദെസ്തുനി നാല്പതു വർഷം വേനൽക്കാലമെന്നോ വർഷകാലമെന്നോ നോക്കാതെ തനിക്കായി ഒരു തൂണ് പണിയിച്ച് അതിന്മേൽ ഇരുന്ന് പ്രാർത്ഥന നടത്തിയ ഒരു പരിശുദ്ധനായ മഹർഷിവര്യനായിരുന്നു.

പരിശുദ്ധപിതാക്കന്മാരുടെ വിശ്വാസത്തിന്റെ ദാർഢ്യവും ആഴവും പരപ്പും വിശുദ്ധജീവിതത്തിന്റെ ഔന്നത്യമാർന്ന ദർശനവും നമുക്ക് മാർഗ്ഗദർശകമാണ്.

“ആരാധനയുടെ വേദശാസ്ത്രം” എന്ന അത്യന്തം വിജ്ഞേയമായ ലേഖനത്തിൽ റവ. ഫാ. ഡോ. ബി. വറുഗീസ് പറയുന്നു:

“ആരാധനയുടെ വിഷയത്തിൽ സുറിയാനി പിതാക്കന്മാരുടെ ഏറ്റവും ശ്രദ്ധേയമായ സംഭാവന “മെമ്രാ” എന്നറിയപ്പെടുന്ന ധ്യാന

കാവ്യങ്ങളാണ്. വേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള കവിതാരൂപത്തിലുള്ള ഈ ധ്യാനചിന്തകൾ മാർ അപ്രേം എഴുതിയത് അതാതു പെരുന്നാളുകളിൽ രാത്രി മുഴുവനും നീണ്ടു നിൽക്കുന്ന അഖണ്ഡ പ്രാർത്ഥനയിൽ ചൊല്ലുന്നതിനായിട്ടായിരുന്നു. ആരാധനയുടെ അർത്ഥം വിശദമാക്കുന്നവയാണ്. കോലോ ബോവൂസോ, മദ്റോശോ, സുഗീസോ തുടങ്ങിയ വിവിധ തരം ആരാധനാഗീതങ്ങൾ"

(വചനത്തിന്റെ നീരുറവകൾ പേജ്, 40,41)

പിതാക്കന്മാരുടെ വിശ്വാസം ആരാധനയിൽ ഊന്നിയതാണെന്നുള്ള വ്യക്തമായ ദർശനമാണ് അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത "ആരാധനാ കാലവും വേദവ്യാഖ്യാനവും" എന്ന ചിന്തോദ്ദീപകമായ പ്രബന്ധത്തിൽ നൽകുന്നത്.

"ദൈവാരാധനയ്ക്കായി വേർതിരിച്ച് സമർപ്പിക്കുന്ന പ്രത്യേക സ്ഥലവും സമയവും മാത്രമല്ല ദൈവസാന്നിദ്ധ്യം കൊണ്ട് നിറയേണ്ടത്, സമസ്തജീവിതവുമാണ്. എല്ലായിടവും എല്ലാ നിമിഷവും ദൈവസാന്നിദ്ധ്യം കൊണ്ട് നിറയണം.

നമുക്കു ചുറ്റും നമ്മോടൊപ്പവുമുള്ളവർക്കായി വിനയത്തിലും വിധേയത്വത്തിലും സേവനവും ശുശ്രൂഷയും ചെയ്ത് ജീവിതം സമർപ്പിക്കുക. നോമ്പ്, ഉപവാസം ഇത്യാദി തപശ്ചര്യകളിലൂടെ ജീവിതത്തെ ശിക്ഷണം ചെയ്ത് ഒരുക്കുക. വ്രതാനുഷ്ഠാനങ്ങളോടെ ആരാധനകളിൽ സംബന്ധിക്കുക. ഓരോ ദിനത്തിലും ക്രമീകരിച്ചിരിക്കുന്ന പ്രത്യേക വേദവായനകളുടെയും പ്രാർത്ഥനകളുടെയും പൊരുൾ എന്തെന്നറിയുക, ഇത്തരം ഒരു ജീവിതക്രമം സ്വീകരിച്ചുകൊണ്ട് ദൈവാരാധനയ്ക്കായി വേർതിരിച്ചിരിക്കുന്ന സമയങ്ങളിലേക്ക്, സ്ഥലങ്ങളിലേക്ക് ലോകവിഷയങ്ങൾ വിട്ട് കടന്നു ചെന്ന് ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുക, തിരികെ വന്ന് ഏറിയ ദൈവബോധത്തോടെ ലോകകർത്തവ്യങ്ങളിൽ വ്യാപൃതരാവുക. ഇങ്ങനെ ശുദ്ധീകരണത്തിലും സമർപ്പണത്തിലും കൂടുതൽ കൂടുതൽ വളരുന്തോറും വേർതിരിച്ചതും അല്ലാത്തതുമായ സ്ഥലകാലങ്ങൾ തമ്മി

ലുള്ള അകലം കുറഞ്ഞു കുറഞ്ഞു വന്ന് സമസ്തജീവിതവും ദൈവ സാന്നിദ്ധ്യം കൊണ്ട് നിറയും" (വചനത്തിന്റെ നീരുറവകൾ പേജ് 39).

അഭിവന്ദ്യതിരുമേനിയുടെ ഈ അത്ത്യുദാത്തമായ സമീക്ഷയിൽ പിതാക്കന്മാരുടെ വിശ്വാസത്തിന്റെ കാമ്പും കാതലും നിറഞ്ഞു നിൽക്കുന്നു.

## രണ്ട്

‘‘നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ.” എബ്രായർ 13 : 7

പിതാക്കന്മാരുടെ വിശ്വാസത്തിന്റെ പൂർണ്ണതയും പൂർവ്വികപാരമ്പര്യവും കാണാം വിശുദ്ധ സ്തുതിയിൽ.

“നിൻ സ്തുതിയും ഹല്ലേലുയ്യായും
കർത്താവേ ഞാൻ നിറുത്തരുതേ
വിധിനീതിയ്ക്കയ്യോ ചെയ്യരുതേ
ഞാൻ പാതകിയെന്നറിയുന്നേൻ
സർവ്വ കടങ്ങളുമാരാഞ്ഞാൽ
നരകം താനെന്നവകാശം
നിന്നെ വിളിപ്പാൻ കഴിവെന്യേ
മൗനം മൃതിയാൽ ഞാൻ പൂകും
നീക്കുക കൃപയാലെൻ പാപം”

പാപം മാറുമ്പോൾ വിശുദ്ധസ്തുതി ഉയരും എന്നതാണ് പിതാക്കന്മാരുടെ വിശ്വാസം. പിതാക്കന്മാർ നമ്മെ പഠിപ്പിച്ച പ്രാർത്ഥന:

“കർത്താവേ, നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരി

പ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാക്കരുതേ" എന്നാണ്. അതുകൊണ്ട് വിശുദ്ധകുർബ്ബാനയുടെ ആരംഭത്തിൽ പട്ടക്കാരൻ പ്രാർത്ഥിക്കുന്നത്.

"സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ" ആ യോഗ്യത നേടുന്നത് പാപമോചനം മൂലമാണ്. അതുകൊണ്ട് വി. കുർബ്ബാനയുടെ ആദ്യഗീതത്തിൽ പാടുന്നു:

"നിനുവയരോടുണ്ടായ കോപം
നിലവിളിയാൽ നീ നീക്കിയല്ലോ.........
കടലതിൽ യൗനാനെന്ന പോലെ
കനിയുക ദാസന്മാരിലെന്നും...........
നിരപ്പാകണമേ ദൈവമേ നിൻ
നിരുപമകൃപയാൽ ഞങ്ങളോട്."

നിനവെയിലുള്ളവർ അനുതപിച്ച് പാപം ഏറ്റു പറഞ്ഞപ്പോൾ അവരോട് ക്ഷമിച്ചുവല്ലൊ. (യോന) സമുദ്രത്തിന്റെ ആഴത്തിൽ മത്സ്യത്തിന്റെ വയറിൽ കിടന്ന യോന പ്രവാചകൻ അനുതപിച്ചപ്പോൾ അവനോട് നീ കനിവു കാണിച്ചല്ലോ (യോന) അതുപോലെ ഞങ്ങളും അനുതപിക്കുന്നു, ഞങ്ങളോട് നീ നിരപ്പാകണമേ എന്ന് പ്രാർത്ഥിക്കുവാനാണ് പിതാക്കന്മാർ പഠിപ്പിച്ചത്.

"ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു" എന്നും "ഭയത്തോടു കൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു" എന്നും വിശ്വാസികൾ ഏറ്റു പറയുവാൻ പിതാക്കന്മാർ നമ്മെ അഭ്യസിപ്പിച്ചു. വി. കുർബ്ബാനയുടെ അവസാനഭാഗത്ത് മദ്ബഹായിൽ നിന്ന്, അതിവിശുദ്ധ തേജസ്സിൽ നിന്നുള്ള കല്പന: "നാം അട്ടഹസിച്ചു പറയണം" എന്നാണ്. എന്താണ് ഉച്ചത്തിൽ പറയേണ്ടത്?

"പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു. ആദിമുതൽ തലമുറ തലമു

റകൾ വരെയും തനിക്കു സ്തുതി. ഹാല്ലേലൂയ്യാ."

സഭയുടെ നിർവ്വചനം തന്നെ. "സ്തുതി ചൊവ്വാക്കപ്പെട്ട സഭ" യെന്നാണല്ലോ. ചൊവ്വെയുള്ള, ശരിയായ. വിശുദ്ധമായ സ്തുതി സഭയുടെ മക്കളെ ധരിപ്പിക്കാനാണ് മേല്പട്ടക്കാരെയും പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും സഭയിൽ നിയമിച്ചിട്ടുള്ളത് എന്ന് പരിശുദ്ധപിതാക്കന്മാർ കല്പിച്ച് തന്നിട്ടുണ്ട്:

"മേല്പട്ടക്കാർ, പട്ടക്കാരോടു ശെമ്മാശന്മാർ,
ഏർപ്പാടാക്കി കർത്താവിവരെ ഭൂമിയതിങ്കൽ
അണിയിച്ചാരിവരനിശം തന്നുടെ സഭയെയിവിടെ
അനവരതം ചെയ്തേറ്റി വസിക്കും സ്തുതികളാലെ."

ഏർപ്പാടാക്കി = നിയമിച്ചു , അണിയിച്ചു = അലങ്കരിച്ചു

അനിശം =എല്ലായ്പ്പോഴും, അനവരതം = ഇടവിടാതെ.

വിശുദ്ധ ഏവൻഗേലിയോൻ –സുവിശേഷം –വായിക്കുന്നതിനോടു ചേർന്ന് പാടുന്ന ഗീതം ശ്രദ്ധിച്ചിട്ടില്ലേ?

"സ്തുതിബലികളണച്ചേറീടുവിൻ
കർത്തൃപ്രാകാരേ നിർമ്മലകാഴ്ചയുമായ്
കർത്തനെ സ്തുതി മദ്ബഹാ മുന്നിൽ
ഹാല്ലേലൂയ്യാ."

കർത്താവിന്റെ പ്രാകാരങ്ങളിൽ, ആലയത്തിൽ, നിർമ്മലമായ കാഴ്ചസമർപ്പണം, സ്തുതിയാകുന്ന ബലിയാണ്. അത്യുന്നതങ്ങളിൽ (മേല്പ്പെട്ട ഉയരങ്ങളിൽ) സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ സ്തുതിക്കുന്നവരാണ് മരണശേഷം നിത്യസ്വർഗ്ഗത്തിൽ വാഴുന്നത്. (ശവസംസ്ക്കാര ശുശ്രൂഷ നോക്കുക)

പ്രകാശത്തിന്റെ മേഖലയിൽ (വെളിവിൻ തട്ടിൽ) വസിക്കുന്ന പരിശുദ്ധനും പുണ്യനിധിയുമായ ദൈവമേ, വേണ്ടാത്ത കഷ്ടതയും അരുതാത്ത ചിന്തകളും അടിയങ്ങളിൽ നിന്ന് ഒഴിവാക്കിത്തരണ

മേ. സൽക്രിയകൾ ഉളവാകണമെങ്കിൽ മനഃശുദ്ധി ഉണ്ടാകണമല്ലോ. അതിനുള്ള ഭാഗ്യം നൽകണമേ. അരുതാത്ത ചിന്തകൾ മാറി ഹൃദയ ശുദ്ധി പ്രാപിക്കാൻ അനുതാപത്തോടെ ക്രിസ്തുവിൻ പാദത്തിലണഞ്ഞ് പാപമോചനം പ്രാപിക്കണം. അങ്ങനെ വിശുദ്ധിയും, വെടിപ്പുമുള്ളവർക്കാണ് വിശുദ്ധതകളാകുന്ന തിരുശരീരരക്തങ്ങൾ അനുഭവിക്കാൻ സാധിക്കുന്നത് എന്നാണ് പിതാക്കന്മാരുടെ വിശ്വാസം.

> "വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ, പരിശുദ്ധാ.
> വേണ്ടാ കഷ്ടത, വീൺചിന്തയുമടിയാരീന്നൊഴിക്ക
> സൽക്രിയകൾക്കു മനഃശുദ്ധ്യാ
> സംഗതി വരണേ ഞങ്ങൾക്ക്....................
> മോചനമതിനായ് പാപികളേ വരുവിൻ, യാചിപ്പിൻ
> മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ തൻ വാതിൽ
> യാചിക്കുന്നോൻ പ്രാപിക്കും;
> അന്വേഷിപ്പോൻ കണ്ടെത്തും."

"വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം വിശുദ്ധതകൾ നിൽകപ്പെടുന്നു."

പാപം വിട്ട് വിശുദ്ധിയെ തികച്ച്, ക്രിസ്തുവിന്റെ പുനരാഗമനത്തിനു വേണ്ടി നോക്കിപ്പാർത്ത് , ക്രൂശിന്റെ പാതയിലൂടെ , സ്തുതിയുടെ സത്യാരാധകരായി ജീവിക്കണമെന്നതാണ് പിതാക്കന്മാരുടെ വിശ്വാസത്തിന്റെ ആകെത്തുകയും സാരസംക്ഷേപവും.

ംരു

# മൂന്ന്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." എബ്രായർ 13 : 7

ജീവിതത്തിൽ മഹാത്ഭുതം സംഭവിക്കുന്നതിന് ഇതാണ് പോംവഴി. ജീവിതത്തിൽ ചില അതിശയങ്ങൾ നടക്കുന്നതിന് ഇത് മാത്രമാണ് പോംവഴി.

പരിശുദ്ധന്മാരായ പിതാക്കൻമാർ, വിശുദ്ധന്മാരായ ശ്ലീഹന്മാർ, പുണ്യവാന്മാരായ പിതാക്കന്മാർ, അപ്പൊസ്തോലന്മാർ, നിബിയന്മാർ, പ്രവാചകന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, ഇവർ പോയതായ വഴി, അവരുടെ ജീവിതം കാണിച്ചു തന്നതായ മാതൃക നാം കൈക്കൊള്ളുകയും അവർ പോയതായ ക്രിസ്തുവിന്റെ കാൽച്ചുവടുകളിലൂടെ നാമും പോകുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കും.

ക്രിസ്തു ഏറ്റവും മുൻപേ പോയി, ക്രിസ്തുവിന്റെ പിന്നാലെ അപ്പൊസ്തോലന്മാർ പോയി, അപ്പൊസ്തോലന്മാരോട് ചേർന്ന് സഹദേന്മാർ പോയി, പുണ്യവാന്മാരായ പിതാക്കന്മാർ പിന്നാലെ

പോയി, ഏറ്റവും മുൻപേ പോയത് ക്രിസ്തുവാണ്. ക്രിസ്തു പോയതായ ഒരു വഴിയുണ്ട്. ക്രിസ്തുവിനെ അനുഗമിച്ച് വിശുദ്ധന്മാർ പോയതായ വഴി ഉണ്ട്. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" എന്ന് അപ്പൊസ്തലനായ പൗലോസ് നൂറ്റാണ്ടുകൾക്ക് മുമ്പ് രേഖപ്പെടുത്തിവച്ചു.

വിശുദ്ധന്മാരുടെ ഓർമ്മ വാഴ്വിന്നായിത്തീരണമെങ്കിൽ പരിശുദ്ധന്മാർ പോയ ക്രൂശിന്റെ പാതയിലൂടെ നാമും പോകുവാൻ തയ്യാറാകണം. പരിശുദ്ധന്മാർപോയ ക്രൂശിന്റെ പാത ഞെരുക്കത്തിന്റെയും, ദുഃഖത്തിന്റെയും, വേദനയുടെയും, കഠിനമായ പീഢയുടെയും പാതയാണ് എന്ന് കർത്താവിന്റെ തിരുവചനം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

പീഢാനുഭവങ്ങളിലൂടെയുള്ള യാത്ര, ദുരിതങ്ങളിലൂടെയുള്ള യാത്ര, കഠിനമായ ആക്രമണങ്ങൾ ഏറ്റുകൊണ്ടുള്ളതായ യാത്ര, കഠോരമായ ദുരിതങ്ങൾ വഹിച്ചുകൊണ്ടുള്ള യാത്ര, അസഹ്യമായ, കൊടിയ വിപത്തുകൾ നേരിടുമ്പോഴും, മറ്റുള്ളവർ ദൈവമക്കളായ നമ്മെ പിശാചിന്റെ മക്കൾ എന്ന് വിളിക്കുമ്പോഴും, ബെയത്സബൂബ് എന്നോ, പിശാചിന്റെ തലവനെന്നോ വിളിക്കുമ്പോഴും, നമ്മെ ലോകം തെറ്റിദ്ധരിക്കുമ്പോഴും, നമ്മെ സകലരും വെറുക്കുകയും, നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവർപോലും നമ്മെ തെറ്റിദ്ധരിച്ച് നമ്മെ ചെളി വാരിയെറിയുമ്പോഴും, നമ്മുടെ ഹൃദയം സംശുദ്ധമായി വിശുദ്ധന്മാർപോയ പാതയിലൂടെ നമുക്ക് പോകുവാൻ സാധിക്കുമെങ്കിൽ, നമ്മുടെ ജീവിതം സമാധാനം നിറഞ്ഞതായിത്തീരും.

വിശുദ്ധിയുടെ പാതയാണ് വിശുദ്ധന്മാർ തെരഞ്ഞെടുത്തത്. ക്രൂശിന്റെ പാത വിശുദ്ധിയുടെ പാതയാണ്. ക്രൂശിന്റെ പാത നമ്മുടെ കർത്താവ് പോയ പാതയാണ്. കർത്താവ് ഭാരമുള്ള മരക്കുരിശും തോളിൽ താങ്ങി, വേച്ച് വേച്ചും, വിറച്ച് വിറച്ചും,

ഇടയ്ക്ക് വീണും ഇടയ്ക്ക് എഴുന്നേറ്റും പുറത്ത് പടയാളികളുടെ ചാട്ടവാർ ആഞ്ഞു കൊള്ളുമ്പോൾ ഞെളിപിരി കൊണ്ടു ചാടിയെഴുന്നേറ്റു. ഭാരമേറിയ കുരിശ് തോളിൽ വച്ചുകൊണ്ട് ദുരിതത്തിന്റെയും വേദനയുടെയും, യാതനയുടെയും, ആക്ഷേപത്തിന്റെയും, നിന്ദയുടെയും, അവഹേളനത്തിന്റെയും, അപമാനത്തിന്റെയും വഴിയിലൂടെ, ആരോടും പരിഭവമില്ലാതെ യേശു തമ്പുരാൻ ഗോഗുൽത്തായിലേക്ക് നടന്നു കയറിപ്പോയി. അതേ പാത പിന്തുടർന്നവരാണ് പരിശുദ്ധ പിതാക്കന്മാർ.

ശ്ലീഹന്മാരും ഓരോ സഹദേന്മാരും, ദുരിതത്തിന്റെയും കഷ്ടതയുടേയും, പീഡയുടെയും പാത തിരഞ്ഞെടുത്തു, ആ പാത വിശുദ്ധിയുടെ പാതയായിരുന്നു. തെറ്റുപറ്റരുത് എന്ന നിർബ്ബന്ധം അവർക്കുണ്ടായിരുന്നു. പാപം വരരുത് എന്ന നിർബ്ബന്ധം അവർക്കുണ്ടായിരുന്നു. ജീവിതത്തിൽ അഴുക്കും, അശുദ്ധിയും സംഭവിക്കരുത് എന്നുള്ള കനത്ത നിർബ്ബന്ധം അവർക്കുണ്ടായിരുന്നു. അതുകൊണ്ട്; പിതാക്കന്മാർ ഉറങ്ങാൻ പോകുന്നതിനു മുമ്പ് പ്രാർത്ഥനാഗീതം പാടി:

> "ഞാനഞ്ചുന്നെൻ പാപത്താൽ-
> ശുദ്ധർക്കേകും മോദപ്പൂങ്കാവിൽ
> വേലിക്കൊത്തെന്നെ നാഥാ,
> എൻ പാപം രോധിക്കല്ലെ
> രക്ഷിച്ചെന്നെ നരകത്തീ-
> ന്നേകുക വാസം തിരുഹിതമാം സ്ഥാനേ."

ഞാനഞ്ചുന്നു, ഞാൻ പേടിച്ചു പോകുന്നു, ഞാൻ പരിഭ്രമിച്ചു പോകുന്നു. വേലിപോലെ എന്റെ പാപം തടഞ്ഞു നിൽക്കുന്നു. രോധിച്ചു നിൽക്കുന്നു. പരിശുദ്ധന്മാർക്കായി കാക്കപ്പെടും ഉദ്യാനം പൂകുവാൻ എന്നെ വേലിക്കൊപ്പം നേർക്കുന്നെൻ കട

മോർത്തുണ്ട് ഭയം നാഥാ, എന്ന് ക്യംതാ നമസ്ക്കാരത്തിലെ ഗീതങ്ങളിൽ കാണുന്നു.

പിതാക്കൻമാർ അങ്ങനെ പറയാൻ കാരണമുണ്ട്. പിതാക്കൻമാർ എന്താണ് പരിഭ്രമിക്കുന്നത്. ഉറങ്ങാൻ പോകുന്നതിനു തൊട്ടുമുമ്പ് ചൊല്ലുന്ന പ്രാർത്ഥനയാണ്. ഉറങ്ങാൻ പോകുമ്പോൾ പിതാക്കൻമാർ പറയുകയാണ് ഞാനഞ്ചുന്നല്ലൊ, കർത്താവേ, ഞാൻ പേടിച്ചു പോകുന്നല്ലോ, ഞാൻ പരിഭ്രമിച്ചു പോകുന്നല്ലോ.

എന്തിനാണ് പരിഭ്രമിക്കുന്നത്? എന്റെ പാപം മൂലം ഞാൻ അഞ്ചിപ്പോകുന്നു. കാരണം ഞാൻ സ്വർഗ്ഗീയ പറുദീസയിലേക്ക് പ്രവേശിക്കുന്നതിന് തടസ്സമായി എന്റെ പാപം വേലിപോലെ തടുത്തു നിൽക്കുന്നു. സ്വർഗ്ഗത്തിൽ ഞാൻ കടക്കുന്നതിന് തടസ്സമായി വേലിപോലെ എന്റെ പാപം നിൽക്കുന്നുവല്ലൊ. ഇതാണ് പിതാക്കന്മാരുടെ വിശ്വാസം. “നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ, “അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ.”

പിതാക്കൻമാരുടെ ലക്ഷ്യം പാപം വിട്ടുമാറണമെന്നുള്ള വിശ്വാസമായിരുന്നു. ജീവിതത്തിൽ തെറ്റ് പറ്റരുത് എന്ന വിശ്വാസമായിരുന്നു പിതാക്കൻമാർ നമുക്ക് തന്നതായ പാരമ്പര്യം. നമ്മെ ഭരമേൽപ്പിച്ച വിശ്വാസത്തിന്റെ പാരമ്പര്യം എന്താണ്? ജീവിതത്തിൽ കറപറ്റരുത്, ജീവിതത്തിൽ ചെളി പുരളരുത് എന്നുള്ളതായിരുന്നു.

വീട്ടിൽ കലഹമുണ്ടാക്കുന്നത് പാപം മൂലമാണ്, വീട്ടിൽ പിണക്കമുണ്ടാക്കുന്നത് പാപം മൂലമാണ്. ഒരുപക്ഷെ നിങ്ങൾ ചിന്തിക്കുന്നുണ്ടാകും, പല ചികിത്സകൾ ചെയ്തുനോക്കി. പക്ഷെ രോഗത്തിന് ശമനമില്ലല്ലോ.

എന്റെ ദൈവമേ എന്റെ മനസ്സ് നൊന്ത് കലങ്ങി വേദ

നിച്ചിരിക്കുകയാണല്ലോ. കുടുംബത്തിൽ ഒരു സമാധാനവും ഇല്ലല്ലോ. വീട്ടിൽ ഒരു സ്വൈര്യം ഇല്ലല്ലോ. ഏതാനും പേരേ യുള്ളൂ എങ്കിലും വീട്ടിൽ പരസ്പരം ഭിന്നതയും, വഴക്കും, ഇഷ്ടക്കുറവും, പിറുപിറുപ്പും, പരിഭവവും ആണല്ലൊ. കർത്താവേ കുടുംബത്തിൽ ഒരു സ്വസ്ഥതയും ഇല്ലല്ലോ.

കർത്താവേ പല നാളുകളായി കടത്തിൽ മുങ്ങി നിൽക്കു ന്നു. കർത്താവേ എങ്ങനെ മനുഷ്യരുടെ മുഖത്തു നോക്കും. മുന്നോട്ടു പോകുവാൻ ഒരു വഴിയും കാണുന്നില്ലല്ലോ. എനിക്ക് ഈ ഭൂമിയിൽ നിന്ന് കടന്നു പോകുന്നതിനു മുമ്പ് എന്റെ കട ഭാരങ്ങളെല്ലാം തീർത്ത് ഒന്നു സ്വതന്ത്രമായി ശ്വാസോച്ഛ്വാസം ചെയ്ത് ഈ ഭൂമിയിൽ നിന്ന് കടന്നു പോകുവാൻ എനിക്ക് ഭാഗ്യം തരുമോ?

ദൈവമെ എന്റെ ഹൃദയത്തിന്റെ അഴൽച്ചയും, ഉഴൽച്ചയും നീ ഒന്നു മാറ്റി എനിക്ക് സമാധാനത്തോടെ ജീവിക്കാൻ ഒരു ഭാഗ്യം തരുമോ?

ചിലരുടെ മനസ്സിൽ, 'കർത്താവേ എന്റെ കുഞ്ഞിന് വിവാഹ പ്രായമായിട്ട് പലനാളുകളായി. അവൾക്ക് വിവാഹാലോചനകൾ പലതും പലതും ഒരിക്കൽ വന്നു. എന്നാൽ ഇപ്പോൾ ഒരാലോ ചനയും വരുന്നില്ല. ആലോചനകൾ വന്നാലും ഒന്നുപറഞ്ഞു വിടാൻ തക്കവണ്ണം ആഭരണമാണെങ്കിൽ ആകട്ടെ സ്ത്രീധനമാ ണെങ്കിൽ ആകട്ടെ കൊടുക്കാൻ മാർഗ്ഗമില്ല. ഒരു നല്ല വിവാഹം നടന്നിരുന്നു എങ്കിൽ കർത്താവേ എന്റെ കുടുംബത്തിൽ ഒരു ഐശ്വര്യമായിരുന്നേനേ, ഒരു വലിയ സന്തോഷമായിരുന്നേനേ. എന്റെ മോളുടെ വിവാഹം ഒന്നു നടത്തി തരണമേ' നിങ്ങളുടെ ഹൃദയത്തിൽ അതൊരു ചിന്താ വിഷയമോ, ഭാരവിഷയമോ ആയിരിക്കും.

മറ്റുചിലരുടെ മനസ്സിൽ ഇനി എന്റെ ജീവിതത്തിൽ ഒര ത്ഭുതം നടത്താൻ ദൈവത്തിനു മാത്രമേ കഴിയൂ എന്നാണ്.

കാരണം പല ഡോക്ടർമാരെ കണ്ടുനോക്കി. പല ചികിത്സകൾ ചെയ്തു. ഒരു പിഞ്ചു കുഞ്ഞിനെ കിട്ടിയില്ല. വിവാഹം കഴിഞ്ഞ് പല നാളുകളായി, പല വർഷങ്ങളായി, ദൈവമെ ഒരു കുഞ്ഞിക്കാലുകാണാൻ ഭാഗ്യം ഇല്ലേ? ഒരോമന കുഞ്ഞിനെ പോറ്റി വളർത്താൻ എനിക്കൊരു ഭാഗ്യമില്ലേ? കർത്താവേ ഡോക്ടർമാർ കൈവിട്ടു, പക്ഷെ നീ കൈവിടുകയില്ലല്ലോ, നീ ഒന്ന് മനസ്സലിയണമേ. എന്റെ ജീവിതത്തിൽ ഒരത്ഭുതം ചെയ്യണമെ. ഒരോമനക്കുഞ്ഞിനെ തരണമേ, എന്നു പ്രാർത്ഥിക്കുന്നവരുണ്ടാകാം.

'എന്റെ ഭർത്താവ് എത്രനാളായി മദ്യപിച്ച് സുബോധം കെട്ട് കുടുംബത്തിൽ കലഹമുണ്ടാക്കുന്നു. കുഞ്ഞുങ്ങൾക്ക് പഠിക്കുവാൻ സാധിക്കുന്നില്ല. എനിക്ക് ഒരു സ്വസ്ഥതയും ഇല്ല. ഉള്ളതു മുഴുവൻ വിറ്റു നശിപ്പിച്ചു കൊണ്ടിരിക്കുന്നു. എന്റെ ദൈവമേ എന്റെ ഭവനത്തിൽ ഒരു ഐശ്വര്യം ലഭിക്കാൻ, എന്റെ കുഞ്ഞുങ്ങൾക്ക് പഠിക്കാനുള്ള ഒരു സാവകാശവും സൗകര്യവും ലഭിക്കാൻ തക്കവണ്ണമുള്ള ഒരു നല്ല അന്തരീക്ഷം എന്റെ കുടുംബത്തിൽ കിട്ടണമേ. എന്നും കുടിച്ച് ലക്കില്ലാതെ വന്ന് അലോഹ്യപ്പെടുത്തുന്നുവല്ലൊ, കുടുംബത്തിൽ അലങ്കോലം ഉണ്ടാക്കുന്നുവല്ലൊ, കർത്താവേ ഒരു സമാധാനം തരണമെ, എന്റെ ഭർത്താവിന്റെ മദ്യപാനം ഒന്നു മാറ്റിത്തരണമെ, ഇങ്ങനെ ഏങ്ങലടിച്ചു കരയുന്നവർ ഉണ്ടായിരിക്കും.

ഈ പറഞ്ഞ കാര്യങ്ങളല്ലാതെ മറ്റ് എന്തെല്ലാം പ്രശ്നങ്ങൾക്കൊണ്ട് വീർപ്പ് മുട്ടുന്നവർ, ഹൃദയം നുറുങ്ങിക്കരയുന്നവർ, മനസ്സുകൊണ്ട് ഉഴലുന്നവർ, എത്രയോപേർ ഇത് വായിക്കുന്നുണ്ടായിരിക്കും. നിങ്ങളുടെ ഹൃദയം ഇപ്പോൾ വിതുമ്പിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കും. നിങ്ങളുടെ ഹൃദയം ഇപ്പോൾ പുകഞ്ഞു പുളഞ്ഞുകൊണ്ടിരിക്കുന്നുണ്ടായിരിക്കും.

ഒന്നു ഞാൻപറയാം. ജീവനുള്ള ദൈവം അത്ഭുതങ്ങളുടെ

ദൈവമാണ്. ദൈവം സർവ്വശക്തനാണ്. നമുക്കുവേണ്ടി അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവമാണ്. ദൈവം പ്രാർത്ഥന കേട്ട് ഉത്തരമരുളുന്നവനാണ്. പിതാക്കന്മാരുടെ ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്. അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം ജീവിക്കുന്നു.

കർത്താവെ എന്റെ ജീവിതത്തിൽ ഒരു മഹാത്ഭുതം സംഭവിക്കേണമേ, എന്റെ ഹൃദയത്തിനു ഒരു ആശ്വാസവും ശാന്തിയും തരണമേ, എനിക്ക് ഒരു സ്വസ്ഥത തരണമേ, എന്റെ ജീവിതത്തിൽ ഇന്ന് സംഭവിക്കേണ്ടതായ മഹത്വപൂർണ്ണമായ മഹാസംഭവം നടക്കണമെ.

ഩഩ

## നാല്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ."
എബ്രായർ 13 : 7

ജീവിതത്തിൽ പാപം മാറുന്നതാണ് സമാധാനം; പാപം മാറുന്നതാണ് സ്വസ്ഥത. പിതാക്കന്മാരുടെ വിശ്വാസം പാപം വിടുക എന്നുള്ളതാണ്. പാപം, മാറിയാൽ അവിടെ അത്ഭുതം നടക്കുകയാണ്. പാപം അത് മദ്യപാനമാകട്ടെ, വ്യഭിചാരമാകട്ടെ, അല്ല കലഹമോ, പിണക്കമോ, വൈരാഗ്യമോ, പകയോ, വിദ്വേഷമോ, പ്രതികാരമോ ആകട്ടെ എന്തായാലും പാപം മാറുന്നേടത്ത് ആ കുടുംബം സ്വൈരമാകും; ആ കുടുംബം സ്വർഗ്ഗമാകും.

ഭാര്യാഭർത്തൃ ബന്ധമില്ലാതെ, പരസ്പര സ്നേഹം ഇല്ലാതെ, പരസ്പര വിശ്വാസം ഇല്ലാതെ പാപം വാഴുന്നു, കലഹം വാഴുന്നു, കുടുംബങ്ങൾ കലങ്ങിക്കിടക്കുന്നു. ഇത് പാപം മൂലമാണ്. പിതാക്കൻമാർ പഠിപ്പിച്ച വിശ്വാസം പാപം മാറണമെന്നാണ്.

പാപം മാറിയില്ലെങ്കിൽ എന്തുസംഭവിക്കും? പാപം മാറിയില്ലെങ്കിൽ ഇവിടെ ഭൂമിയിൽവെച്ച് ദുരിതം, കടന്നു ചെല്ലുമ്പോഴോ നിത്യനരകം. അതുകൊണ്ടാണ് പിതാക്കൻമാർ പാടിയത്:

"നിൻശരണേ മൃതരാം–
താതസഹോദരരിൽ
ചൊരിയണമേ മോദ–
പ്പനിനീരെൻ നാഥാ!

നിന്നിൽ ശരണത്താൽ–
നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും–
മൃതരിൽ കനിയണമെ

അവരബ്രഹാമിന്റെ–
ന്റെയുമിസ്സഹാക്കുടെയും
യാക്കോബിന്നുടെയും
മടിയിൽ പാർക്കണമെ."

കർത്താവിന്റെ ശരണത്തിൽ നിദ്ര പ്രാപിക്കണം. നിന്നിലുള്ളതായ ബന്ധത്തിൽ നിദ്രപ്രാപിക്കണം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ പാപം കൂടാതെ ജീവിച്ചെങ്കിലേ നിന്റെ ശരണത്തിലാകുകയുള്ളൂ. നിന്റെ ശരണത്തിൽ നിദ്ര പ്രാപിച്ചില്ലെങ്കിൽ അബ്രഹാമിന്റേയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ ഇരിക്കാൻ ഒക്കുകയില്ല. വിശുദ്ധന്മാരുടെ നിരയിൽ ഇരിക്കാൻ ഒക്കുകയില്ല. മരിച്ചവരിൽ നിന്ന് വിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കുന്ന നിരയിൽ എത്തിച്ചേരാൻ സാധിക്കുകയില്ല. ഈ ഭൂമിയിൽ വെച്ചുതന്നെ പാപം നമ്മുടെ ജീവിതത്തിൽ നിന്ന് മാറണം. അല്ലെന്നു വരികിൽ അന്നു നിത്യതയിലേക്ക് കടന്നു ചെല്ലുമ്പോൾ "നിന്നെ ഞാൻ അറിയുന്നില്ല" എന്ന കഠോരശബ്ദം നാമൊരോരുത്തരും കേൾക്കേണ്ടിവരും. ഇതാണ് പിതാക്കന്മാരുടെ വിശ്വാസം.

അതുകൊണ്ടാണ് പിതാക്കൻമാർ പറഞ്ഞത്, പാപികളോട് കരുണ ചെയ്യുന്നവനായ കർത്താവേ നിന്റെ ന്യായവിസ്താര ദിവസത്തിൽ പാപികളായ ഞങ്ങളോട് കരുണ ചെയ്യണമേ. ന്യായവിസ്താര ദിവസമുണ്ട്. അന്ന് കരുണ ലഭിക്കണമെങ്കിൽ ഇന്ന് പാപം മാറണം.

“നീതിയിൽ വിധിചെയ്യും
ന്യായാധിപതേ നീ-
യേറ്റരുതേ വിധിയിൽ
കടമോർത്തീടരുതേ,
ബലഹീനത നീക്കി
ത്തുണ ചെയ്യുക നാഥാ-
രാപ്പകലടിയങ്ങൾ
ക്കാശ്രയമങ്ങല്ലോ.”

എന്താണ് പിതാക്കന്മാരുടെ വിശ്വാസം? മരണമുണ്ട്, മരണത്തിനുശേഷം ന്യായവിധി ഉണ്ട്. ന്യായവിധിക്കുശേഷം ഒരു നിത്യത, അത് ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം. മരണമുണ്ട്, ന്യായവിധിയുണ്ട്, സ്വർഗ്ഗമുണ്ട്, നരകമുണ്ട്, ഇതായിരുന്നു പിതാക്കന്മാരുടെ വിശ്വാസം.

നമ്മുടെ ജീവിതത്തിൽ ഇതുവരെ ലഭിച്ചിട്ടില്ലാത്ത സമാധാനം, വലിയശാന്തി, ലഭിക്കണമോ? പരിശുദ്ധന്മാരുടെ വിശ്വാസം എന്ത് എന്ന് അറിയുകമാത്രമല്ല അവർ പോയ ക്രൂശിന്റെ പാതയിലൂടെ സ്നേഹത്തിന്റേയും, വിശുദ്ധിയുടേയും ത്യാഗത്തിന്റേയും പാതയിലൂടെ പോകുവാൻ നമുക്ക് സാധിക്കണം. അപ്പോൾ നമ്മുടെ ജീവിതത്തിൽനിന്ന് പാപം മാറും. അപ്പോൾ ന്യായവിസ്താരദിവസത്തിൽ നാം ചെന്നു നിൽക്കുന്ന സമയത്ത് ലജ്ജകൂടാതെ നിൽക്കാൻ നമുക്ക് സാധിക്കും.

“ന്യായാധിപ ന്യായാധിപതേ-യങ്ങേയ്ക്കരിശം,
ചേർത്ത കടത്താലെൻ തലതാഴ്ത്തരുതേ വിധിഗേഹേ,
മോചന യോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും,
നിൻ തിരുമെയ്യും രക്തവുമോർത്തെന്മേൽ കൃപ ചെയ്ക.
നിൻ സ്നേഹാൽ സ്ലീബാ ഞാൻ കൂപ്പി
പിഴ പോക്കീ നിൻ മെയ്‌രുധിരങ്ങൾ
ഹിതമൊടുകരുണാമയനീശോ മമനൽകുകമുക്തി”

കരുണാമയനായ യേശുവേ മമനൽകുകമുക്തി, എനിക്ക് മോചനം തരണമേ, എന്തിൽ നിന്നാണ് മോചനം വേണ്ടത്? പാപത്തിൽ നിന്ന് മോചനം വേണം: ഇതാണ് പിതാക്കന്മാരുടെ വിശ്വാസം, ഇതാണ് പിതാക്കന്മാരുടെ പാരമ്പര്യം.

വിശുദ്ധ നിബിയന്മാരും, ശ്ലീഹന്മാരും, സഹദേന്മാരും, പ്രവാചകന്മാരുമെല്ലാം കാണിച്ചുതന്ന വിശുദ്ധിയുടെയും സ്നേഹത്തിന്റെയും പരമ്പരാഗതമായ പാത എന്ന് പറയുന്നത് പാപം വിട്ടൊഴിയുന്ന പാതയാണ്. ആ പാതയിലൂടെ പോകുന്നില്ലെങ്കിൽ ന്യായവിസ്താര ദിവസത്തിൽ ലജ്ജിച്ച് തലതാഴ്ത്തി നിൽക്കേണ്ടിവരും. ന്യായാധിപതികളുടെ ന്യായാധിപതിയായ കർത്താവെ, നിന്റെ ജയമുള്ള സ്ലീബായാൽ നേടിത്തന്ന രക്ഷയെ ഞാൻ ഇന്ന് സ്വീകരിക്കുന്നു. നിന്റെ തനുരുധിരങ്ങൾ, നിന്റെ ശരീരവും രക്തവും, കുരിശിൽ നീ നുറുക്കപ്പെടുകയും കുരിശിൽ നീ ചൊരിയുകയും ചെയ്ത തിരുശരീരരക്തങ്ങൾ, എന്റെ സ്വന്തം അനുഭവമാക്കി തീർക്കുവാനുള്ള ഭാഗ്യം എനിക്കു നൽകണമേ; ഇതാണ് പിതാക്കന്മാർ പ്രാർത്ഥിച്ചത്. ഇങ്ങനെ പ്രാർത്ഥിക്കുവാനാണ് പിതാക്കന്മാർ നമ്മെ ഭരമേല്പിച്ചത്.

പക്ഷേ നിർഭാഗ്യവശാൽ നാം ഇതെല്ലാം ചൊല്ലുന്നുണ്ടെങ്കിലും നമ്മുടെ ജീവിതത്തിൽ നിന്ന് പാപം മാറിപ്പോകുന്നില്ല. നമ്മുടെ ജീവിതത്തിൽ നിന്ന് തിന്മ പോകുന്നില്ല.

MGOCSM പ്രസിദ്ധീകരിച്ചിട്ടുള്ള "ഇത് നിങ്ങൾക്ക് ഏതുമില്ലയോ" എന്ന ഉപന്യാസസമാഹാരത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി പറയുന്നത് ഇതേ ആശയമാണ്.

"സഭയും പള്ളിയും പട്ടക്കാരും കൂദാശകളും വിശേഷദിവസങ്ങളും എല്ലാം ഉണ്ടായിട്ടും അവയെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താതെ, ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന വിധത്തിൽ ഏതാണ്ടൊക്കെയോ ചെയ്തിട്ട്, മുറുകെ പറ്റുന്ന പാപങ്ങളിൽ പിന്നെയും മുങ്ങിയും നീന്തിത്തുടിച്ചും എത്രയോ പേർ ശിക്ഷാവിധിയെ ഭക്ഷിച്ചു കുടിക്കുന്നു. ഈ ലോകത്തിലെ ന്യായവിധിക്കും അന്ത്യ

ന്യായവിധിക്കും വേണ്ടിയുള്ള വിറകും തീയും പിന്നെയും അവർ തയ്യാറാക്കുകയാണ്. കുറുക്കുവഴികളിൽക്കൂടെ ദൈവസഖിത്വം സമ്പാദിക്കുവാൻ കഴിയുമെന്ന് ആരും പഠിപ്പിക്കുന്നില്ലെങ്കിലും അനേകർ അങ്ങനെ മനസ്സിലാക്കുന്നുണ്ട് എന്നുള്ളതിന് എത്ര ഉദാഹരണം വേണമെങ്കിലും കാണിക്കുവാനുണ്ട്. നമ്മുടെ ഏത് ഇംഗിതത്തിനും ദൈവത്തെ കൂട്ടുനിറുത്തുവാൻ കുറെ നേർച്ചകാഴ്ചകൾ കൊടുക്കുകയും കുർബ്ബാന ചൊല്ലിക്കുകയും ചെയ്താൽ മതിയെന്നു വിചാരിക്കുന്നവരുണ്ട് എന്ന് പറയുന്നത് അതിശയോക്തിയല്ല. ക്രിസ്തീയ സത്യങ്ങളുടെ മർമ്മം ഗ്രഹിക്കുകയോ കർത്താവിന്റെ ഇമ്പമേറിയ നുകവും ലഘുവായ ചുമടും വഹിക്കുകയോ ചെയ്യുവാൻ മനസ്സില്ലാതെ കിഴവിക്കഥയെപ്പോലെ മാത്രം ദൈവത്തിന്റെ നിത്യസത്യത്തെ അവഗണിച്ച് അനേകർ പാപത്തിൽ ജീവിക്കുകയും പാപത്തിൽ മരിക്കുകയും ചെയ്യുന്നു. പാപത്തിൽ മരിച്ചവനു വേണ്ടി ആര് എത്ര കുർബ്ബാന ചൊല്ലിച്ചാലും യാതൊരു പ്രയോജനവുമില്ല."(പേജ്: 227)

വിമോചന ദൈവശാസ്ത്രത്തിന്റെ സജീവവക്താവായിരുന്ന അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി, പാപത്തിൽ നിന്ന് മോചനം പ്രാപിക്കുന്നതാണ് സന്തോഷത്തിന്റെ നിദാനം എന്ന് "സ്വാതന്ത്ര്യദീപ്തി" എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"നമ്മെ വളരെ വേഗം 'ബാധിക്കാനിടയുള്ള' പാപവുമായി സംഘട്ടനം നടത്തിയാണ് സ്വാതന്ത്ര്യഹർഷം വളരുന്നത്. ഈ ലോകത്തിൽ സ്വാതന്ത്ര്യഹർഷമുള്ളത് സുഖസൗകര്യങ്ങളിലല്ല, സഹനത്തിലും നിരന്തരമായ പോരാട്ടത്തിലുമാകുന്നു. (പേജ് 164, 165) പരിശുദ്ധാത്മാവിൽ, ക്രിസ്തുവിൽ ക്കൂടി, ധൈര്യപൂർവ്വം പിതാവിന്റെ സന്നിധാനത്തിലേക്ക് കടന്നുചെല്ലാനുള്ള സ്വാതന്ത്ര്യമാണ് ക്രൈസ്തവന് അത്യന്താപേക്ഷിതമായിരിക്കുന്നത്. ആ സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യ ഹർഷത്തിന്റെ ഉറവിടം" (ആമുഖം)

നമ്മുടെ ജീവിതത്തിൽ നിന്ന് വഴക്ക് പോകുന്നില്ല. നമ്മോട് തെറ്റ് ചെയ്തവരോട് നമുക്ക് ക്ഷമിക്കാൻ സാധിക്കുന്നില്ല. നമ്മളോട് പിണക്കമുള്ളവരോട് നമുക്ക് പൊറുക്കാൻ പറ്റുന്നില്ല. നമ്മുടെ ഹൃദയത്തിൽ വൈരാഗ്യം ഉണ്ട്, നമ്മുടെ ഹൃദയത്തിൽ പക ഉണ്ട്, നമ്മുടെ ഹൃദയത്തിൽ വിദ്വേഷമുണ്ട്. നാം പ്രാർത്ഥി

ക്കുമ്പോൾ "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ" എന്ന് ചൊല്ലും. കടക്കാരോട് ക്ഷമിച്ചിട്ടില്ല. നമ്മളോട് തെറ്റു ചെയ്തവർ പലരുമുണ്ട്. നമ്മെ ഉപദ്രവിച്ചവർ പലരുമുണ്ട്. നാം ക്ഷമിച്ചിട്ടില്ല. നമ്മുടെ മനസ്സിൽ ഇരിക്കുന്നത്, "എന്നാലും ഇന്നാള് കേറി വന്ന പെണ്ണ്, അവൾ ഇവിടെ കല്ല്യാണം കഴിഞ്ഞ് വന്ന അന്നേ ദിവസം മുതൽ എന്നെ ഭരിക്കാൻ തുടങ്ങിയിരിക്കുന്നു. ഞാൻ എത്രനാളായി, പത്തുനാല്പതു കൊല്ലമായി ഈ കുടുംബത്തിൽ കയറി വന്നിട്ട്. എന്നെയുണ്ട് ഇവളിപ്പോൾ ഭരിക്കാൻ വരുന്നു!" എന്നാണ്.

മരുമകളോട് ഭയങ്കരമായ വിദ്വേഷം; എന്താണ് കാരണം? പാപം മാറുന്നില്ല. പ്രാർത്ഥനകൾ ചൊല്ലുന്നുണ്ട്, ചടങ്ങുകൾ ഉണ്ട്. ആചാരങ്ങൾ ഉണ്ട്, നമസ്കാരങ്ങൾ ഉണ്ട്, പ്രൊമിയോനുകളുണ്ട്, സെദറാകൾ ഉണ്ട്, കൂദാശകൾ ഉണ്ട്, അങ്ങനെ എല്ലാം ഉണ്ട്, പക്ഷേ ജീവിതത്തിൽ വിശുദ്ധിമാത്രം ഇല്ല.

പാപം ജീവിതത്തിൽ നിന്നും പോകണം. ജീവിതത്തിൽ നിന്ന് പാപം മാറുമ്പോൾ കുടുംബം ഐശ്വര്യമായിത്തീരും. കുടുംബം സമാധാനമായിത്തീരും. കർത്താവായ യേശുക്രിസ്തുവിന്റെ കുരിശ് നമ്മുടെ വീട്ടിൽ വരണം.

നിങ്ങൾ പറയുമായിരിക്കാം: എന്റെ വീട്ടിൽ കുരിശുണ്ട്. വീട്ടിൽ മരം കൊണ്ട് ഒരു കുരിശ് ഉണ്ടാക്കി വെച്ചിട്ടുണ്ട്. അല്ല എന്റെ താലിയിൽ കുരിശിന്റെ അടയാളം ഉണ്ട്. അല്ല എന്റെ കയ്യിലെ വളയിൽ കുരിശിന്റെ ആകൃതിയിൽ നല്ല അടയാളം വച്ചിട്ടുണ്ട്. അല്ല; കയ്യിൽ പച്ച കുത്തിയിരിക്കുന്നത് കുരിശാണ്. കുരിശ് കുടുംബത്തിൽ വരണമെന്നല്ല, ഹൃദയത്തിൽ കുരിശ് വരണം.

ഹൃദയത്തിൽ കുരിശ് വരണം എന്നു പറഞ്ഞാലെന്താണ് അതിന്റെ അർത്ഥം? ജീവിതത്തിൽ ഏതുയാതന വരുമ്പോഴും, ഏത് ദുരിതം വരുമ്പോഴും ഏത് പ്രശ്നം വരുമ്പോഴും പുഞ്ചിരി യോടെ നേരിടാൻ സാധിക്കണം.

ആർക്കാണ് നേരിടാൻ സാധിക്കുന്നത്? പാപം വിട്ടവന് സാധിക്കും. ജീവിതത്തിൽ പാപം വരില്ലെന്നു നിർബ്ബന്ധമുള്ള വർക്കു സാധിക്കും. ജീവിതത്തിൽ ഒരു തെറ്റും പറ്റരുത് എന്ന് കനത്ത നിർബ്ബന്ധമുള്ളവർക്ക് അവരുടെ ഹൃദയത്തിൽ കുരിശ് സ്ഥാപിക്കപ്പെടും. അവരുടെ വീട്ടിൽ കുരിശ് സ്ഥാപിക്കപ്പെടും. അത് മരം കൊണ്ടോ അല്ലെങ്കിൽ വെള്ളി കൊണ്ടോ ഉള്ള കുരിശ് അല്ല. അതെല്ലാം പ്രതീകങ്ങളാണ്. (SYMBOLS) എന്നാൽ സാക്ഷാലുള്ള കുരിശ് ഹൃദയത്തിൽ വരുന്ന കുരിശാണ്. ഹൃദയത്തിൽ, ചങ്കിൽ വരുന്ന കുരിശ്. ക്രൂശിക്കപ്പെട്ട രക്ഷകൻ ചങ്കിൽ വരുന്നു. അതാണ് ജയമുള്ള സ്ലീബായുടെ അടയാളം എന്നു പറയുന്നത്.

സഹോദരങ്ങളെ, നമ്മുടെ ജീവിതത്തിൽ ഈ കുരിശിന് നാം ഇടം കൊടുത്തിട്ടുണ്ടോ? കുരിശിലെ ത്യാഗത്തെ നാം കൈക്കൊണ്ടിട്ടുണ്ടോ? കുരിശിലെ വിട്ടുവീഴ്ചാ മനോഭാവത്തെ നാം കൈക്കൊണ്ടിട്ടുണ്ടോ? ക്രൂശിൽ രക്ഷകൻ കരഞ്ഞു. "പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ."

പ്രിയപ്പെട്ടവരേ, നമുക്ക് ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ? മരുമകളോട് പൊറുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അമ്മായി അമ്മയോട് ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അപ്പനോട് ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഭാര്യയോട് ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ലക്കുകെട്ട് മദ്യപാനിയായി അന്യസ്ത്രീയുടെ കൂടെ ജീവിക്കുന്ന നിന്റെ ഭർത്താവിനോട് ക്ഷമിക്കാൻ സാധിക്കുമോ?

യേശുക്രിസ്തുവിന്റെ ആത്മാവ് നിന്റെ ഉള്ളിൽ വരുമ്പോൾ നിനക്ക് ക്ഷമിക്കാൻ സാധിക്കും. യേശുക്രിസ്തുവിനെ നിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക. ഒരു പുതിയ ജീവിതം ആരംഭിക്കുക. ക്രിസ്തുവിന്റെ മനസ്സ് പ്രാപിക്കൂ. ക്രിസ്തുവിന്റെ ഹൃദയം പ്രാപിക്കൂ.

## അഞ്ച്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ."

എബ്രായർ 13 : 7

കുടുംബം ഐശ്വര്യമാകാനുള്ള പോംവഴി പാപം വിടുക എന്നുള്ളതാണ്. എന്താണ് പിതാക്കന്മാരുടെ വിശ്വാസം? പാപം വിട്ട് നിത്യജീവൻ അവകാശമാക്കണം എന്നുള്ളതാണ്.

നിങ്ങളുടെ കുടുംബത്തിൽ അതിശയം നടക്കും., നിങ്ങളുടെ കുടുംബത്തിൽ അത്ഭുതങ്ങൾ നടക്കും. നിത്യസമാധാനം നിങ്ങളുടെ കുടുംബങ്ങളിൽ വിളവെടുക്കാൻ തുടങ്ങും. നിങ്ങൾ അതിശയത്തോടെ ഓർക്കും; എന്റെ ദൈവമേ എന്റെ കുടുംബം മാറിപ്പോയല്ലോ; എന്റെ വീട് ഐശ്വര്യമായിപോയല്ലോ. ആനന്ദ ഐശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും എനിക്ക് ലഭിച്ചല്ലോ അതാണ് പിതാക്കന്മാർ പറഞ്ഞത്:

"അലിവൊടു കൃപചെയ്യുക നാഥാ-
ആഹ്വാനം ചെയ്യും പാപികളിൽ
കൃപയെ വിലക്കാത്തോൻ ദേവാ-
ആർദ്രതയാൽ കോപത്തിൻ വടിയും,

താഡനവും നീക്കീടണമേ,
ആനന്ദൈശ്വര്യങ്ങളെഴും,
മാസാബ്ദങ്ങളെ നൽകണമേ.
സ്ലീബായുടെ വൻ റൂശ്മായാൽ–
വിദ്ധ്വംസിക്കുക ദുഷ്ടനെ നി–
ന്നാർദ്രതയെ വാഴ്ത്തും ഞങ്ങൾ.”

ആനന്ദവും, ഐശ്വര്യങ്ങളുമുള്ളതായ മാസങ്ങളും ആണ്ടുകളും തരണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. വെറുതെ പ്രാർത്ഥിച്ചാൽ ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും കിട്ടുകയില്ല.

അത് കിട്ടണമെങ്കിൽ പാപം മാറണം. സ്ലീബായുടെ അത്ഭുതശക്തിയാൽ പൈശാചികശക്തിയെ വിദ്ധ്വംസിച്ച് മാറ്റണം. ദുരാത്മാക്കൾ വീട്ടിൽ നിന്ന് പോകണം. ചില ശാപങ്ങൾ വീട്ടിൽ നിന്ന് പോകണം, പാപം വീട്ടിൽനിന്ന് പോകണം. കുടുംബത്തിൽ നിന്ന് പാപം പോകുമ്പോൾ ആനന്ദവും ഐശ്വര്യവുമുള്ള മാസങ്ങളും ആണ്ടുകളും കിട്ടും.

“നാളും മാസവുമാണ്ടും ഞാൻ–
പാപപ്പാഴിരുളിൽ പോക്കി,
നിൻ ജീവദ്ധ്വനികേട്ടപ്പോൾ–
കണ്ണു തെളിഞ്ഞാനന്ദിച്ചേൻ”

നാളല്ല, മാസമല്ല, ആണ്ടുകൾ ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കിപ്പോയി കർത്താവെ, ഞാൻ പാപത്തിൽ ജീവിച്ചുപോയി., എന്റെ ജീവിതത്തിൽ നിന്ന് ആനന്ദ, ഐശ്വര്യങ്ങൾ മാഞ്ഞുപോകാൻ കാരണം നാളും മാസവും ആണ്ടും ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കിയതാണ്. എന്നാൽ ഞാനിന്ന് നിന്റെ ജീവദ്ധ്വനി കേൾക്കുന്നു. നിന്റെ ജീവന്റെ വചനം കേൾക്കുമ്പോൾ എന്റെ കണ്ണ് തെളിയുന്നു. എനിക്ക് ആനന്ദം കൈവരുന്നു. എന്റെ കുടുംബത്തിൽ ഐശ്വര്യം ലഭിക്കുന്നു.

എന്റെ ജീവിതത്തിൽ സമാധാനം വരുന്നു.

നമ്മുടെ കൂദാശകളെല്ലാം അർത്ഥവത്താണ്. നമ്മുടെ ഗീതങ്ങൾ വിലപ്പെട്ടവയാണ്. നമ്മുടെ പ്രാർത്ഥനകളെല്ലാം അമൂല്യങ്ങളാണ്. പക്ഷേ അർത്ഥം അറിയണം, മാത്രമല്ല അർത്ഥം അനുഭവിക്കണം. പാപം മാറണം. അതിന് പിതാക്കന്മാരുടെ വിശ്വാസം അനുകരിക്കണം. അതിന് എന്താണ് ചെയ്യേണ്ടത്? പാപത്തോട് യാത്രപറയണം. കൊള്ളരുതാത്ത ജീവിതം നയിക്കുന്നവർ, മദ്യത്തിനുവേണ്ടി ജീവിക്കുന്നവർ, ദ്രവ്യാഗ്രഹം കൊണ്ട് കുടുംബത്തെ മുടിച്ചു കൊണ്ടിരിക്കുന്നവർ, അയൽക്കാരുമായി ശണ്ഠയിലും വഴക്കിലും കഴിയുന്നവർ, വ്യവഹാരവും കൊള്ളരുതായ്മയു മായി ജീവിതം മുടിച്ചുകൊണ്ടിരിക്കുന്നവർ, പരസ്പരം കലഹിച്ച് ഭിന്നതയിലും വാശിയിലും കഴിയുന്നവർ, അവരുടെ ജീവിതത്തിലെ പാപങ്ങളോട് യാത്രപറയണം. ദുസ്സ്വഭാവങ്ങളോടും, ദുശ്ശീലങ്ങളോടും യാത്ര പറയണം. അപ്പോൾ കുടുംബത്തിൽ ഐശ്വര്യം വരും. അപ്പോൾ സമാധാനം വരും.

> "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ, അവരുടെ ജീവാവസാനം വരെ ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ."

പാപം മാറിയാൻ മാത്രമേ ന്യായവിധി ദിവസത്തിൽ നമുക്ക് ലജ്ജകൂടാതെ ദൈവസന്നിധിയിൽ നിൽക്കാൻ ഒക്കുകയുള്ളൂ. പാപം മാറിയാൽ മാത്രമേ പരിശുദ്ധന്മാർക്കുവേണ്ടി കാക്കപ്പെട്ടിരിക്കുന്ന ഉദ്യാനത്തിലേക്ക് സ്വർഗ്ഗീയ പറുദീസയിലേയ്ക്ക് പ്രവേശനം ലഭിക്കുകയുള്ളൂ.

പിതാക്കന്മാർക്ക് വേറൊരു വിശ്വാസം കൂടി ഉണ്ടായിരുന്നു, എന്താണത്?

> "മൃതരേ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ-
> മുകിലഴകിൻ മേലാഘോഷിതനായീടുന്നു,

നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.”

മൃതരെ ജീവിപ്പിപ്പാൻ രാജാധിരാജൻ എഴുന്നള്ളിവരും. മരിച്ചവരെ ഉയർത്തെഴുന്നേൽപ്പിക്കാൻ കർത്താവായ യേശു വീണ്ടും വരും.

“ഞങ്ങളുടെ കർത്താവെ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേല്പിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കിപ്പാർക്കുകയും ചെയ്യുന്നു.” എന്ന് നാം പ്രാർത്ഥിക്കാറുള്ളതാണല്ലോ.

കർത്താവായ യേശു വീണ്ടും വരും. രണ്ടാമത്തെ എഴുന്നള്ളത്ത് ഉണ്ടാകും. യേശുക്രിസ്തു വീണ്ടും എഴുന്നള്ളിവരും. മൃതരെ ജീവിപ്പിപ്പാനാണ് അവൻ എഴുന്നള്ളി വരുന്നത്. മരിച്ചവരെ ഉയിർപ്പിക്കാനാണ് അവൻ എഴുന്നള്ളി വരുന്നത്. അന്ന് കർത്താവായ യേശുക്രിസ്തു ആകാശമേഘങ്ങളുടെ ശോഭയിന്മേൽ എഴുന്നള്ളിവരും. മുകിൽ അഴകിന്മേൽ ആഘോഷിതനായി വരും. ആകാശമേഘങ്ങളുടെ ശോഭയിന്മേൽ അവിടുന്ന് ഈ ഭൂമിയിലേയ്ക്ക് എഴുന്നള്ളിവരും. അന്ന് നയവാന്മാർ, നീതിമാന്മാർ, അവർക്കെന്തു സംഭവിക്കും?

അവർ, വിശുദ്ധന്മാർ മാത്രം, തൻ വരവിൽ മുൻകൊമ്പിൻ നാദം കേട്ടിട്ട്, യേശുക്രിസ്തുവിന്റെ വരവിനുമുൻപുള്ള കാഹള നാദം കേട്ടിട്ട് അങ്കിയണിഞ്ഞ് യേശുവിനെ എതിരേൽപ്പാനായി ഉയർത്തെഴുന്നേറ്റ് പറക്കും.

മറ്റുള്ളവരോ? അവർ അവിടെത്തന്നെ, ശവക്കുഴിയിൽ തന്നെ കിടക്കും. വിശുദ്ധന്മാർ മാത്രമേ ഉയർത്തെഴുന്നേൽക്കു കയുള്ളൂ. അത് ഒന്നാമത്തെ പുനരുത്ഥാനമാണ്. “ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു” വെളിപാട് 20:6. അതിനെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്, “നീതിമാന്മാരുടെ പുനരുത്ഥാനം ” എന്നാണ്. ലൂക്കോസ് 14:14.

"ശരണത്താലെ നിൻ കൃപയിൽ മരണമടഞ്ഞൊരു ദാസർ" –അവർ മാത്രമേ കബറിൽ നിന്ന് ഉദ്യാനത്തിലേയ്ക്ക് ഉയർത്തെഴുന്നേറ്റ് പറക്കുകയുള്ളൂ. ഈ ഭൂമിയിൽ വെച്ച് പാപം വിട്ട് ക്രിസ്തുവിൽ ജീവിച്ച വിശുദ്ധന്മാർ മാത്രമേ മരണശേഷം കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ ഉയർത്തെഴുന്നേൽക്കുകയുള്ളൂ. അവർ മാത്രമേ ഉയർത്തെഴുന്നേറ്റ് വിശുദ്ധന്മാരുടെ നിരയിൽ പറന്നുയരുകയുള്ളൂ.

അതാണ് പിതാക്കന്മാരുടെ വിശ്വാസം. ഞാനും മരിക്കും, നിങ്ങളും ഓരോരുത്തരും ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും; എന്നാൽ ഈ ഭൂമിയിൽ വെച്ച് പാപം വിട്ട ദൈവമക്കൾ മാത്രം അന്ന് കർത്താവിന്റെ രണ്ടാമത്തെവരവിൽ വിശുദ്ധന്മാരുടെ നിരയിൽ പറന്നെത്തും. അല്ലാത്തവരോ ഉപേക്ഷിക്കപ്പെടും.

"ഖേദം വേണ്ടാ മശിഹായിൽ മൃതിപൂണ്ടോരേ–
ആസന്നം പ്രതിഫലമേകും പുനരുത്ഥാനദിനേ,
കേടെന്യേ കബറുകളീന്നും നിങ്ങളെഴുന്നേ–
റ്റതിവേഗം രാജാത്മജനെ എതിരേല്പാനെത്തും,
മഹിമാവിൻ നീരാളം ചാർത്തി–
ത്തിരുമുൻപിൽ സ്തുതി പാടും നിങ്ങൾ–
കനിവാലാദാം സുതജീവപ്രദനേ കൃപ ചെയ്ക"

ആദാംസുതന്മാർക്ക് ജീവൻ പ്രദാനം ചെയ്യുന്ന കർത്താവായ യേശുവേ, ഞങ്ങളോട് കരുണചെയ്യേണമേ. മിശിഹായിൽ മൃതിപൂണ്ടവർ, മിശിഹായിൽ വാങ്ങിപ്പോയവർ, അവർ മാത്രം കബറുകളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗീയ ഉദ്യാനത്തിലേയ്ക്ക് പറന്നെത്തും.

പിതാക്കന്മാരുടെ വിശ്വാസം അനുകരിപ്പാൻ അവരുടെ ജീവാവസാനം ഓർക്കണം. അവരുടെ ജീവാവസാനം പ്രത്യാശയുടെ മരണമായിരുന്നു, പാപം വിട്ടു ജീവിച്ചാൽ ന്യായവിധിയിൽ ലജ്ജിക്കേണ്ടി വരികയില്ല. പാപം വിട്ടു ജീവിച്ചാൽ നീതിമാന്മാർ ഉയർത്തെഴുന്നേൽക്കുന്ന, യേശുവിന്റെ രണ്ടാമത്തെ വരവിൽ, വിശുദ്ധന്മാരുടെ നിരയിൽ പറന്നുയരാം.

# ആറ്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" എബ്രായർ 13 : 7

ഒരു സുപ്രസിദ്ധ താത്വീകാചാര്യനായിരുന്നു വോൾട്ടയർ. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ദൈവം ഇല്ല എന്ന് പഠിപ്പിച്ച മനുഷ്യനാണ്. ദൈവം ഇല്ല എന്ന് തറപ്പിച്ചു പറയുക മാത്രമല്ല, അനേകം പേരെ തന്റെ അനുയായികളായി നിരീശ്വരവാദ ത്തിൽ വളർത്തിയെടുക്കുകയും ചെയ്ത ആളാണ്. ഈ മഹാനായ വോൾട്ടയറിന് രോഗം വന്ന് പാരീസിലെ ഒരു ആശുപത്രിയിൽ കിടക്കുമ്പോൾ, അദ്ദേഹത്തിന്റെ രോഗക്കിടക്കയുടെ അരികത്ത് അദ്ദേഹത്തിന്റെ അനുയായികൾ, ശിഷ്യന്മാർ അനേകർ കൂടിനിൽക്കുകയാണ്.

അദ്ദേഹം പറഞ്ഞു, അയ്യോ എനിക്ക് ഒരു സമാധാനവും ഇല്ലല്ലോ. എനിക്കൊരു സ്വസ്ഥതയും ഇല്ലല്ലോ, എന്റെ ഹൃദയം ആർദ്രമാകുന്നില്ലല്ലോ, എനിക്ക് എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി കരയാൻ സാധിക്കുന്നില്ലല്ലോ.

അനുയായികൾ ചോദിച്ചു; ഗുരോ അങ്ങ് എന്താണീ പറയുന്നത്? എന്തിനാണ് ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിക്കരയുന്നത്? എന്തിനു കരയണം?

അയ്യോ, ഞാൻ നിത്യതയെ നേരിടുകയാണ്. നിത്യത യിലേക്ക് ചെല്ലുമ്പോൾ ഞാൻ നരകത്തിന്റെ ഭീകരതയിലേക്ക് നീങ്ങുന്നു.

അങ്ങ് എന്താണീ പറയുന്നത്? സ്വർഗ്ഗമില്ല, നരകമില്ല എന്നൊക്കെ അങ്ങ് പഠിപ്പിച്ചിട്ട് ഇപ്പോൾ നരകത്തിന്റെ ഭീകരതയെക്കുറിച്ച് പറയുന്നതെന്താണ്?

അല്ലാ, സ്വർഗ്ഗമുണ്ട്, നരകമുണ്ട്., ഞാനിതാ നരകവാതിൽക്കൽ എത്തി നിൽക്കുകയാണ്. എനിക്കൊന്ന് തകർന്ന് കരയണമെന്നുണ്ട്. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ദൈവപൈതലിനെ വിളിച്ചുകൊണ്ട് വരാമോ?

ഇത്രയും നാൾ പഠിപ്പിച്ചതിന് എതിരായിപ്പോവുകയില്ലെ ഒരു ക്രിസ്തു ഭക്തൻ വന്ന് അങ്ങേക്കുവേണ്ടി പ്രാർത്ഥിച്ചാൽ?

നിങ്ങൾ എന്നെ നശിപ്പിക്കല്ലെ, ദയവായി എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ക്രിസ്തു ഭക്തനെ വിളിച്ചുകൊണ്ടുവരൂ. പക്ഷേ അവർ പോയില്ല.

അദ്ദേഹം ചോദിച്ചു. നിങ്ങൾ എന്താണ് പോകാത്തത്? നിങ്ങളും എന്നെ ഉപേക്ഷിച്ചോ? ദൈവമോ എന്നെ ഉപേക്ഷിച്ചു. എനിക്കൊന്ന് തകർന്നനുതപിച്ച് കരയാൻ പറ്റുന്നില്ലല്ലോ, അദ്ദേഹം ഞരങ്ങി കരയാൻ തുടങ്ങി. സ്വസ്ഥത നശിച്ചു തുടങ്ങി. അദ്ദേഹം മരണത്തോട് അടുത്തടുത്ത് വരികയാണ്. ബോധം കെട്ടുതുടങ്ങി.

എപ്പോഴോ ഒന്നു കണ്ണുതുറന്നു എല്ലാവരേയും മാറിമാറി നോക്കി. പെട്ടെന്ന് അദ്ദേഹം വിതുമ്പിക്കരഞ്ഞു, കരഞ്ഞുകൊണ്ട് പറഞ്ഞു:

"Oh! I am sinking deep deep into the fire of hell, who can rescue me from the fire of hell?"

“അയ്യോ! ഞാൻ നരകത്തിന്റെ തീയിലേക്ക് താണുതാണു പോകുന്നു. എന്നെ ഈ നരകാഗ്നിയിൽ നിന്ന് രക്ഷിക്കാൻ ആരുമില്ലല്ലോ.” നിസ്സഹായനായി ഞരങ്ങി നിലവിളിച്ചുകൊണ്ട് അദ്ദേഹം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു.

അദ്ദേഹത്തിന്റെ മരണക്കിടക്കയിൽ ശുശ്രൂഷിച്ച നേഴ്സ് പറഞ്ഞു: ഫ്രാൻസിലെ സ്വത്തു മുഴുവൻ തന്നാലും ഇനി ഒരു നിരീശ്വരനെ മരണക്കിടക്കയിൽ ഞാൻ ശുശ്രൂഷിക്കുകയില്ല. എനിക്കു വയ്യ ആ നിരാശ കാണാൻ. എനിക്കു വയ്യാ ആ ഞരക്കം കേൾക്കാൻ. അയ്യോ ഒരു നിരീശ്വരന്റെ മരണം എത്ര ദയനീയം!

നമ്മുടെ ജീവാവസാനം നിരാശയുടേതായിരിക്കരുത്.

പാപം ജീവിതത്തിൽ വെച്ചുകൊണ്ടാണ് പോകുന്നതെങ്കിൽ, പാപം ക്ഷമിക്കപ്പെടാതെയാണ് കടന്നു പോകുന്നതെങ്കിൽ തീർച്ചയായും നരകത്തിന്റെ ഭീകരതയിലേക്ക് നീങ്ങി, നിരാശയോടെ കടന്നു പോകേണ്ടിവരും.

ഭക്തനായ D.L. Moody മരിക്കാൻ കിടക്കുകയാണ്. ഡി.എൽ. മൂഡി ദൈവത്തിന്റെ വേല ചെയ്ത ദൈവദാസനാണ്. സുപ്രസിദ്ധ സുവിശേഷകനായ D.L. Moody ലോകമെമ്പാടും ദൈവത്തിന്റെ വചനം വാരിവിതറിക്കൊണ്ടു സഞ്ചരിച്ചു. ജീവനുള്ള ദൈവത്തിന്റെ സുവിശേഷകനായി ദൈവത്തിനു വേണ്ടി അദ്ധ്വാനിച്ച ദൈവദാസൻ മരിക്കാൻ കിടക്കുകയാണ്. അദ്ദേഹത്തിന്റെ അടുക്കൽ ഭാര്യ ഉണ്ട്, മകൻ വില്ല്യം ഉണ്ട്. മകളുടെ ഭർത്താവുണ്ട്, മറ്റെല്ലാ വേണ്ടപ്പെട്ടവരും ചേർന്നു നിൽക്കുന്നുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ശിഷ്യന്മാരായ ദൈവദാസൻന്മാർ അനേകരുണ്ട്. അദ്ദേഹം മയങ്ങി ബോധം കെട്ടുകിടക്കുകയായിരുന്നു.

പെട്ടെന്ന് അദ്ദേഹം കണ്ണുതുറന്നിട്ട് പറഞ്ഞു. ഓ! എന്തു ഭാഗ്യം! എന്തു മധുരം! എന്തു സുന്ദരം! ഞാൻ സ്വർഗ്ഗവാതിലിൽ എത്തിയിട്ടു തിരിച്ചു വന്നതാണ്. ഞാൻ സ്വർഗ്ഗം കണ്ടു. എന്തു മനോഹരം! എന്തു സന്തോഷം!

അദ്ദേഹം പിന്നേയും കണ്ണടച്ചു. കുറച്ചുനേരം മയങ്ങിക്കിടന്നു. വീണ്ടും കണ്ണുതുറന്നു പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. കുഞ്ഞുങ്ങളേ, ഇന്ന് എന്റെ കിരീടധാരണദിവസമാണ്. ഇന്ന്

നിങ്ങൾ കരയരുത്, നിങ്ങൾ സന്തോഷിക്കണം, ഇന്ന് എനിക്ക് രാജാധിരാജൻ കിരീടം മെടഞ്ഞുവെച്ചിരിക്കുന്നു. ഞാൻ അത് കണ്ടു. ഞാനത് പ്രാപിക്കാൻ േ പാകുകയാണ്.

പിന്നേയും കണ്ണടച്ചു, ബോധം കെട്ടു. ബോധം പിന്നേയും തെളിഞ്ഞു ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം പറയുകയാണ്:

“മരണം ഇത്ര മധുരമോ! മരണം ഇത്ര മധുരമെങ്കിൽ മരണത്തെ എന്തിനു ഭയപ്പെടണം? ഞാനിതാ സ്വർഗ്ഗവാതിൽ കാണുന്നു. ഞാൻ സ്വർഗ്ഗസീമകൾ കാണുന്നു.”

“സ്വർഗ്ഗത്തിലെ വിതാനങ്ങൾ മുഴുവൻ സുന്ദരമായി, മനോഹരമായി, അലംകൃതമായി, ആഡംബര വിഭൂഷിതമായി ഞാൻ കാണുന്നു.”

അദ്ദേഹം ആനന്ദത്തോടെ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. അങ്ങനെ സ്തുതികരേറ്റികൊണ്ട് അദ്ദേഹം അന്ത്യ ശ്വാസം വലിച്ചു.

പരിശുദ്ധന്മാരുടെ ജീവാവസാനം ഭാഗ്യമരണമാണ്. അത് സമാധാനത്തിന്റെ മരണമാണ്. അത് ശാന്തിയുടെ മരണമാണ്. അത് പ്രസന്നതയുടെ മരണമാണ്. അത് സന്തോഷത്തോടെ, സംതൃപ്തിയോടെ കടന്നു പോകുകയാണ്.

നമ്മുടെ കർത്താവ് ക്രൂശിന്മേൽ വെച്ച് ഏഴ് മൊഴികൾ പറഞ്ഞതിൽ ആറാമത്തെ മൊഴി “നിവൃത്തിയായി” എന്നാണ്.

ഏഴാമത്തെ തിരുമൊഴി എന്താണ്? “പിതാവേ എന്റെ ആത്മാവിനെ തൃക്കൈയ്യിലേയ്ക്ക് ഏല്പിക്കുന്നു.” എന്നാണ്.

ക്രൂശിൽ മരിക്കുമ്പോൾ യേശു പറയുന്നത്, “തികച്ചു,” “നിവൃത്തിയായി” എന്നാണ്. എല്ലാം തികച്ചിട്ടാണ് കടന്നുപോകുന്നത്. ഒന്നും ബാക്കിവെച്ചില്ല. ചെയ്യേണ്ടതെല്ലാം ചെയ്തു തികച്ച് സമാധാനത്തോടെ കടന്നുപോകുന്നു.

കർത്താവ് ഒടുവിലായി പറഞ്ഞത്, "പിതാവേ എന്റെ ആത്മാവിനെ തൃക്കയ്യിലേക്ക് ഏല്പിക്കുന്നു" എന്നാണ്, ഇതാണ് ഭാഗ്യമരണം.

യേശുവിന്റെ ശിഷ്യന്മാർ അതാണ് പഠിപ്പിച്ചത്. അപ്പോസ്തോലനായ പൗലോസ് മരിക്കുന്നതിന് തൊട്ടുമുൻപ് എഴുതിയ ലേഖനത്തിൽ ഇങ്ങനെകാണുന്നു.

> "ഞാനോ ഇപ്പോൾത്തന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു, ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കുമാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ."
>
> 2 തീമോത്തി 4 : 6–8

ഈ യേശുവിനെ നിങ്ങൾക്കുവേണമോ? ഈ യേശു നമുക്ക് നീതിയിൻ കിരീടം മെടഞ്ഞു വെച്ചിരിക്കുകയാണ്. പരിശുദ്ധന്മാരുടെ ജീവാവസാനം പ്രശാന്തമോഹനമാണ്. അവരുടെ ജീവിതത്തിന്റെ അന്ത്യം പ്രസന്നപൂരിതമായിരിക്കും. അവരുടെ ജീവിതത്തിന്റെ അന്ത്യം പ്രസാദമധുരമായിരിക്കും, സന്തോഷസമുന്നതമായിരിക്കും. അവർ അക്കരദേശത്തേക്ക് സമാധാനത്തോടെ കടന്നുപോകും. നമുക്കും പറക്കണം. നമുക്കും സമാധാനത്തോടെ അക്കരയിലേക്ക് കടന്നുപോകണം.

## ഏഴ്

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." എബ്രായർ 13 : 7

വിശുദ്ധന്മാരുടെ പാരമ്പര്യം അതാണ്. സുബോധം ഇല്ലാതെ പാപത്തിന് അടിമയായ മനുഷ്യൻ പാപത്തോട് യാത്ര പറയുന്നതാണ് ഏറ്റവും വലിയ അത്ഭുതം.

പാപത്തോട് യാത്ര പറയുമ്പോൾ രോഗം മാറുന്നു. കെടുതികൾ മാറുന്നു. ജീവിതത്തിൽ നിന്ന് പാപം മാറുമ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ അവകാശം കിട്ടുന്നു. നമ്മുടെ പിതാക്കന്മാർ അനുതാപത്തിന്റെ പ്രാർത്ഥനയിൽ ഇങ്ങനെ പാടി:

"എൻ പാപത്തിൽ ഞാൻ ചാകാ-
നിടയാകരുതയ്യോ നാഥാ,
എൻ ബാഷ്പങ്ങൾ ചൊരിഞ്ഞീടുന്നിപ്പോൾ.
അജമോ, മാടോ ചെങ്ങാലിയോ,
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ-
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല,

ശെമവോൻ തൻഭവനേ വന്ന
പാപി സ്ത്രീപോലിരു തുള്ളി കണ്ണീർ-
കണ്ടെൻ മേൽദയതോന്നണമേ."

കർത്താവെ എന്റെ പാപത്തിൽ ഞാൻ മരിക്കാൻ എന്നെ വിടല്ലേ, എന്റെ പാപം ക്ഷമിക്കണമേ, എന്റെ പാപം പൊറുക്കണമേ. നിന്റെ മുൻപാകെ കൊണ്ടുവരുവാൻ എനിക്ക് ഒന്നുമില്ല കർത്താവേ, ഒരു കാളക്കിടാവിനേയോ, ഒരു കോലാട്ടിൻ കുട്ടിയേയോ ഒരു പ്രാവിൻ കുഞ്ഞിനേയോ, ഒരു കുറുപ്രാവി നേയോ ഒരു ചെങ്ങാലിയെപ്പോലുമോ കൊണ്ടു വരാൻ എന്റെ കൈവശമില്ല. അതുകൊണ്ട് ഞാൻ ആ ശെമവോന്റെ വീട്ടിൽ വന്ന പാപിനിയായ സ്ത്രീയെപ്പോലെ രണ്ടുതുള്ളിക്കണ്ണീർ അനു താപത്തോടെ പൊഴിച്ചു കൊണ്ട്, കഴിഞ്ഞ കാലത്തെയോർ ത്തനുതപിച്ചുകൊണ്ട്, മേലിൽ പാപം ചെയ്യുകയില്ല എന്ന തീരുമാനത്തോടെ വരുന്നു. ഞാനൊരു പുതിയ മനുഷ്യനായിത്തീരാൻ പോകുകയാണ്. ഒരു പുതിയ സൃഷ്ടിയായിത്തീരാൻ പോകുക യാണ്. പഴയതിനോട് ഞാനിതാ യാത്ര പറയുകയാണ്.

ഏതുതരത്തിലുള്ള പാപം ചെയ്തവരായിക്കൊള്ളട്ടെ, കഞ്ചാവിന്റെ അടിമകളായവർ, വാടകക്കൊലയാളികളായി ജീവിച്ചവർ, വാടകക്കൊലയാളിയാകാൻ പരിശീലനം കിട്ടിയവർ, കൊള്ളരുതായ്മയിൽ മുഴുകി ജീവിച്ചവർ, അപ്പനെ തല്ലിയവർ, സ്വന്തം അപ്പനെ കൊല്ലാൻ പരിപാടി ഇട്ടവർ, അപ്പനെ കൊല്ലുന്നതിനുവേണ്ടി വിഷം കലർത്തിവെച്ചവർ, അനേകം അനേകം തോന്ന്യാസത്തിൽ ജീവിച്ചവർ, അനേകം സ്ത്രീകളു മായി വേണ്ടാത്ത ബന്ധം പുലർത്തിയവർ, കുടുംബം മുടിച്ചവർ, വിദ്യാഭ്യാസം കളഞ്ഞുകുളിച്ചവർ, ക്ലാസ്സിൽ കയറാതെ കോളേജിൽ ബഹളമുണ്ടാക്കി നടന്നവർ, അങ്ങിനെ ഏറ്റവും ഹീനമായി ജീവിച്ചവർ, അവർ പാപത്തോട് യാത്ര പറഞ്ഞ്

യേശുവിന്റെ വഴിയിലേക്ക് തിരിയട്ടെ.

നിങ്ങൾക്ക് വേണമോ ഈ സമാധാനം? നിങ്ങൾക്ക് വേണമോ ഈ ശാന്തി? പിതാക്കന്മാരുടെ വിശ്വാസം അതാണ്. നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ, അവരുടെ ജീവാവസാനം ഓർക്കണം, അവരുടെ വിശ്വാസം അനുകരിക്കണം.

കർത്താവ് അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരക്ക ണക്കിന് ആളുകൾക്ക് ആഹാരം കൊടുത്തു. അത് ഒരു അത്ഭുത മായിരുന്നു. ആ ബാലകന്റെ കയ്യിലെ അഞ്ചപ്പവും രണ്ടുമീനും യേശു വർദ്ധിപ്പിച്ചു. എല്ലാവർക്കും സമ്പുഷ്ടഭോജനം.

പ്രിയപ്പെട്ടവരേ, നിങ്ങൾക്കുള്ളത് യേശുവിനു കൊടുക്കാമോ? നിങ്ങളുടെ ഹൃദയം യേശുവിനു കൊടു ക്കാമോ? നിങ്ങളുടെ ജീവിതം യേശുവിനു കൊടുക്കാമോ? നിങ്ങളുടെ ജീവിതത്തിലെ ഭാരങ്ങൾ, ആകുലങ്ങൾ, സങ്കട ങ്ങൾ, രോഗങ്ങൾ, പാപങ്ങൾ തകർച്ചകൾ, നൈരാശ്യങ്ങൾ, എല്ലാമെല്ലാം ചേർത്ത് നിങ്ങളെ ത്തന്നെ യേശുവിന്റെ പാദത്തിലേയ്ക്ക് വെയ്ക്കൂ.

യേശു നിങ്ങളെ പുതുക്കിമെനയും, യേശു നിങ്ങളെ രൂപാന്തരപ്പെടുത്തും, യേശു നിങ്ങൾക്ക് സമാധാനം തരും. യേശു നിങ്ങളുടെ കുടുംബത്തിൽ ഐശ്വര്യം തരും. യേശു നിങ്ങൾക്ക് സന്തോഷം തരും. യേശു നിങ്ങൾക്ക് പണത്തിന്റെ ഞെരുക്കം മാറ്റിത്തരും. യേശു നിങ്ങൾക്ക് രോഗ സൗഖ്യം തരും. യേശു നിങ്ങൾക്ക് വിദ്യാഭ്യാസം തരും. യേശു നിങ്ങളുടെ കുടുംബത്തിൽ ഐശ്വര്യവും, സമൃദ്ധിയും തരും, യേശു നിങ്ങൾക്ക് ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും, ആണ്ടുകളും തരും, യേശു നിങ്ങളുടെ കുടുംബത്തിലേയ്ക്ക് കടന്നു വന്ന് നിങ്ങളുടെ പാപം മാറ്റും, യേശു നിങ്ങളുടെ ഹൃദയങ്ങളിലേക്ക് എഴുന്നള്ളി

വന്ന് ഹൃദയത്തിലെ കുരിരൂട്ട് മാറ്റും. യേശു നിങ്ങളെ സമാധാന സമൃദ്ധിയിലേയ്ക്ക് നയിക്കും.

നിങ്ങളുടെ ഹൃദയം യേശുവിനുവേണ്ടി തുറന്ന് കൊടുക്കുവിൻ, യേശുവിനോട് വാക്കുപറയുവിൻ

യേശുവേ നീ ക്രൂശിൽ മരിച്ചു. എന്റെ പാപം നീ വഹിച്ചു., ഞാൻ ഏൽക്കേണ്ട ശിക്ഷ നീ ഏറ്റു. എന്റെ രോഗം നീ വഹിച്ചു. എന്റെ മരണാവസ്ഥയിൽ നീ ജീവൻ പകർന്നു എന്ന് ഞാൻ വിശ്വസിക്കുന്നു, ഇന്നു മുതൽ നാഥാ ഞാൻ നിനക്കായി ജീവിക്കും. യേശുവേ, ഇതുവരെ ഞാൻ പാപത്തിനായി ജീവിച്ചു. ഇതുവരെ ഞാൻ സാത്താന്റെ അടിമത്ത്വത്തിൽ ജീവിച്ചു. ഇതുവരെ ഞാൻ കൊള്ളരുതായ്മയിൽ ജീവിച്ചു. ഇതുവരെ വഴക്കിലും പിണക്കത്തിലും അശുദ്ധിയിലും തിന്മയിലും ജീവിച്ചു. എന്റെ നാഥാ ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് സമർപ്പിക്കുന്നു. നീ ക്രൂശിൽ ചൊരിഞ്ഞ രക്തത്തിന്റെ വില ഞാൻ അറിയുന്നു. ഇന്നു ഞാനിതാ ക്രൂശിൻ ചുവട്ടിലേയ്ക്ക് വരുന്നു.

എന്നെ നീ തലോടണമേ, എന്നെ നീ അനുഗ്രഹിക്കണമേ, എന്റെ മേൽ നിന്റെ കരം വെയ്ക്കണമേ, എന്റെ പാപങ്ങൾ ക്ഷമിക്കണമേ. പാപത്തോട് ഞാനിതാ യാത്ര പറയുന്നു. യേശുവെ നീ എന്റെ പാപത്തിനു ശിക്ഷയേറ്റതിനാൽ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ, ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കുമെന്ന് തീരുമാനിക്കുന്നു.

യേശു നിങ്ങളുടെ ഹൃദയവാതിൽക്കൽ മുട്ടിക്കൊണ്ട് നിൽക്കുകയാണ്. മകനെ നിന്റെ ഹൃദയം എനിക്കു തരിക, മകളെ നിന്റെ ഹൃദയം എനിക്കു തരിക. എന്നു പറഞ്ഞുകൊണ്ട്, ഹൃദയത്തിന്റെ വാതിൽക്കൽ മുട്ടുന്ന ക്രിസ്തുവിനോട് നിങ്ങൾ പറയുവിൻ.

യേശുവെ ഞാനിതാ വരുന്നു. എന്നെ സ്വീകരിക്കണമേ.

## എട്ട്

‘‘നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പാൻ.”

എബ്രായർ 13:7

“നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്ന് പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ; എന്നാൽ നിങ്ങളുടെ മനസ്സിന് വിശ്രാമം ലഭിക്കും.”

യിരമ്യാവ് 6:16

New International Version യിരമ്യാവ് 6:16 ൽ ഇങ്ങനെ കാണുന്നു.

""Stand at the crossroads and look; ask for the ancient paths, ask where the good way is and walk in it and you will find rest for your souls."

പൂർവ്വിക പുണ്യപിതാക്കന്മാർ അനുവർത്തിച്ച ജീവിത ശൈലിയും വീക്ഷണവും പിൽക്കാലതലമുറകളിൽ സ്ഥായിയായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്രിസ്തുവിനെ ലാക്കാക്കി,

ക്രിസ്തുവിന്റെ വഴികളിൽക്കൂടെ, ക്രിസ്തുവിന്റെ കാലടിപ്പാടുകളെ പിന്തുടർന്ന പരിശുദ്ധന്മാരുടെ ജീവിതം നമുക്ക് ആശയും ആവേശവും നൽകുന്നതാണ്.

“Write down all these things I am going to do, says the Lord, and seal it up for the future. Entrust it to some godly men to pass on down to godly men of future generations." Isaiah 8:16. (Living Bible.)

ഞാൻ ചെയ്യാൻ പോകുന്ന ഈ കാര്യങ്ങളെല്ലാം എഴുതുകയും ഭാവിക്കുവേണ്ടി മുദ്രയിട്ടു വെയ്ക്കുകയും ചെയ്യുക എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ഭാവി തലമുറകളിലെ ദൈവിക മനുഷ്യർക്ക് കൈമാറി പകർന്നു കൊടുക്കുവാൻ ചില ദൈവിക മനുഷ്യരെ ഭരമേൽപ്പിക്കുക. എന്ന് യെശയ്യാ പ്രവാചകൻ പറയാൻ കാരണം പഴയകാലനന്മകൾ വരുംകാല തലമുറകൾക്ക് പ്രയോജനപ്രദമാകുമെന്നതാണ്.

ആദിമകാല വിശുദ്ധന്മാരുടെ പ്രവർത്തനത്തിന് അനുകരണ യോഗ്യമായ ചില സവിശേഷതകളുണ്ടായിരുന്നു അവ ഇപ്രകാരം സംക്ഷേപിക്കാം.

ഒന്ന് : They met daily. അപ്പൊ. പ്രവൃ. 2:46

ഒരുമനപ്പെട്ട് ദിനംപ്രതി ദൈവാലയത്തിൽ കൂടിവന്നു. കൃത്യമായ കൂടിവരവുകൾ, കൂട്ടായ്മ യോഗങ്ങൾ ആത്മീയ ജീവിതത്തിന്റെ നിലനില്പ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്.

> “ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു=കൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്ന് കാണുംതോറും അത് അധികമായി

ചെയ്യേണ്ടതാകുന്നു."

എബ്രാ. 10:24–25.

രണ്ട് : They cared daily. അപ്പൊ. പ്രവൃ. 6:1

Daily distribution of food –ദിനംപ്രതി ആഹാരം നൽകുക– എന്ന കാര്യത്തിലെ അവഗണനപാടില്ലെന്ന് അപ്പോസ്തലന്മാർ നിഷ്ക്കർഷിച്ചു. മറ്റുള്ളവരെയും കരുതണമെന്ന നിർബന്ധം പരിശുദ്ധന്മാരായ പിതാക്കന്മാർക്കുണ്ടായിരുന്നു.

മൂന്ന് :.They searched the scriptures daily. അപ്പോ. പ്രവൃ. 17:11

"(ബെരോവയിലെ ജനങ്ങൾ) തെസ്സലോനിക്യയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അത് അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു."

തിരുവചനപാരായണം, ധ്യാനം, തിരുവചനപഠനം എന്നിവ വിശുദ്ധന്മാരുടെ പതിവായിരുന്നു. തിരുവചനശുശ്രൂഷയുടെ ആവശ്യകത അവർ ഗ്രഹിച്ചിരുന്നു. എത്യോപ്യരാജ്ഞിയുടെ സകല ഭണ്ഡാരത്തിനും മേൽവിചാരകനായിരുന്ന (Treasurer) ഷണ്ഡനോട് ഫിലിപ്പോസ് ചോദിച്ചു:

"നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ?"

അപ്പൊ. 8:30.

അപ്പോൾ ഷണ്ഡൻ പറയുന്ന മറുപടി ശ്രദ്ധേയമാണ്:

"ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും?"

അപ്പൊ. പ്രവൃത്തി 8:31

ഫിലിപ്പോസ് ഷണ്ഡനോടു ചേർന്ന് തേരിൽ ഇരുന്നുകൊണ്ട് ഷണ്ഡൻ വായിച്ചുകൊണ്ടിരുന്ന തിരുവെഴുത്ത് വ്യാഖ്യാനിച്ചു കൊടുക്കുകയും ആ തിരുവചനം ആധാരമാക്കി യേശുവിനെ ക്കുറിച്ചുള്ള സുവിശേഷം അറിയിക്കുകയും ചെയ്തു.

നാല് : They won souls daily. അപ്പൊ. പ്രവൃ. 2:47

> "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."

നിത്യരക്ഷയെക്കുറിച്ച് അറിവില്ലാത്ത ആളുകളെക്കുറിച്ചുള്ള ഭാരം വിശുദ്ധന്മാരുടെ സവിശേഷതയാണ്. ആ ഭാരത്തിൽ നിന്നാണ് സുവിശേഷവേലയ്ക്കുള്ള ആഗ്രഹവും ആവേശവും ഉദ്ഭൂതമാകുന്നത്.

"സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല" റോമർ 1:16 എന്ന് സെ. പോൾ പറയുന്നത് ശ്രദ്ധിക്കുക.

കൊരിന്തിലുള്ള ദൈവജനത്തോട് അദ്ദേഹം പറഞ്ഞു:

> "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ, കഷ്ടം!" 1 കൊരി 9:16.

""I grieve bitterly day and night because of you. Christ knows and the Holy spirit knows that it is no mere pretense" Romans. 9:2-3

നിങ്ങളെക്കുറിച്ച് ഞാൻ എത്ര കൈയ്പ്പോടെ ദുഃഖിച്ച് , നൊന്ത് ഞരങ്ങുന്നു. ക്രിസ്തുവിന്റെ ആത്മാവ് എന്റെ വേദന അറിയുന്നു എന്ന് പൗലോസ് പറയത്തക്കവണ്ണം അഗാധമായ ആത്മഭാരം അദ്ദേഹത്തിനുണ്ടായിരുന്നു.

ആദിമകാല അപ്പോസ്തലന്മാരും വിശുദ്ധന്മാരും രക്തസാക്ഷികളായി മരിച്ചതിന്റെ പിന്നിലെ പ്രേരക ശക്തി ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തിൽ നിന്ന് ഉറവെടുത്ത സുവിശേഷയത്നങ്ങളായിരുന്നു. സുവിശേഷസാക്ഷ്യത്തിന്റെ ശക്തിയും ധന്യതയും അറിഞ്ഞ പിതാക്കന്മാർ പാടി;

“മന്നവനേ, മശിഹാ,
സതതം തവ കരുണാ
വാതിലിൽ മുട്ടുന്നേൻ
ധനികാ, നിൻ നിധിനിലയത്തീ-
ന്നേകണമേ കൃപയും വാഴ്വും
നീയെൻ ഗതി, തുണചെയ്യുക നിൻ
സാക്ഷിയെ ലജ്ജിതനാക്കരുതേ,
ശരണവുമെ-
ന്നാശ്രയവും നീയേ’.’

നിന്റെ സാക്ഷിയായ എനിക്ക് നീ തുണനിൽക്കണമേ. നിന്റെ അനുഗ്രഹത്തിന്റെ ശ്രീ ഭണ്ഡാരത്തിൽ നിന്ന് എനിക്ക് കൃപകളും വാഴ്വുകളും നൽകണമേ. നിന്റെ സാക്ഷിയായ ഞാൻ ലജ്ജിതനാകാനിടവരരുതേ. എന്ന് പ്രാർത്ഥിപ്പാൻ പിതാക്കന്മാർ നമ്മെ പഠിപ്പിച്ചു.

അഞ്ച് : They worshipped daily. അപ്പൊ. പ്രവൃ. 2:45-46

അവർക്ക് ഹൃദയത്തിൽ ഉല്ലാസമുണ്ടായിരുന്ന, അവർ ഏകമനസ്സുള്ളവരായിരുന്നു. ആരാധനയുടെ മഹത്ത്വവും സ്തുതിയുടെ ആനന്ദവും അവർ അനുഭവിച്ചിരുന്നു. ആനന്ദവും ഹൃദയപരമാർത്ഥതയും ആത്മാർത്ഥതയും നിസ്വാർത്ഥതയുമാണ് സത്യാരാധനയുടെ മുഖ്യഘടകങ്ങൾ. സ്ഥാനമോഹവും സ്വാർത്ഥതാൽപര്യങ്ങളും സ്വയ മഹത്ത്വവും കുത്തിത്തിരിപ്പും

തൊഴുത്തിൽകുത്തും അവരെ സ്പർശിക്കുകയില്ലായിരുന്നു.

'പിതാക്കന്മാരുടെ പറുദീസ' എന്ന ഒരു പഴയ പുസ്തകത്തിൽ ഒരു ഐതിഹ്യം വായിച്ചതോർക്കുന്നു

ഒരു ദയറായിൽ വിശുദ്ധന്മാരായ പിതാക്കന്മാർ താമസിച്ചിരുന്നു. ദയറായിലെ ജോലികളെല്ലാം അവർ തന്നെയാണ് ചെയ്തിരുന്നത്.

ഒരു ദിവസം ദയറായിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുവാൻ രണ്ടുപിതാക്കന്മാർ ചന്തയിൽ പോയി. അവർ തിരികെ വരുവാൻ വളരെ വൈകി. ദയറാവാസികളേവരും ഉൽക്കണ്ഠയോടെ ചോദിച്ചു വൈകിയതെന്തുകൊണ്ടെന്ന്:

''ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു കാഴ്ചകണ്ട് നിന്നുപോയി."

"എന്താണ് ആ കാഴ്ച?"

"മനുഷ്യർ തമ്മിൽ വഴക്കു കൂടുന്നതു കണ്ടു."

"എങ്ങനെയാണത്? വഴക്കുകൂടുന്നു എന്നുപറഞ്ഞാലെന്താണ്?"

''അത് എങ്ങനെയാണെന്ന് പറഞ്ഞുതരാൻ പറ്റുകയില്ല. വേണമെങ്കിൽ വഴക്കുകൂടുന്നതെങ്ങനെയെന്ന് കാണിച്ചുതരാം"

"ആകട്ടെ. കാണട്ടെ"

അവരിൽ രണ്ടുപേരോട് ഒരു മേശയുടെ രണ്ടുവശത്തായി നിൽക്കാൻ പറഞ്ഞു. ഒരു കൊട്ട മേശപ്പുറത്ത് വെയ്ക്കണം. ഒരു വശത്തെയാൾ പറയണം, ആ കൊട്ട എന്റെയാണ് എന്ന്. അപ്പോൾ വളരെ ഉച്ചത്തിൽ വീറോടെ മറ്റേയാൾ പറയണം, നിന്റെയല്ല; എന്റെ ആണ് എന്ന്. അപ്പോൾ വഴക്കുണ്ടാകും.

ദയറായിലെ രണ്ടുപേർ നിന്നു. കൊട്ടവെച്ചു. ഒരാൾ പറഞ്ഞു: ആ കൊട്ട എന്റെയാണ്. ഉടനെ മറ്റേയാൾ പറഞ്ഞു: നിന്റെയാണെങ്കിൽ നീ എടുത്തോളൂ:

ഉടനെ ചന്തയിൽ പോയിവന്നവർ പറഞ്ഞു: അങ്ങനെ പറഞ്ഞാൽ വഴക്കുണ്ടാവുകയില്ല. എന്റെയാണ് എന്ന് ഒരാൾ പറയുമ്പോൾ, നിന്റെയല്ല, എന്റെയാണ് എന്ന് മറ്റേയാൾ പറയണം. എങ്കിലേ വഴക്കുണ്ടാകൂ.

ശരി, ഒരു പ്രാവശ്യം കൂടെ നോക്കാം.

ഒരാൾ പറഞ്ഞു. നല്ല ശക്തിയോടെ തന്നെ തറപ്പിച്ചു പറഞ്ഞു: ആ കൊട്ട എന്റെയാണ്. ഉടനെ മറ്റേയാൾ പറഞ്ഞു: നിന്റെയാണെങ്കിൽ നീ എടുത്തോ.

സ്വാഭാവികമായ പ്രതികരണമാണത്. ക്രിസ്തു ക്രൂശിൽ കാണിച്ചു തന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും ത്യാഗ ത്തിന്റെയും പാതയായിരുന്നു പൂർവ്വിക പുണ്യപിതാക്കന്മാരുടേത്. ആ നിലവാരത്തിലേക്ക് നമുക്ക് മടങ്ങിപ്പോകാം. നമുക്കിന്നാവശ്യം നവീകരണമല്ല, പൂർവ്വീകരണമാണ്. ആ പൂർവ്വികവിശ്വാസത്തി ലേക്കും പിതാക്കന്മാരുടെ വിശുദ്ധിയുടെ പാരമ്പര്യത്തി ലേക്കും നമുക്ക് മടങ്ങിപ്പോകാം.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| മൂന്നാം ഞായറാഴ്ച | 12.30 PM - 5.00 PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00 PM - 8.00 PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.30 AM - 1.00 PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00 PM - 8.00 PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30 AM – 9.00 PM | |